KOTTAYAM PUBLIC LIBRARY

Call No MFa Acc. No 13610

Author രാമചന്ദ്രൻ പി.വി

Title ശക്തൻ തമ്പുരാൻ

# ...ത്തൻ തമ്പുരാൻ.

(ഒരു ചരിത്രാഖ്യായിക)

---

13610

ഗ്രന്ഥകർത്താ:

...ഠാൻ പി. വി. രാമവാരിയർ.

---

പ്രസാധകന്മാർ:

...കെ. ബ്രദേർസ്, കോഴിക്കോട്

---

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

[വില: 1—0—0

FIRST EDITION

COPYRIGHT TO PUBLISHERS.

MF2

**Regd. Publishers:**

P. K. BROTHERS, CALICU

**Regd. No. 66.**

PRINTED AT

THE ARUNODAYAM PRESS,

**WADAKANCHERY.**

# കാരണം

ഏററവുമധികം ഹൃദയാകർഷകമായ ഒരു കാലഘട്ടമുണ്ടു്, കൊച്ചിരാജ്യത്തിൻെറ ചരിത്രത്തിൽ; ഏററവുമധികം അനുകരണീയമായ ഒരു ഭരണഘടനയുണ്ടു്, കൊച്ചിരാജ്യത്തിൻെറ ചരിത്രത്തിൽ; അതു് ശക്തൻ തമ്പുരാൻെറ കാലഘട്ടമാണു്. കൊച്ചിയെ ഒരു രാജ്യമാക്കിതീർത്തതും, ആ രാജ്യത്തിന്നു് ഒരു വ്യവസ്ഥാപിതമായ ഭരണഘട്ടം നിർമ്മിച്ചതും ശക്തൻതമ്പുരാനാണു്. ഇന്നു് കൊച്ചിരാജ്യമില്ല, അതു് തിരുവിതാംകൂറിൽ ലയിച്ചു് ഇന്ത്യൻ യൂണിയൻെറ ഒരു ഘടകം മാത്രമായി മാറിയിരിക്കയാണു്. എന്തു് മാററം വന്നാലും, എന്തു് പരിവർത്തനം വന്നാലും കൊച്ചിയ്ക്കുമുണ്ടു് ഒരു ചരിത്രം. ആ ചരിത്രം സൃഷ്ടിച്ച ആദ്യത്തെ ശക്തൻ തമ്പുരാനാണു് ശ്രീ. രാമവർമ്മത്തമ്പുരാൻ. ആ പൊന്നുതിരുമേനിയുടെ നാമശ്രവണമാത്രയിൽ ഏതൊരു കൊച്ചിക്കാരൻെറ ഹൃദയമാണു് പുളകം കൊള്ളാത്തതു്.

1949 ജൂലായി 1-ാംനു- എൻെറ ഹൃദയം ബൃഹത്തായ ഒരു രാഷ്ട്രീയ ഭാവനയിൽ അഭിമാനിയ്ക്കുകയും തുടർന്നുകൊണ്ടുണ്ടായ അനുഭവങ്ങളുടെ അടിയേററു് എൻെറ ഹൃദയം കഠിനകഠിനം വ്യസനിക്കുകയും ചെയ്തിട്ടുണ്ടു്. അപ്പോഴാണു് ചരിത്രത്തിൻെറ ചില ഏടുകൾ മറിച്ചുനോക്കുകയും അവിടെ മഹനീയങ്ങളായ ചില രംഗങ്ങൾ, ചില

അദ്ധ്യായങ്ങൾ കാണ്മാൻ സാധിക്കുകയും ചെയ്തു. അതിന്റെ സവിശേഷതയ്ക്കു ചുററും ഞാൻ ഒന്നു പറന്നു നടന്നു, തൃശ്ശിവപേരൂർ കോവിലകത്തിന്റെ ഗോപുരവും കടന്നു, തെക്കേ പറമ്പിൽ മാർബ്ബിൾകല്ലുകൾകൊണ്ടു നിർമ്മിച്ചിരിക്കുന്ന ശവക്കല്ലറയ്ക്കുമുമ്പിൽ എന്റെ മനസ്സ് നിശ്ചലധ്യാനനിരതമായി അങ്ങിനെനിന്നു. അതിന്നകത്ത് അന്ത്യവിശ്രമം കൊള്ളുന്ന ആ വീരപരാക്രമിയുടെ പുണ്യചരിത്രം ഒരു ചലച്ചിത്രംപോലെ എന്റെ കൺമുന്നിൽക്കൂടെ അങ്ങിനെ പായുവാൻ തുടങ്ങി. അപ്പോൾ ആ ചിതാഭസ്മത്തിന്നുമുന്നിൽ സ്വന്തം കൈകൊണ്ടു ഒരു പുഷ്പവുത്തു് അപ്പിക്കണമെന്നു് തോന്നി.

രാഷ്ട്രീയാന്തരീക്ഷത്തിലും ചരിത്രവിദ്യാത്ഥികളുടെയിടയിലും ചില ഭിന്നാഭിപ്രായങ്ങളുള്ള ഒരു ചരിത്രപുരുഷനാണു് ശക്തൻതമ്പുരാൻ. എന്നാൽ ആവക തെററിദ്ധാരണകളെ പാടെ അടിച്ചുതുടയ്ക്കാൻ, നിശ്ശേഷം നിമ്മാജ്ജനം ചെയ്യുവാൻ ശ്രീമാൻ പുത്തേഴത്തു് രാമമേനവന്റെ "ശക്തൻതമ്പുരാൻ" എന്ന പുസ്തകം തികച്ചും പയ്യാപ്തമാണു്. പക്ഷെ അഞ്ചുറുപ്പിക വിലയും 755 പേജുകളുമുള്ള ആ വലിയ പുസ്തകം വിദ്യാത്ഥികളുടെയിടയിൽ ഒരു ടക്സ്റ്റാക്കുന്നതിന്നും ഒരു സാധാരണക്കാരന്നു വാങ്ങി വായിക്കുവാനും വിഷമതകൾ പലതും ഉണ്ടല്ലൊ. എന്റെ ഈ പുസ്തകം ആവക വിഷമതകളൊന്നും കൂടാതെ എല്ലാവക്കും വാങ്ങി വായിക്കുവാനുള്ള സൌകയ്യം നല്കുന്നുണ്ടു്. കായ്യങ്ങളെ കഴിയുന്നതും ഭംഗിയായി സംഗ്രഹിച്ചു്,

പ്രതിപാദിച്ചിരിക്കയാണു് ഞാൻ ചെയ്തിരിക്കുന്നതു്. ധീരവീരപരാക്രമിയായ ഒരു ശക്തൻരാജാവിൻെറ "രാമരാജ്യം" സ്ഥാപിക്കുവാനുള്ള ആദൎശഭൂതവും അനുകരണീയവുമായ ഒരു ജീവചരിത്രം വിദ്യാൎത്ഥികൾക്കും മററും ഹൃദ്യമാകത്തക്കവണ്ണം സംഗ്രഹിക്കുവാൻ എനിക്കു സാധിച്ചിട്ടുണ്ടോ എന്നു ഞാനല്ലല്ലൊ വിധി പറയുവാൻ.

വടക്കാഞ്ചേരി,
3—9—1951.

**പി. വി. രാമവാരിയർ.**

# വിഷയവിവരം.


| | |
|---|---|
| കാടും പടലും | 5 |
| ജനനം | 10 |
| വിദ്യാഭ്യാസം | 17 |
| പ്രതിപുരുഷൻ | 26 |
| രാജ്യപ്രാപ്തി | 32 |
| രാജ്യരക്ഷ | 38 |
| പഞ്ചവഷ്പദ്ധതി | 43 |
| ഭരണനീതി | 52 |
| ധാർമ്മികബോധം | 64 |
| ദാമ്പത്യം | 72 |
| സാഹിത്യസേവനം | 74 |
| വിനോദങ്ങൾ | 87 |
| പണിക്കർ കപ്പിത്താൻ | 90 |
| വിളക്കണെയുന്നു | 96 |

# ശക്തൻ തമ്പുരാൻ

## കാടും പടലും

കൊച്ചിരാജ്യത്തിൻെറ ഹൃദയമായ തൃശ്ശിവപേരൂരിൽ രണ്ടു പുണ്യക്ഷേത്രങ്ങളുണ്ടു്. ഒന്നു് സാക്ഷാൽ വടക്കുന്നാഥക്ഷേത്രവും, മററേതു് ശക്തൻതമ്പുരാൻെറ ശവകുടീരവും. വായനക്കാരെ! വരൂ, നമുക്കു് ആ ശവക്കല്ലറയിൽ അന്ത്യവിശ്രമംകൊള്ളുന്ന ആ പുണ്യാത്മാവിനെ ഒന്നു പ്രദക്ഷിണം ചെയ്യുക. ആ ശവക്കല്ലറയുടെ വെൺഭിത്തികളിൽ അദ്ദേഹത്തിൻെറ ജീവചരിത്രം കൊത്തിയിരിക്കുന്നതു് നിങ്ങൾക്കു ഭാവനയിൽക്കൂടെ കാണ്മാൻ സാധിക്കും. അക്ഷരങ്ങൾ അവ്യക്തങ്ങളാണെങ്കിലും ഞാൻ നിങ്ങളെ വായിച്ചു കേൾപ്പിക്കാം.

സന്താനസമ്പത്തുകൊണ്ടു് സമൃദ്ധമായ ഒരു കുടുംബമാണു് കൊച്ചി രാജവംശം. ഈ വംശമഹാനദി ആരംഭിച്ചതു് ഏതു് ഐശ്വര്യമുള്ള പർവ്വതഗഹ്വരത്തിൽനിന്നാണെന്നും, അതിൻെറ കൈവഴികൾ ഏതെല്ലാം ദിക്കിലേ-

യ്യും പിരിഞ്ഞുപോയിട്ടുണ്ടെന്നും, അതിൽ ഏതെല്ലാം പോഷകനദികൾ വന്നുചേൎന്നിട്ടുണ്ടെന്നും നമുക്ക് അത്ര കാൎയ്യമായി ചിന്തിക്കേണ്ട ആവശ്യം ഇപ്പോൾ ഇല്ല. അത് വളരെ പ്രയാസമാൎന്ന ഒരു കാൎയ്യമാണ്. കുടുംബത്തിൽ സന്താനങ്ങൾ ഇല്ലാതെ വരുമ്പോൾ പല തവണയും ദത്തെടുത്തതായി ചരിത്രം രേഖപ്പെടുത്തീട്ടുണ്ട്. അവസാനത്തെ ദത്ത് ചാഴൂർ കോവിലകത്തുനിന്നാണെന്നു വേണം കരുതുവാൻ. ചാഴൂർ കോവിലകക്കാർ ഇന്നും ഈ രാജകുടുംബാംഗങ്ങളുടെ ഒരടുത്ത താവഴിക്കാരാണ്. ഇതുപോലെത്തന്നെ മറെറാരു അടുത്ത ചാൎച്ചക്കാരാണ് വെള്ളാരപ്പിള്ളി കോവിലകക്കാരും. ഇവരെല്ലാവരും അന്യോന്യം "പത്തും പുലക്കാർ" ആണ്. പത്തും പുലക്കാർ എന്നു പറഞ്ഞാൽ അടുത്ത കുടുംബക്കാർ എന്നോ താല്പൎയ്യമുള്ളു.

*　　　*　　　*　　　*

സൂൎയ്യവംശ ജാതന്മാരാണ് കൊച്ചി രാജാക്കന്മാർ. ശ്രീരാമൻെറ മക്കളായ ലവകുശന്മാരിൽ ലവൻെറ സന്താനങ്ങളിൽപ്പെട്ട ഒരു രാജാവിനെ തൃപ്പൂണിത്തുറയിൽ കൊണ്ടുവന്ന് കേരളരാജാവായി വാഴിച്ചു എന്നും, ആ രാജാവിൻെറ സന്താനപരമ്പരയാണ് ഇന്നത്തെ കൊച്ചി രാജകുടുംബം എന്നും ഒരു ഐതിഹ്യമുണ്ട്. ഇതിൽ ചരിത്രത്തിൻെറ യാഥാൎത്ഥ്യം എത്രകണ്ടുണ്ടെന്ന് അറിഞ്ഞുകൂട. ഏതായാലും തങ്ങൾ സൂൎയ്യവംശജാതന്മാരായ അസ്സൽ ക്ഷത്രിയന്മാരാണെന്ന് ഇന്നും അവർ വിശ്വസിക്കുകയും അഭി-

മാനിക്കുകയും ചെയ്യുന്നുണ്ട്. ഇവിടത്തെ പുരുഷസന്താനങ്ങളിൽ സുലഭമായി കണ്ടുവരുന്ന "രാമവമ്മ" എന്ന പേരു് ആ രഘുകുലസ്മരണയെ നിലനിത്തുന്നതിനാണത്രെ. സൂൎയ്യവംശമായാലും ചന്ദ്രവംശമായാലും ഇവർ അസ്സൽ ക്ഷത്രിയന്മാരാണെന്നുള്ളതിന്നു് മററനേകം തെളിവുകളുണ്ടു്.

* * * *

ഞാൻ ആദ്യമേ സൂചിപ്പിച്ചിട്ടുണ്ടു്, പലേ താവഴികളിൽനിന്നും ഈ കുടുംബത്തിലേയ്ക്കു് ദത്തു് എടുത്തിട്ടുണ്ടെന്നു്. ആ താവഴികളുടെ ഒരു പട്ടികയൊ ഒരു ചരിത്രമൊ ഇവിടെ നല്കുന്നതു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ദത്തെടുക്കേണ്ട ആവശ്യം വരുമ്പോഴും ഓരോ താവഴിക്കാരും തമ്മിൽ വഴക്കും വക്കാണവും പതിവായിരുന്നു. രാജകുടുംബങ്ങളിലുള്ള ഈ "തൊഴുത്തിൽക്കുത്തു്" വിദേശീയരായ ഡച്ചുകാൎക്കു് ഇവിടങ്ങളിൽ കാലൂന്നിനില്ക്കുവാനുള്ള ഒരവസരമാക്കി. മാത്രമല്ല നാട്ടിലെ ഇടപ്രഭുക്കന്മാരും മാടമ്പിമാരും ഈ അവസരം പാഴാക്കിയില്ല. വഴക്കുണ്ടാക്കുന്ന താവഴിയുടെ ഭാഗം ചേൎന്നുനിന്നു് അവർ നാടൊട്ടുക്കു കലാപങ്ങളും കുഴപ്പങ്ങളും സൃഷ്ടിച്ചുകൊണ്ടിരുന്നു; അന്തഃഛിദ്രങ്ങൾക്കും അസമാധാനങ്ങൾക്കും ചൂട്ടുപിടിച്ചിരുന്നു. അതെ, കൂട്ടിന്നകത്തുള്ള രണ്ടാടുകളെ തമ്മിൽ കുട്ടിയിടിപ്പിച്ചു് അവയുടെ നെററിയിൽനിന്നു് ഇററുവീഴുന്ന ചോര നക്കിക്കുടിക്കുവാൻവേണ്ടി തഞ്ചം പാൎത്തിരിക്കുന്ന ചില ഏഷണിക്കുറുക്കന്മാർ എല്ലാ നാട്ടിലും എല്ലാ കാല-

ളും ഉണ്ടാവുക പതിവാണല്ലൊ. പ്രത്യേകിച്ച് ഭാരത ചരിത്രത്തിൽ ഇത്തരം രാജ്യദ്രോഹികളുടെ കളങ്കപങ്കില മായ കരുത്തേടുകൾ സുലഭമാണ്. വീരപുരുഷോത്തമ നോടുള്ള വിദ്വേഷംകൊണ്ടു് സികന്തർ ചക്രവർത്തിക്ക് അ രുനിന്ന അംഭീകൻേറയും പൃത്ഥ്വിരാജനോടുള്ള അസൂയ കൊണ്ടു് സുൽത്താൻ ഗോറിയെ ക്ഷണിച്ചുവരുത്തിയ ജയ ചന്ദ്രൻേറയും നാട്ട് ദൌർഭാഗ്യവശാൽ ഭാരതമായി!

* * * *

1500-നും 1700-നും മദ്ധ്യേ കേരളമൊട്ടുക്ക് ഒരു തരം ഫ്യൂഡൽ ഭരണമാണ് നൃത്തമാടിയിരുന്നതു്. നാ ട്ടിലെ പ്രഭുക്കന്മാരും രാജാവും തമ്മിൽ ഒരു സന്ധിയിൽ ഏർപ്പെട്ടു് ആ സന്ധിവ്യവസ്ഥയനുസരിച്ച് ഭരണം നട ത്തുന്ന സമ്പ്രദായത്തിന്നാണല്ലൊ "ഫ്യൂഡലിസം" എന്നു പേർ വിളിക്കുന്നതു്. ഇതിൽ പ്രഭുക്കന്മാർക്കു പ്രതാപവും ശക്തിയും വദ്ധിക്കുകയും രാജാവിൻെറ ശക്തി കുറയുകയും ചെയ്യുമ്പോൾ ഫ്യൂഡലിസത്തിന്ന് ഏററക്കുറവുകൾ ഉ ണ്ടാവുന്നു. ഈ അവസരത്തിലാണ് പുറമെനിന്നുള്ള ശ ത്രുക്കൾ രാജ്യത്തിൽ കടന്നുകൂടുന്നതു്. കൊച്ചിരാജ്യം ഇ ത്തരം ഒരു പരിതഃസ്ഥിതിയിൽപെട്ടു് ഞെങ്ങിഞെരുങ്ങു ന്ന കാലത്തു് തെക്കുനിന്നു വീരമാർത്താണ്ഡവമ്മയുടെ ചാ ഞ്ഞുകയററവും വടക്കുനിന്നു സാമൂതിരിയുടെ എടുത്തുചാട്ട വും കൊച്ചിയെ മുറിപ്പെടുത്തി. പോരെങ്കിൽ കൊച്ചിയി ലുള്ള മാടമ്പിമാരുടെ തൊഴുത്തിൽക്കുത്തു് ഡച്ചുകാർക്ക് ഒരു

ക്ഷണനവും കൂടിയായി. അവരും കൊച്ചിയിൽ കടന്നുകൂടി. അസ്വാസ്ഥ്യങ്ങളുടെ നടുവിൽ, മരണത്തിൻെറ ശപാസംമുട്ടലിൽ തൻെറ കത്തവ്യം എന്തെന്ന് അന്നത്തെ മഹാരാജാവു വിസ്മരിച്ചില്ല. ഏതെങ്കിലും ഒരു കൂട്ടരുമായുള്ള സന്ധി അനിവാര്യമാണെന്ന് അനുഭവപ്പെട്ടു. ഈ സന്ധി സാമൂതിരിയായിട്ട് വേണമൊ വീരമാത്താണ്ഡനായിട്ടുവേണമൊ എന്നൊരു പ്രശ്നം മാത്രം. തൊട്ട അയൽരാജ്യമായ തിരുവിതാംകൂറായിട്ടാണ് സന്ധി യുക്തം എന്ന് അദ്ദേഹത്തിന്നു തോന്നി. അങ്ങിനെ കൊച്ചിയും തിരുവിതാംകൂറുമായി സന്ധിയിൽ ഒപ്പുവെച്ചു.

എന്നാൽ സന്ധിയ്ക്കു ശേഷവും നാട്ടിലെ കലാപങ്ങൾക്കും, കുഴപ്പങ്ങൾക്കും ഒരവുതിയുണ്ടായില്ല. രാജാവിന്നു പിന്നേയും വിഷമതകളോട് മല്ലിടേണ്ടിവന്നു. അന്തഃഛിദ്രത്തിൻെറ അഗ്നി നീറി നീറി പിടിച്ചുകൊണ്ടിരുന്നു. ഭരണകൂടം കാടും പടലും പിടിച്ചുകൊണ്ടേയിരുന്നു. കാട് വെട്ടിതെളിയിപ്പാൻ കെല്പുള്ള ഒരു ശക്തനുണ്ടായിരുന്നില്ല. ഭരണകൂടത്തിൻെറ ആ കാളവണ്ടി കുന്ന് കയറിയും, കുണ്ടു് ഇറങ്ങിയും, ചളിയിൽ പൂഴ്ന്നും, ചരലിൽ ചതഞ്ഞും അങ്ങിനെ മുമ്പോട്ട് പതുക്കെ പതുക്കെ നീങ്ങിക്കൊണ്ടിരുന്നു.

# ജനനം

കാടും പടലും നിറഞ്ഞ ഒരന്തരീക്ഷത്തിൽക്കൂടെ കൊച്ചിയുടെ ഭരണകൂടം അങ്ങിനെ നീങ്ങിക്കൊണ്ടിരിക്കുമ്പോൾ 926 കർക്കിടകം 10—ാംനു വ്യാഴാഴ്ച പൂയം നക്ഷത്രവും അമാവാസിയുംകൂടിയ സമയത്തു് വെള്ളാരപ്പിള്ളി കോവിലകത്തുവെച്ചു് അംബികത്തമ്പുരാട്ടിയുടെ മൂന്നാമത്തെ സന്താനമായി നമ്മുടെ കഥാനായകൻ ഭൂജാതനായി. ദുർഘടം നിറഞ്ഞ ഒരു ദുർദ്ദിനത്തിലാണു് നമ്മുടെ കഥാനായകൻ ഭൂജാതനായതെങ്കിലും അതിന്റെ പശ്ചാത്തലത്തിൽ കൊച്ചിക്കാരുടെ ഭാഗ്യോദയം നിഴലിച്ചിരുന്നു.

ചാഴൂർ വടക്കേപ്പാട്ടു് താവഴിയിൽനിന്നു് ദത്തെടുത്ത രണ്ടു സ്ത്രീസന്താനങ്ങളിൽ രണ്ടാമത്തെ സ്ത്രീയുടെ സന്താനമായിരുന്നു അംബികത്തമ്പുരാട്ടി. ചേന്ദമംഗലത്തു ഇല്ലത്തെ അനുജൻ നമ്പൂതിരിപ്പാടായിരുന്നു ഇവരുടെ ഭർത്താവു്. ചേന്ദമംഗലത്തു് ഇല്ലക്കാർക്കു കോവിലകത്തെ പൌരോഹിത്യമുണ്ടായിരുന്നതുകൊണ്ടു് അനുജൻ നമ്പൂതിരിപ്പാട്ടു് അവിടെ നിത്യനായിരുന്നു. ആ നിത്യത അദ്ദേഹത്തെ അവിടത്തെ "ഇരുപ്പുകാ*"രനാക്കിത്തീർത്തു. അനുജൻ നമ്പൂതിരിപ്പാട്ടു് ഒരു ദിവ്യനും മന്ത്രതന്ത്രങ്ങളെ ഉരു

---

* കോവിലകങ്ങളിലെ നമ്പൂതിരി സംബന്ധക്കാർക്കു് ഇരുപ്പുകാർ എന്നൊരു പേരുണ്ടു്.

വിട്ട് സിദ്ധി വരുത്തിയിട്ടുള്ള ഒരു യോഗ്യനും ഈശ്വരഭക്തനുമായിരുന്നു. അദ്ദേഹത്തിൻെറ മുഖത്ത് ഒരു ബ്രഹ്മതേജസ്സ് ഉദിച്ചുകൊണ്ടിരുന്നു. മനുഷ്യർക്കു നേരിടുന്ന ഏതു ദുരിതങ്ങളേയും ഈശ്വരപ്രീതികൊണ്ടു് അകററുവാൻ സാധിക്കുമെന്ന് വിശ്വസിക്കുന്ന ഒരു പുണ്യാത്മാവുകൂടിയായിരുന്നു നമ്മുടെ കഥാനായകൻെറ പിതാവ്.

*　　　*　　　*　　　*

കർക്കിടകത്തിലെ കറുത്തവാവ്, രാത്രിസമയം, ക്രൂരാക്രൂരിരുട്ട്, കാർമേഘ പടലങ്ങളാൽ ആവൃതമായ അന്തരീക്ഷം, തിരിമുറിയാതെ പെയ്തുകൊണ്ടിരിക്കുന്ന പേമാരി,— ഇങ്ങിനെ എല്ലാ അശുഭങ്ങളും കേന്ദ്രീകരിച്ച ഒരു "ശുഭമുഹൂൎത്ത"ത്തിങ്കലാണ് കൊച്ചിരാജ്യത്തിൻെറ ചരിത്രത്തിൽ ഒരു സുവൎണ്ണകാലഘട്ടം കുറിക്കുവാനുള്ള ഒരു "ശക്ത"നുണ്ണി പിറന്നത്. ഉണ്ണിയുടെ ജാതകം കോവിലകത്തുള്ളവരെ പരിഭ്രമിപ്പിച്ചു. അമ്മ അത്യധികം വ്യസനിച്ചു. എന്നാൽ ഈശ്വരഭക്തനായ അച്ഛൻനമ്പൂതിരിക്കു മാത്രം ഇക്കാൎയ്യത്തിൽ പരിഭ്രമമുണ്ടായില്ല. ലോകത്തിൽ നടക്കുന്ന എല്ലാ സംഭവവികാസങ്ങളിലും ഈശ്വരൻെറ കയ്യുണ്ടെന്ന് കരുതിപ്പോന്നിരുന്ന അച്ഛൻനമ്പൂതിരി, തൻെറ പുത്രൻെറ ജനനത്തിലും ഏതോ ഒരു ഈശ്വരേച്ഛ മറഞ്ഞു കിടപ്പുണ്ടെന്ന് ആത്മാൎത്ഥമായി വിശ്വസിച്ച് സമാധാനിക്കയും സന്തോഷിക്കയും ചെയ്തു. ദൈവം അനുഗ്രഹിച്ചു നല്കുന്നതെന്തും നാം സസന്തോഷം സ്വീകരിക്കണമെന്ന് അദ്ദേഹം

മററുള്ളവരോട് ഉപദേശിക്കയുംചെയ്തു. ഉണ്ണിയുടെ ജനനം വരുവാനിരിക്കുന്ന ഒരു മഹാഭാഗ്യത്തിൻെറ സൂചനയാണെന്നും അദ്ദേഹം പറയാതിരുന്നില്ല. അതെ, പുണ്യാത്മാക്കളുടെ വാക്ക പലപ്പോഴും ദൈവജ്ഞന്മാരുടെ പ്രവചനംപോലെ സത്യമായി വരാറുണ്ടല്ലോ. അച്ഛൻനമ്പൂതിരി പറഞ്ഞതുപോലെ, വരാനിരിക്കുന്ന ഭാഗ്യത്തിൻെറ നാന്ദിയായിരുന്നു ശക്തനുണ്ണിയുടെ ജനനം എന്ന് അദ്ദേഹത്തിൻെറ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

എന്നാലും ഉണ്ണിയുടെ ജനനസമയത്തെ കുറിച്ചുള്ള ഉൽക്കകൾ പിന്നേയും കോവിലകത്തിന്നുള്ളിൽ ചുററിപ്പററി പറന്നുകൊണ്ടിരുന്നു. അമ്മയുടെ ചിത്തവിചാരങ്ങൾ കനംപിടിച്ചു വന്നുകൊണ്ടിരുന്നു. അതിന്നിടയ്ക്ക് ഒരതിശയസംഭവം ഉണ്ടായി. വെള്ളാരപ്പിള്ളി പുതിയേടത്തു ക്ഷേത്രത്തിൽ ഒരുദിവസം ഒരു യോഗീശ്വരൻ പ്രത്യക്ഷപ്പെട്ടു. സാധാരണ ഉദരംഭരികളായ കാവിവസ്ത്രക്കാരെപോലെയല്ലായിരുന്നു അദ്ദേഹം. കാഴ്ചയ്ക്കുതന്നെ ഒരു ദിവ്യതേജം മുഖത്തു് സ്ഫുരിച്ചിരുന്നു; ആത്മജ്ഞാനം സിദ്ധിച്ച ഒരു യതീശ്വരൻെറ സന്തോഷം അദ്ദേഹത്തിൻെറ മുഖത്തുനിന്നു പ്രകാശിച്ചുകൊണ്ടിരുന്നു. ഇത്തരം യതിപുംഗവന്മാർ അന്ന് വിരളമായിരുന്നു. ഇന്നോ? ഇല്ലെന്നുതന്നെ പറയാം.

പുതിയേടത്തു് ക്ഷേത്രത്തിൽ യോഗ്യനായ ഒരു സന്യാസി വന്നിട്ടുണ്ടെന്നും അദ്ദേഹം എല്ലാവരുടേയും അഭീഷ്ടം സാധിപ്പിച്ചു കൊടുക്കുന്നുണ്ടെന്നും ഒരു വാത്ത കാട്ടു

തീപോലെ നാട്ടിലൊട്ടുക്കു പരന്നു. കേട്ടുകേൾപ്പിച്ച് കോവിലകത്തും യോഗിയാരെപ്പററി സംസാരമായി. ഉണ്ണിത്തമ്പുരാനെക്കുറിച്ചുള്ള ദുശ്ശങ്കകൾ യോഗിയാരെ അറിയിച്ച് അനുഗ്രഹം വാങ്ങണമെന്ന് അമ്മത്തമ്പുരാട്ടിയ്ക്കു ആശയായി. പിന്നെ താമസമുണ്ടായില്ല, ഒരു ദൂതൻ യോഗിയാരെ കണ്ടുവന്ദിച്ചു എല്ലാ കഥകളും അറിയിച്ചു. അദ്ദേഹം കുറെ പൂവും വെള്ളവും എടുത്ത് ജപിച്ച് വന്നാൾ വശം കൊടുത്ത് പറഞ്ഞു, ഈ പുഷ്പം ഉണ്ണിത്തമ്പുരാൻെറ പള്ളിക്കിടക്കയ്ക്കു ചുവട്ടിൽ വെയ്ക്കുകയും തീർത്ഥം ശരീരത്തിൽ തളിക്കുകയും ചെയ്താൽ ലഗ്നത്തെ ബാധിച്ചിരിക്കുന്ന എല്ലാ പാപഗ്രഹങ്ങളും പാഞ്ഞുപോകും എന്ന്. അമ്മത്തമ്പുരാട്ടി അതുപ്രകാരം ചെയ്തു എന്നും പറഞ്ഞുകേൾക്കുന്നുണ്ട്. അച്ഛൻ നമ്പൂതിരിക്കും ആ യോഗിയാരെ കണ്ടു ഉണ്ണിയുടെ ജാതകത്തെപ്പററി ചിലത് ചോദിച്ചറിയുവാനുണ്ടായി. ഒരു പ്രസിദ്ധ ജ്യോത്സ്യനെക്കൊണ്ട് ഉണ്ണിയുടെ ജാതകം എഴുതിച്ചിട്ടുണ്ടായിരുന്നു. പക്ഷെ, അദ്ദേഹത്തിന്ന് യോഗിയാരെ നേരിട്ടുകാണ്മാൻ സാധിച്ചില്ല. യോഗിയാർ സ്ഥലം വിട്ടുകഴിഞ്ഞിരുന്നു. അതെ, ദിവ്യന്മാരുടെ വരവും പോക്കും ആരുമാരുമറിയാതെയാണല്ലൊ.

യോഗിയാരെ കാണ്മാൻ സാധിക്കാത്തതിൽ അച്ഛൻ നമ്പൂതിരിക്ക് ഇച്ഛാഭംഗമായി. അദ്ദേഹം മനസ്താപപ്പെട്ടു. ഇത് ഉണ്ണിയുടെ ദുർജ്ജാതകഫലമാണൊ എന്നൊരു ശങ്കകൂടി അച്ഛൻനമ്പൂതിരിയെ പിടികൂടാതിരുന്നില്ല. അതുകൊണ്ട് സാക്ഷാൽ പാഴൂർ കണിയാരെ കൊണ്ടുതന്നെ

ഉണ്ണിയുടെ ജാതകം പരിശോധിപ്പിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. ഒരു നല്ല ദിവസം നോക്കി ഉണ്ണിയുടെ "തലക്കുറി"യുമായി അച്ഛൻ നമ്പൂതിരി അങ്ങോട്ട് തിരിച്ചു.

അന്ന് പാഴൂർ കണിയാരുടെ വീട്ടിൽ അതിയോഗ്യനായ ഒരു കണിയാരുണ്ടായിരുന്നു. അച്ഛൻ നമ്പൂതിരിയുടെ വരവുണ്ടെന്ന് കണിയാർക്ക് ദൂതലക്ഷണങ്ങൾ ഉണ്ടായി. ദൂതലക്ഷണത്തെ അടിസ്ഥാനപ്പെടുത്തി അയാൾ ഉണ്ണിയുടെ ജാതകം കുറിച്ചുവച്ചു. കുറച്ച് സമയം കഴിഞ്ഞപ്പോൾ അച്ഛൻനമ്പൂതിരിയും വന്നുകയറി. അദ്ദേഹം വന്ന് കയറിയപ്പോൾ തന്നെ കണിയാർ ഇങ്ങനെ പറഞ്ഞുവത്രെ:—"മടിയിലത്തെ, ആ രണ്ടും അങ്ങ് കളഞ്ഞേയ്ക്കൂ. അവ രണ്ടും കെട്ടതാണ്."

ഇതു കേട്ടപ്പോൾ നമ്പൂതിരിക്ക് അത്ഭുതം തോന്നി. ഒന്നു പരീക്ഷിയ്ക്കുവാൻവേണ്ടി, "ഇത് ഇത്തിരി മുറുക്കാനം പുത്തനുമാണ്. കളഞ്ഞാലൊ" എന്നായി അദ്ദേഹം.

"അതല്ല, ഉണ്ണിത്തമ്പുരാൻെറ രണ്ടു ജാതകങ്ങൾ ഇല്ലെ, അതു രണ്ടും കളയണം" കണിയാർ സ്പഷ്ടമാക്കി. "തമ്പുരാന് കാലത്തിന്നുമുമ്പ് മുപ്പുകിട്ടും. പോരെ?"

അച്ഛൻ നമ്പൂതിരിക്ക തൃപ്തിയായില്ല. "എന്നാലും ഒന്നു പരിശോധിക്കേണ്ടയോ?" അദ്ദേഹം വിട്ടില്ല. "കറുത്ത വാവും കരിമ്പൂയവുമല്ലെ? നന്നെ ഭയമുണ്ട്."

"ഭയപ്പെടാനില്ല—യോഗിയാരുടെ വെള്ളപ്പുഷ്പം ഉണ്ണിയുടെ കറുപ്പെല്ലാം നീക്കിയിരിക്കുന്നു. ഉണ്ണി യോഗ്യനാകും, പോരെ."

"എന്നാലും ഒന്നു ചിന്തിക്കണം എന്നു കരുതിയാണു് ഇങ്ങോട്ടു പുറപ്പെട്ടതു്." അച്ഛൻ നമ്പൂതിരി ചടഞ്ഞുകൂടി.

"ഞാനെല്ലാം ചിന്തിച്ചിട്ടുണ്ടു്." കണിയാർ തുടൎന്നു:- "ഉണ്ണി ശക്തനും, യശസ്വിയും, പരാക്രമിയുമായി രാജ്യം ഭരിക്കും."

"അപ്പോൾ ദോഷഭാഗങ്ങളൊ?"

"നിർബ്ബന്ധമാണെങ്കിൽ പറയാം. മദ്ധ്യായുസ്സേയുള്ളു. മാതൃകാരകൻ നീചസ്ഥനാണു്. പിതാവിന്നു ലഗ്നത്തിന്റെ ഭാഗ്യോദയംവരെ ആയുസ്സില്ല. ഇതൊക്കെ സാധാരണ ദോഷങ്ങൾ മാത്രം. എന്തായാലും ലഗ്നം ഈശ്വരാധീനം തികഞ്ഞതാണു്. ഗോബ്രാഹ്മണരക്ഷാചതുരനായി സമ്പൽസൽകീൎത്തിയോടുകൂടി രാജ്യം ഭരിക്കും."

നമ്പൂതിരിപ്പാടാകട്ടെ, അത്ഭുതപരതന്ത്രനായി കുറച്ചുനേരംകൂടി അവിടെ താമസിച്ചു. പിന്നെ, കണിയാരെ യഥാവിധി സമ്മാനിച്ചു തിരിച്ചുപോന്നു. ഉണ്ണിയുടെ ദോഷഭാഗങ്ങളെക്കുറിച്ചുള്ള ചിന്ത അദ്ദേഹത്തെ അലട്ടാതിരുന്നില്ല. പക്ഷെ, വിവേകിയായ അദ്ദേഹം എല്ലാം ഈശ്വരേച്ഛപോലെ വരട്ടെ എന്നു് സമാധാനിച്ചു. കോവിലകത്തു് വന്നു് ഉണ്ണിയുടെ ജാതകവിശേഷത്തെപ്പററി എല്ലാവരേയും പറഞ്ഞുകേൾപ്പിച്ചു. പക്ഷെ, മാതാപിതാക്കന്മാൎക്കു വരാനിരിക്കുന്ന അരിഷ്ടം മാത്രം പറഞ്ഞില്ല. പിന്നീടു് അച്ഛൻനമ്പൂതിരി ഉണ്ണിയുടെ ദീൎഘായുസ്സിന്നായി മൃത്യുഞ്ജയഹോമം, തിലഹോമം മുതലായ കൎമ്മങ്ങളും

ദാനാദി സല്കൎമ്മങ്ങളും ചെയ്തും ചെയ്യിച്ചും ഈശ്വരധ്യാന ത്തിൽ നിരതനായി കാലം കഴിച്ചുകൂട്ടുവാൻ തുടങ്ങി.

യഥാസമയം ഉണ്ണിയുടെ നാമകരണം നടന്നു. രാമവ ൎമ്മൻ എന്നു് ഉണ്ണിയ്ക്കു പേരിട്ടു.

രാമവൎമ്മത്തമ്പുരാന്റെ ജാതകം പരിശോധിച്ച പാഴൂർ കണിയാൻ പറഞ്ഞ പ്രവചനം ഒന്നൊന്നായി അ നുഭവപ്പെട്ടുവാൻ തുടങ്ങി. മാതൃസ്ഥാനാധിപതി ഗുളിക ദൃഷ്ടിയോടുകൂടി നീചസ്ഥിതനായിരിക്കകൊണ്ടു് അമ്മ ചെ റുപ്പത്തിൽ തന്നെ കാലഗതിയടയുവാൻ കാരണങ്ങളുണ്ടെ ന്നു് പറഞ്ഞതു് രാമവൎമ്മന്നു് ഏതാണ്ടു് ഒരു വയസ്സാകു ന്നതിന്നുമുമ്പുതന്നെ അനുഭവപ്പെട്ടു. പിന്നെ ചിററമ്മ യുടെ ശുശ്രൂഷയിലാണു് രാമവൎമ്മൻ വളൎന്നുവന്നതു്. ക ണ്ണിന്നു് കൌതുകകരങ്ങളായ ഉണ്ണിയുടെ വികൃതിത്തങ്ങളും സരസങ്ങളായ കൊഞ്ചലുകളും ചിററമ്മയെ വല്ലാതെ ആ കൎഷിച്ചു. അവൾ ഉണ്ണിയോടു് ഒരു പ്രത്യേക വാത്സല്യം തോന്നി. അപ്പോൾ ചിററമ്മ പെററമ്മയായി മാറി. സ്വന്തം മാതാവിൽ നിന്നുപോലും അനുഭവിയ്ക്കുവാൻ ഇട യില്ലാത്ത മാതൃലാളനം അനുഭവിക്കുവാൻ രാമവൎമ്മന്നു് ഭാ ഗ്യമുണ്ടായി. മാത്രമല്ല, അമ്മയില്ലാത്ത ഉണ്ണിയാണെന്നു കരുതി മററുള്ളവരും രാമവൎമ്മനെ കൂടുതൽ സ്നേഹവാത്സ ല്യങ്ങളോടെ വളൎത്തികൊണ്ടുവന്നു. ഈ അതിരു കവി ഞ്ഞ ലാളന ബാലനിൽ ഒരു തരം ദുൎവ്വാശിജനിപ്പിച്ചു. എ ന്നാൽ ഉൎവ്വശീശാപം പോലെ ഈ വാശി അദ്ദേഹത്തിനു് ഭാവിയിൽ ഉപകാരമായിത്തീൎന്നു. രാജശാസനകൾ നട പ്പിൽ വരുത്തുന്നതിന്നു് ഇതു് ഉപകരിച്ചിരുന്നു.

# വിദ്യാഭ്യാസം.

താത്വികങ്ങളായ ചില വീക്ഷണകോണുകളിൽ നോക്കുമ്പോൾ കേരളീയരുടെ പ്രാചീന വിദ്യാഭ്യാസസമ്പ്രദായം നല്ലതുതന്നെയായിരുന്നു എന്നു കാണാം. ഗുരുകുലസമ്പ്രദായത്തിന്നു ചില മെച്ചങ്ങളും, മേന്മകളും ഉണ്ടായിരുന്നു എന്ന് ഇന്നത്തെ വിദ്യാഭ്യാസ വിചക്ഷണന്മാർപോലും സമ്മതിക്കും. രണ്ടു വിധത്തിലാണ് ഈ ഗുരുകുലസമ്പ്രദായം നടപ്പിലുണ്ടായിരുന്നതു്. ഗുരുനാഥന്മാരുടെ വസതികളിൽ താമസിച്ചു് വിദ്യാഭ്യാസം ചെയ്യുന്ന രീതിയും ഗുരുനാഥന്മാരെ വിദ്യാർത്ഥികളുടെ വീട്ടിൽ താമസിപ്പിച്ചു് വിദ്യാഭ്യാസം ചെയ്യിക്കുന്ന രീതിയും. ഇതിൽ ഗുരുനാഥന്മാരെ ഗൃഹങ്ങളിൽ താമസിപ്പിച്ചു് കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന രീതി കേവലം രാജകൊട്ടാരങ്ങളിലും, പ്രഭുകുടുംബങ്ങളിലും മാത്രമെ നടപ്പുണ്ടായിരുന്നുള്ളു. അതിന്നുള്ള കഴിവും അവക്കേ ഉണ്ടായിരുന്നുള്ളു. ഈ സമ്പ്രദായം കേരളത്തിൽനിന്നു ഇന്നും പാടെ തേഞ്ഞുമാഞ്ഞുപോയി എന്നു പറഞ്ഞുകൂടാ. അതു് മറെറാരു രൂപത്തിൽ ഇന്നും അവിടവിടെയായി നിഴലിച്ചു കാണ്മാനുണ്ടു്. കൊട്ടാരങ്ങളിലും കോവിലകങ്ങളിലും ജന്മിനമ്പൂതിരിഗൃഹങ്ങളിലും ഈ സമ്പ്രദായം ധാരാളമുണ്ടു്. ശമ്പളം തുച്ഛമാണെങ്കിലും കൊട്ടാരങ്ങളിലെ ഈ സ്ഥാനം ഒരു "പൂജ്യ"മായ തൊഴിലായിട്ടാണ് ആശാന്മാർ കരുതുന്നതു്. ഈ സ്ഥാനം കുടുംബത്തേയ്ക്കു് ഒരു പാരമ്പര്യവുമാണു്.

കുട്ടികളെ എഴുത്തും വായനയും ശീലിപ്പിക്കുന്നതിന്നു പുറമെ സാഹിത്യപരമായും ശാസ്ത്രപരമായും അവരെ പഠിപ്പിക്കണം. ഇതിനെല്ലാം അറിവും കഴിവുമുള്ള ആശാന്മാരായിരിക്കും സാധാരണ കൊട്ടാരം ട്യൂട്ടന്മാർ. കൊച്ചി രാജ്യകുടുംബത്തിൽ ആൺപെൺഭേദമെന്യെ ശാസ്ത്രകാവ്യാലങ്കാരാദികളിൽ പാണ്ഡിത്യം സിദ്ധിച്ച പലരും ഉണ്ടായിട്ടുണ്ട്, ഇന്നും ഉണ്ടുതാനും. കോവിലകങ്ങളിലും നമ്പൂതിരിഗൃഹങ്ങളിലും താമസിക്കുന്ന ഗുരുനാഥന്മാർ സൌകര്യമുള്ളിടത്തോളം അമ്പലവാസികളായിരിക്കണമെന്നൊരു നിർബ്ബന്ധംകൂടി അവർക്കുണ്ടായിരുന്നു. ജാതീയമായ ചില ആചാരങ്ങളെ അടിസ്ഥാനപ്പെടുത്തി മാത്രമായിരുന്നു ഈ നിർബ്ബന്ധം നിലനിർത്തിപ്പോന്നിരുന്നതു്.

അക്കാലത്തു് കല്ലേങ്കരെ പിഷാരത്തെ ഒരു പിഷാരോടിയായിരുന്നു കൊച്ചിരാജകുടുംബത്തിലെ ട്യൂട്ടർ. അദ്ദേഹം വലിയ പണ്ഡിതനും വാഗ്മിയുമായിരുന്നു. കല്ലേങ്കരെ പിഷാരം ഇരിഞ്ഞാലക്കുടയിലാണു്. ഇന്നും ആ കുടുംബക്കാരുണ്ടു്. പണ്ഡിതന്മാരായ സന്താനങ്ങളുണ്ടാവുക എന്നതു് ആ കുടുംബത്തേയ്ക്കു് ഒരനുഗ്രഹമാണു്. "പണ്ഡിതരാജൻ" എന്നു് സ്ഥാനംനേടി ഇന്നു തൃപ്പൂണിത്തുറയിൽ ജീവിച്ചിരിക്കുന്ന കെ. രാമപിഷാരോടി ഇവിടത്തെ ഒരംഗമാണു്.

അഞ്ചാം വയസ്സിൽ രാമവർമ്മത്തമ്പുരാനെ എഴുത്തിനു വെച്ചു. രാമവർമ്മത്തമ്പുരാൻെറ പ്രായത്തിൽ മററുണ്ണികളൊന്നും ഇല്ലാതിരുന്നതിനാൽ സഹോദരന്മാരായ സതീ

ത്ഥ്യന്മാരൊന്നും അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. നിലത്തെഴുത്ത്, കൃട്ടിവായിക്കൽ, ഗുണകോഷ്ടം, ഗണാഷ്ടകം തുടങ്ങിയ പ്രാഥമിക പാഠങ്ങളെല്ലാം നമ്മുടെ കഥാനായകൻ ഒരു ചുരുങ്ങിയ കാലം കൊണ്ടു പഠിച്ചു. പഠിപ്പിൽ ഉണ്ണിക്കുള്ള സാമത്ഥ്യം, ഓമ്മശക്തി, ബുദ്ധിസാമത്ഥ്യം ഇവ എല്ലാം പിഷാരോടിയെ അതിശയപ്പെടുത്തീട്ടുണ്ടെന്നാണ് പറഞ്ഞുകേൾക്കുന്നതു്. പിന്നീട് കാവ്യശാസ്ത്രാദികളിലും ഒരു പരിമിതജ്ഞാനം സമ്പാദിച്ചതിന്നുശേഷം തമ്പുരാൻെറ വിദ്യാഭ്യാസരീതിക്ക് ഒരു മാററം സംഭവിച്ചു. മഹാരാഷ്ട്രനായകനായ ശിവാജിയുടെ ഗുരുനാഥൻ ഗുരുരാമദാസായിരുന്നു. ശിവാജിയെ വേദശാസ്ത്രങ്ങൾ പഠിപ്പിച്ചിട്ട് പ്രയോജനമില്ലെന്ന് ഒരിക്കൽ രാമദാസ്സിന്ന് അനുഭവപ്പെട്ടു. ദീഘദശിയായിരുന്ന രാമദാസ് ശിവാജിയെ രാഷ്ട്രീയരംഗങ്ങളിലേക്കു തിരിച്ചുവിട്ടു. ഇതുപോലെ രാമവമ്മനെ വ്യാകരണാലങ്കാരശാസ്ത്രങ്ങൾ പഠിപ്പിച്ചിട്ട് പ്രയോജനമില്ലെന്ന് ഒരിക്കൽ പിഷാരോടിക്ക് തോന്നിയത്രെ. ഒരു ദിവസം "പാണിനീയം" പറഞ്ഞുകൊടുത്തുകൊണ്ടിരിക്കുമ്പോൾ തമ്പുരാൻ ചോദിച്ചുവത്രെ. "ഹേയി ! ! ഇതൊരു മുഷിപ്പൻ. ഈ കൌമുദിയും, പാണിനീയവും മററും ഉരുവിടുന്നതിനേക്കാൾ നായാട്ടിനു പുവ്വാനല്ലതു്. എന്നാൽ വല്ല മാനോ മൊയിലൊ ലഭിക്കും" ഇതുകേട്ട് ബുദ്ധിമാനായ പിഷാരോടി "ഉണ്ണി പഠിച്ചതു മതി" എന്ന് ഉപദേശിച്ചു എന്നും അന്നുമുതല്ക്കു് രാമവമ്മനെ കായികാഭ്യാസം ശീലിപ്പിക്കുവാൻ തുടങ്ങി എന്നുമാണ് കേൾവി.

കായികാഭ്യാസങ്ങൾക്കു പുകഴ് പെററതാണല്ലോ കേരളം. "കായംകുളം വാളും കടത്തനാട്ടു പയററും" കൈരളിയുടെ അലങ്കാരങ്ങളാണ്. കായംകുളത്തുനിന്ന് ഒരു കേളുനായരേയും കടത്തനാട്ടുനിന്ന് ഒരു കോരു നായരേയും ക്ഷണിച്ചു് വരുത്തി തൃപ്പൂണിത്തുറ കോവിലകത്ത് താമസിപ്പിച്ചു, രാമവൎമ്മത്തമ്പുരാനെ പയററു് പഠിപ്പിക്കുവാൻ.

അക്കാലത്തെ ഒന്നാംകിട വാൾപ്പയററുകാരനായിരുന്നു കായംകുളം കേളുനായർ. കേളുനായരുടെ പേരു കേട്ടാൽ കേരളമൊട്ടുക്കു് കിടുകിടാ വിറച്ചിരുന്നു. "കേളച്ചാ"രുടെ വരവുണ്ടെന്നു കേട്ടാൽ കേരളം വഴിമാറിക്കൊടുത്തിരുന്നു. അത്ര പ്രശസ്തിയായിരുന്നു കേളുനായൎക്കു്. വാളേറു്, കുന്തമേറു്, കുതിരസവാരി, പരിശപ്പയററു് തുടങ്ങിയവ തമ്പുരാൻ കേളുനായരിൽനിന്ന് വിധിയാംവണ്ണം അഭ്യസിച്ചു. അടവു്, തടവു്, ആൾമാററം, ആകാശപ്പയററു്, വായുസ്തംഭനം എന്നിവ കോരുനായരിൽനിന്നു അഭ്യസിച്ചു. അങ്ങിനെ വടക്കന്റേയും തെക്കന്റേയും സംയോഗം കൊണ്ടുണ്ടായ ഒരു ത്രിവേണിയാണ് രാമവൎമ്മത്തമ്പുരാന്റെ ആയുധാഭ്യാസസമ്പത്തു്.

ചന്തുവിന്റേയും ഒതേനന്റേയും പാരമ്പര്യം വടക്കേ മലബാറിന്റെ അന്തരീക്ഷത്തിൽ അലയടിച്ചു് നില്പുണ്ടു്. അവരുടെ ശിഷ്യപരമ്പരകളിൽ ഒരാളായിരുന്നു കോരുനായര്. സാമൂതിരിയുടെ "നായർ പട്ടാ"ളത്തിൽ കോരുനായർ ഒരു പ്രധാന ഉദ്യോഗസ്ഥനായിരുന്നുവത്രെ. കൊച്ചി

രാജാവും സാമൂതിരിയുമായി അടിക്കടി ഉണ്ടായിക്കൊണ്ടിരു ന്ന പടപൊരുതലിൽ സാമൂതിരിതോററുപോയി. അതോ ടുകൂടി കോരുനായർ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞുപോരു കയും ചെയ്തു. പിന്നീട് കുറച്ചു കാലം സ്വസ്ഥനായി വീ ട്ടിൽ ഇരിക്കുകയായിരുന്നു. പ്രായവും കുറച്ചധികമായി. അങ്ങിനെയിരിക്കെയാണു് കൊച്ചിരാജാവിൻെറ ക്ഷണം കിട്ടിയതു്. ആദ്യം കുറച്ചു് വൈമനസ്യം കാണിച്ചു എ ങ്കിലും പിന്നീട് ക്ഷണം സ്വീകരിച്ചു.

ആയുധാഭ്യാസത്തിൽ തമ്പുരാനു് അവാച്യമായ അ ഭിരുചിയായിരുന്നു. വാൾപ്പയററിലും കുതിരസവാരിയിലും തമ്പുരാൻ ഗുരുനാഥന്മാരെക്കൂടി കവച്ചുവെച്ചിരുന്നുവത്രെ. ആക്കും ഇണങ്ങാത്ത കുതിരകൾ പോലും രാമവർമ്മന്നു് ഇ ണങ്ങിയിരുന്നുവത്രെ. ഏതു പടക്കുതിരയേയും മെരുക്കിയിണ ക്കുവാൻ ഉണ്ണിത്തമ്പുരാന്നു് ഒരു വിഷമവും നേരിട്ടിരുന്നില്ല. ഇതു് കാരണം ഉണ്ണിത്തമ്പുരാന്നു് അശ്വഹൃദയമന്ത്രം വശ മാണു് എന്നു് പറഞ്ഞിരുന്നു. ഏതു നല്ല കുതിരയെ കണ്ടാ ലും അതിനെ വാങ്ങിച്ചിരുന്നു. ഈ സ്വഭാവം അദ്ദേഹത്തി ന്നു മൂപ്പു് കിട്ടിയപ്പോഴും ഉണ്ടായിരുന്നു. ഇതുകൊണ്ടു് ഒ രൊന്നാന്തരം കുതിരലായം അദ്ദേഹത്തിന്നുണ്ടായിരുന്നു. സ ർവ്വവിധ ലക്ഷണങ്ങളോടുകൂടിയ "പഞ്ചകല്യാണി" എ ന്നൊരു കുതിരയായിരുന്നു അദ്ദേഹം നിത്യേന സവാരിക്കു ഉപയോഗിച്ചിരുന്നതു്. മഹാറാണാ പ്രതാപൻെറ "ചേ തക"വും ശക്തൻതമ്പുരാൻെറ "പഞ്ചകല്യാണി"യും ഒരു പോലെയായിരുന്നുവത്രെ. രണ്ടും യജമാനസ്നേഹം തിക

ഞ്ഞ കുതിരകളായിരുന്നു. പ്രതാപനേയും ചേതകത്തേയും പററി പലേ ഐതിഹ്യങ്ങളുമുള്ളതുപോലെ പഞ്ചകല്യാണിയെപ്പററിയും ഒരു കഥയുണ്ട്.

ഒരിക്കൽ ശക്തൻതമ്പുരാൻ ശീലായ്മയിൽ കിടപ്പിലായി. രണ്ടുദിവസം അദ്ദേഹം പുറത്തിറങ്ങിയില്ല. സവാരിക്കു കണ്ടില്ല. പഞ്ചകല്യാണി പുല്ലും വെള്ളവും തൊടാതെ നില്പായി. ആരേയും അടുക്കുവാനും സമ്മതിച്ചില്ല. പിന്നീടു തമ്പുരാൻെറ ശീലായ്മ മാറിവന്നു തൊട്ടുതടവി പുല്ലുകൊടുത്തപ്പോഴെ തീററ തുടങ്ങിയുള്ളുവത്രെ! ഒരു മൃഗമാണെങ്കിലും അതിൻെറ സ്നേഹത്തിൻെറ മുമ്പിൽ തമ്പുരാൻ തല കുനിച്ചുപോയത്രെ!

* * * *

തമ്പുരാൻെറ ബാല്യകാലവിനോദങ്ങളിൽ കട്ടുത്തുടിയേറും, കവണയേറും പ്രധാനമായിരുന്നുവത്രെ. ഉന്നതവൃക്ഷങ്ങളുടെ തുഞ്ചെത്തുള്ള പൂക്കുലകളും കായകളും കവണ എറിഞ്ഞുവീഴ്ത്തുന്നതിൽ അദ്ദേഹം വലിയ വിദഗ്ധനായിരുന്നു. പറക്കുന്ന പറവകളേയും ഉന്നംപിഴക്കാതെ എറിഞ്ഞുവീഴ്ത്താറുണ്ടായിരുന്നു.

കുളംനീന്തലായിരുന്നു തമ്പുരാൻെറ മറെറാരു വിനോദം. മററുള്ളവരോടു വാദിച്ചുനീന്തുക, വളരെനേരം വെള്ളത്തിന്നടിയിൽ കിടക്കുക, ഇതെല്ലാം അദ്ദേഹത്തിന്നു വളരെ നേരംപോക്കായിരുന്നു. വളരെനേരം വെള്ളത്തിന്നടിയിൽ മുങ്ങിക്കിടന്നു കൂട്ടുകാരെ അമ്പരപ്പിച്ചിരുന്നു. ഒ

ന്നരണ്ടുതവണ അമ്മമത്തമ്പുരാട്ടിയെപ്പോലും പരിഭ്രമിപ്പി ച്ചിട്ടുണ്ടു്.

ഏതു പുതിയ വിദ്യയും അഭ്യസിച്ചു കഴിഞ്ഞാൽ അതു സ്വയം ഒന്നു പരീക്ഷിച്ചുനോക്കുന്ന സ്വഭാവം രാമവർമ്മത്തമ്പുരാന്നു കൂടുതലായിട്ടുണ്ടായിരുന്നു. പ്രച്ഛന്നവേഷം അഭിനയിക്കുന്നതിൽ അദ്ദേഹത്തിന്നുണ്ടായിരുന്ന പാടവം ആരെയും അതിശയിപ്പിച്ചിരുന്നു. എന്തെന്നില്ലാത്ത ഒരു വേഷപ്പകർച്ചയും തന്മയത്വവും തമ്പുരാൻെറ ഒരു സവിശേഷതയായിരുന്നു. തമ്പുരാൻെറ അനുകരണകലാപാടവം അപ്രമേയമായിരുന്നു. ഏതുവേഷം കെട്ടാനും അദ്ദേഹത്തിന്നു് ഒരു ക്ലേശവുമുണ്ടായിരുന്നില്ല. ജോനകനായും ജൂതനായും, ബ്രാഹ്മണനായും ബ്രാഹ്മണിയായും, ലാടനായും വേടനായും നമ്പൂരിയായും നായരായും വേഷം പകരുവാൻ അവിടുത്തേയ്ക്കു് ഒരു നിമിഷമേ വേണ്ടിയിരുന്നുള്ളു. ഇങ്ങിനെയുള്ള ആൾമാറാട്ടവിദ്യയെക്കുറിച്ചു പല കഥകളുമുണ്ടു്.

ഒരിക്കൽ നമ്മുടെ കഥാനായകൻ പതിനാലാമത്തെ വയസ്സിൽ ഒരു മൊട്ടച്ചി അമ്മ്യാരുടെ വേഷംകെട്ടി. ചിററമ്മത്തമ്പുരാനെ സമീപിച്ചു കുറച്ചു ഭക്ഷണസാധനങ്ങളും ഒന്നുരണ്ടു് ഓട്ടുപാത്രങ്ങളും കരസ്ഥമാക്കി നടന്നുകളഞ്ഞു. ഏതാണ്ടു് അരമണിക്കൂർ നേരം തമിഴും മലയാളവും കൂടികലൎന്നഭാഷയിൽ ചിററമ്മയുമായി സംസാരിച്ചിരുന്നതിൽ പിന്നെയാണു് യാത്ര പറഞ്ഞു പിരിഞ്ഞതു്. ഏതാണ്ടു് പത്തുമിനിട്ടു് കഴിഞ്ഞപ്പോഴേയ്ക്കും അമ്മ്യാർക്കു ദാ

നംകൊടുത്ത പാത്രങ്ങളും സാമാനങ്ങളുമായി നമ്മുടെ കഥാനായകൻ ചിററമ്മയുടെ മുമ്പിൽ ഹാജരായി.

"അയ്യോ! ഉണ്ണി! ആ പാവപ്പെട്ട അമ്യാരുടെ പക്കൽനിന്നു് ഇതെല്ലാം എന്തിന്നു തട്ടിപ്പറിച്ചു? ഇന്നു ദ്വാദശിയായി ഞാൻ അവൾക്കു ദാനം ചെയ്തതാണല്ലൊ?" ചിററമ്മ കയർത്തു.

"അമ്മയുടെ പാവപ്പെട്ട ആ അമ്മ്യാരാണു്, ഈ നില്ക്കുന്ന ഉണ്ണി" തമ്പുരാൻ ചിരിച്ചുകൊണ്ടു മറുപടിനല്കി. ഇതു കേട്ടപ്പോൾ തമ്പുരാട്ടി അത്ഭുതപരതന്ത്രയായി എന്നു പറയേണ്ടതില്ലല്ലൊ. ഇങ്ങനെയുള്ള ആൾമാറാട്ടം ബാല്യത്തിൽ വിനോദത്തിന്നുവേണ്ടിയായിരുന്നു എങ്കിലും ഭാവിയിൽ രാജ്യത്തിൽ അച്ചടക്കം പാലിക്കുന്നതിന്നും അഴിമതികളെ ആരാഞ്ഞു് അമച്ചു ചെയ്യുന്നതിന്നും അദ്ദേഹത്തിന്നു് അത്യന്തം സഹായമായിത്തീൎന്നിട്ടുണ്ടു്.

ശക്തൻതമ്പുരാൻ ജീവകാരുണ്യവും ദീനാനുകമ്പയുമുള്ള ഒരു രാജാവായിരുന്നു എന്നു് അദ്ദേഹത്തിൻെറ ജീവചരിത്രത്തിലെ ചില അദ്ധ്യായങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ടു്. ഈ ജീവകാരുണ്യം അദ്ദേഹത്തിൽ ബാല്യം മുതല്ക്കുതന്നെ പ്രത്യക്ഷപ്പെട്ടിരുന്നു. നിസ്സാരജീവികളോടുപോലും അദ്ദേഹം ഈ കാരുണ്യം കാണിച്ചിട്ടുണ്ടു്. ഒരിക്കൽ ഒരു ചളിക്കുളത്തിന്നു ചുററുംനിന്നു കുറെ കന്നുകാലിപ്പിള്ളർ തവളകളെ കല്ലെറിഞ്ഞുകൊണ്ടു് രസിച്ചുനില്ക്കുകയായിരുന്നു. ബാലനായ രാമവൎമ്മൻ ഇതു കണ്ടെത്തുവാൻ ഇടയായി. ഉണ്ണിത്തമ്പുരാൻ അവരിൽ ചിലരെപിടിച്ചു പൊ

തിരെ തല്ലി "ആരേയും ഒന്നും ഉപദ്രവിക്കാത്ത ഈ തവളകഠം നിന്നെ എന്തുചെയ്യേട്ടാ?" എന്നു ചോദിച്ചായിരുന്നു പ്രഹരം. ബാല്യംമുതല്ക്കുതന്നെ രക്തത്തോടു ചേൎന്നു കിടന്നിരുന്ന ഈ ജീവകാരുണ്യം അവസാനംവരെ നിലനിന്നു പോന്നിരുന്നു. ശക്തൻതിരുമേനി വല്ല കഠിനനിയമങ്ങളും നടപ്പാക്കിയിട്ടുണ്ടെങ്കിൽ അതു പ്രജകളിൽ സമാധാനവും യോഗക്ഷേമവും നിലനിൎത്തുന്നതിന്നുവേണ്ടി മാത്രമായിരുന്നു. അവിടത്തെ ജീവകാരുണ്യത്തിൻെറ മധുരസ്മരണ ഒന്നു മാത്രമാണു് ഇന്നും അദ്ദേഹത്തിൻെറ പേർ ജനഹൃദയങ്ങളിൽ അലയടിച്ചുകൊണ്ടിരിക്കുന്നതു്.

1340

# പ്രതിപുരുഷൻ

ശക്തൻതമ്പുരാൻെറ ജനനകാലത്തും, വിദ്യാഭ്യാസ കാലത്തും, അതിന്നടുത്തുള്ള കാലഘട്ടങ്ങളിലും കാറും കോളും കൊണ്ടു കലങ്ങിമറിഞ്ഞതായിരുന്നു കൊച്ചിയിലെ രാഷ്ട്രീയാന്തരീക്ഷം. രാജ്യത്തിലും രാജകുടുംബത്തിലും സൈ്വരവും സമാധാനവും ഉണ്ടായിരുന്നില്ല. അകത്തു് അന്തഃഛിദ്രമുണ്ടെന്ന 'അരമന രഹസ്യം' അങ്ങാടിപ്പാട്ടായപ്പോൾ സ്വാൎത്ഥതല്പരന്മാരായ ചില കുത്തകക്കക്ഷിക്കാർ തലപൊന്തിച്ചു. കേരളചക്രവൎത്തിപദം സ്വപ്നം കണ്ടുകൊണ്ടിരുന്ന സാമൂതിരിയെ സഹായിക്കാമെന്നു് രഹസ്യമായി വാക്കുകൊടുത്തു. അതെ, ധീരവീരപരാക്രമിയായ പൃത്ഥിരാജനോടുള്ള അസൂയകൊണ്ടു് സുൽത്താൻ ഘോറിയെ ഭാരതത്തിലേക്കു ക്ഷണിച്ചു വരുത്തിയ ചില ജയചന്ദ്രന്മാർ കൊച്ചിയിൽ ഉണ്ടായിരുന്നു! ഈ അവസരത്തിൽ തന്നെയാണു് വേണാട്ടരചനായ വീരമാൎത്താണ്ഡൻെറ ജയഭേരി മുഴക്കികൊണ്ടു് വടക്കോട്ടുള്ള പാഞ്ഞുകേററവും ഉണ്ടായതു്. ഇതു്, കൊച്ചിരാജാവിന്നു് ക്ഷുനിന്മേൽ കുരുവായി. ഈ സമയത്തു് ലന്തക്കാരുടെ സഹായമാണു് കൊച്ചിയ്ക്കു് ഏകാവലംബമായിരുന്നതു്. എന്നാൽ യൂറോപ്പിൽ ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും തമ്മിലുണ്ടായിരുന്ന യുദ്ധം കാരണം ഇവിടെയുള്ള ലന്തക്കാരുടെ സ്ഥിതിയും വളരെ ശോചനീയമായിരുന്നു. അവൎക്കു സ്വരക്ഷയാണു് കൂടുതൽ ചിന്താവി

ഷയമായിരുന്നതു്. ഇങ്ങിനെയുള്ള ഒരന്തരീക്ഷത്തിൽ മരണത്തിൻെറ വായിൽ നിന്നു് കൊച്ചിയെ മോചിപ്പിക്കുവാൻ പിറന്ന ശക്തനാണു് ശക്തൻതമ്പുരാൻ.

*   *   *   *

മഹാന്മാരുടെ മാനസികശക്തിയും പ്രത്യുല്പന്നമതിത്വവും അനിർവ്വചനീയവും അപരിച്ഛേദ്യവുമാകുന്നു. സാഹചര്യങ്ങൾ അതിനെ എത്രകണ്ടു് പോഷിപ്പിച്ചു എന്നും ചരിത്രപഠനം കൊണ്ടേ നമുക്കു് അറിവാൻ സാധിക്കൂ. ഒരു ബീജത്തിന്നുള്ളിൽ കിടക്കുന്ന ശക്തി വ്യക്തമായി നമുക്കു വിവരിക്കുവാൻ പ്രയാസമാണു്. അതു് നൈസൎഗ്ഗികമെന്നേ നമുക്കു കരുതുവാൻ സാധിക്കയുള്ളൂ. എന്നാൽ ആ വിത്തു് വിതയ്ക്കുന്ന കാലം, സ്ഥലം, അതിന്നു ചേൎക്കുന്ന വളം, അതിൻെറ വളൎച്ചയ്ക്കു അനുകൂലങ്ങളും പ്രതികൂലങ്ങളുമായ സംഗതികൾ എന്നിവയെക്കുറിച്ചു് എല്ലാം അറിയുന്നതുകൊണ്ടു് അതിൻെറ ആരോഹാഭിവൃദ്ധിക്രമങ്ങളെ മനസ്സിലാക്കുവാൻ സാധിക്കുന്നു. അതുപോലെത്തന്നെ, വീരന്മാരായ ചരിത്ര പുരുഷന്മാരുടെ ധീരോദാത്തമായ പ്രവൃത്തികളെ സ്പഷ്ടമാക്കുന്നതിന്നു് അയാളുടെ ജീവിതത്തിലെ പരിതസ്ഥിതികളുടെ അറിവു് ശേഖരിക്കുന്നതു് പ്രയോജകീഭവിക്കുന്നു.

ശക്തൻതമ്പുരാന്നു് സ്ഥാനം ലഭിക്കുന്നതിന്നുമുമ്പു തന്നെ തൻെറ ധിഷണാപാടവവും ഭരണസാമൎത്ഥ്യവും പ്രകടിപ്പിക്കുവാൻ സൌകൎയ്യവും സന്ദൎഭങ്ങളും ധാരാളം ല

ഭിച്ചിരുന്നു. അക്കാലങ്ങളിലെല്ലാം അദ്ദേഹം രാജാവിൻെറ ഒരു പ്രതിപുരുഷൻ മാത്രമായിരുന്നു.

946_മുതൽ 965_വരെ, ശക്തൻതമ്പുരാന്ന് മൂപ്പ് കിട്ടുന്നതുവരെ അദ്ദേഹത്തിന്ന് മീതെ രണ്ടു മഹാരാജാക്കന്മാരുണ്ടായിരുന്നു. അമ്മാമന്മാരുടെ ഭരണകാലങ്ങളിൽ ശക്തൻതമ്പുരാൻ അവരുടെ പ്രതിപുരുഷനായി ഭരണം നടത്തിയിരുന്നതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽപ്പിന്നെ പതിനാറു കൊല്ലക്കാലത്തോളം അദ്ദേഹം രാജ്യഭാരം നടത്തി. 951_ൽ തീപ്പെട്ട മഹാരാജാവിൻെറ പ്രതിപുരുഷനായി ഭരണം നടത്തുന്ന കാലത്തും ശക്തൻതമ്പുരാന്ന് ചില പഞ്ചവത്സരപദ്ധതികളും ദശവർഷപദ്ധതികളും ഉണ്ടായിരുന്നു. പക്ഷെ, അവ എല്ലാം സ്വന്തം അധികാരകാലത്തു മാത്രമെ അനുഭവത്തിൽ വന്നുള്ളു. ഭരണകാര്യങ്ങളിൽ ചാണക്യൻെറ ബുദ്ധിശക്തിയും ചന്ദ്രഗുപ്തൻെറ പരാക്രമവും ശക്തൻതമ്പുരാനിൽ ചെറുപ്പംമുതല്ക്കേ പ്രത്യക്ഷപ്പെട്ടിരുന്നു. ഈ ഗുണങ്ങൾകൊണ്ടാണ് അമ്മാമന്മാർ മരുമകനെ ഭരണകാര്യങ്ങളിലേയ്ക്കു നിയോഗിച്ചിരുന്നത്. ഈ വൎത്തമാനം നാട്ടിൽ പരന്നുതുടങ്ങിയപ്പോഴയ്ക്കും രാജ്യത്തിൻെറ അന്തരീക്ഷത്തിൽതന്നെ ചില മാററങ്ങൾ കണ്ടുതുടങ്ങി. തല്ക്കാലം സാമൂതിരി തോററു മടങ്ങിയിരിക്കയാണെങ്കിലും അദ്ദേഹത്തെപ്പററിയുള്ള ആശങ്ക മഹാരാജാവിൽനിന്നു തീരെ വിട്ടുമാറിയിരുന്നില്ല. പററിയും പതുങ്ങിയും നില്ക്കുന്ന നാട്ടുപ്രഭുക്കന്മാരോട് എന്തു നയമാണ് കൈക്കൊള്ളേണ്ടതെന്നും, ശുഷ്കിച്ച രാജ്യ

ഭണ്ഡാരം എങ്ങിനെ വീപ്പിക്കേണമെന്നുമുള്ള ചിന്തയിൽ മഹാരാജാവിൻെറ തല പുകഞ്ഞുകൊണ്ടിരുന്നു. ഈവക കാര്യ്യങ്ങളിൽ ശക്തൻതമ്പുരാൻെറ അഭിപ്രായധീരതയും ആലോചനാശക്തിയും മഹാരാജാവിനെ വളരെ സഹായിച്ചിട്ടുണ്ട്. ഇതിലൊന്നും ഒരു ക്രസലില്ലായ്മ ശക്തൻതമ്പുരാൻെറ വാക്കുകളിൽനിന്നു പ്രത്യക്ഷപ്പെട്ടിരുന്നു. "അമ്മാമന്മാരുടെ അനുഗ്രഹമുണ്ടെങ്കിൽ എനിക്കെല്ലാം പല്ലാണ്" ഇതായിരുന്നു മറുപടി. നോക്കൂ! എന്തൊരു ക്രസലില്ലായ്മ! എന്തൊരു ധീരത!

സാമൂതിരിയെ ഭാരതപ്പുഴയുടെ അത്തുത്തി കടത്തിവിട്ടതിൽ കൊച്ചിമഹാരാജാവിനെ അനുമോദിക്കുവാൻ ഡച്ചുഗവണ്ണരും, വീരമാത്താണ്ഡനും തൃപ്പൂണിത്തുറയിൽ എത്തി താമസിക്കുന്ന ഒരു കാലത്താണ് ശക്തന്നു മൂപ്പുകിട്ടിയതു്. ഭരണകാര്യ്യങ്ങളിൽ ശക്തൻെറ ബുദ്ധിയാണ് മഹാരാജാവിനെക്കൊണ്ടു് ഇതെല്ലാം പ്രവൃത്തിപ്പിച്ചതെന്നു ഡച്ചുഗവണ്ണർക്ക് അറിയാമായിരുന്നു. ഗവണ്ണർ അതിനെപ്പററി വളരെ പുകഴ്ത്തി. വിദേശിയർപോലും മരുമകൻ ഉണ്ണിയെപ്പററി നല്ല മതിപ്പാണെന്നു മഹാരാജാവിന്നു തോന്നി. അപ്പോൾ, അധികാരം ഉണ്ണിയെ ഏല്പിക്കുന്നതിൽ വൈഷമ്യമില്ലെന്നു ബോദ്ധ്യമായി. അതുകൊണ്ടു് ഈ സന്ദർഭത്തിൽ രാമവർമ്മനെ രാജാവായി വാഴിക്കുന്നതു് ഉചിതമായിരിക്കുമെന്നു കരുതി കുറച്ചുനേരം ചിന്താമഗ്നനായിരുന്നശേഷം മരുമകനെ അരികെ വിളിച്ചു്, ആശ്ലേഷിച്ചു് അനുഗ്രഹിച്ചു് പറഞ്ഞു, എൻെറ സർവ്വാധികാരങ്ങളും ഉ

ണ്ണിയെ ഏല്പിച്ചിരിക്കുന്നു എന്നു്. പിന്നീടു് അധികാരത്തിൻെറ ചിഹ്നമായ വാൾ ശക്തൻെറ കൈകളിൽ ഏല്പിച്ചു. എളയരാജാവും ഉണ്ണിയെ അകംനിറഞ്ഞു അനുഗ്രഹിച്ചു. രാമവർമ്മനാകട്ടെ രണ്ടു അമ്മാമന്മാരേയും പ്രദക്ഷിണം വെച്ചു് നമസ്കരിച്ചു് ഗദ്ഗദസ്വരത്തിൽ പറഞ്ഞു:—"അമ്മാമന്മാരുടെ അനുഗ്രഹവും ദൈവകാരുണ്യവും ഉണ്ടെങ്കിൽ എല്ലാം ഭംഗിയായി നടക്കും" ഈ രംഗം ഏററവും ഹൃദയസ്പൃക്കായ ഒന്നായിരുന്നു. ഡച്ചു് ഗവർണ്ണരും മാർത്താണ്ഡനും സ്തംഭിച്ചു് നിന്നുപോയി. അമ്മാമന്മാരുടെ കണ്ണുകളിൽനിന്നു സ്നേഹാശ്രുക്കൾ അടൻവീണു. അന്തരീക്ഷം പുളകംകൊണ്ടു് നിശ്ശബ്ദതയിലാണ്ടു.

അധികാരക്കൈമാററത്തിന്നുശേഷം അയൽ രാജ്യത്തെ സ്വാധീനിക്കുവാനുള്ള നയമാണു് ശക്തൻതമ്പുരാൻ ആദ്യമായി ഉപയോഗിച്ചതു്. ദളവയേയും ഗവർണ്ണരേയും നോക്കി പറയുകയാണു്:—"നിങ്ങളുടെ ഒക്കെ സഹായം ഉണ്ടാവണം" "അതിനെന്താ" എന്നു് രണ്ടുപേരും ഒരേ സമയത്തു് മറുപടി പറയുകയും ചെയ്തു. ഇങ്ങിനെയാണു് അന്നു് മൂന്നാംകൂറു് മാത്രമായിരുന്ന ശക്തൻതമ്പുരാൻ ഒന്നാംകൂറായി അധികാരം നടത്തിത്തുടങ്ങിയതു്. അതെ, കാലത്തിന്നു മുമ്പു് മൂപ്പുകിട്ടും എന്നു് പ്രവചിച്ച പാഴൂർ കണിയാരുടെ വാക്കു് അക്ഷരംപ്രതി സത്യമായി. പക്ഷെ, ആ ഭാഗ്യം കണ്ടു സുഖിക്കുവാൻ അച്ഛൻ നമ്പൂതിരി ഉണ്ടായിരുന്നില്ലെന്നും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

മഹാനായ അക്ബർ പതിമൂന്നാമത്തെ വയസ്സിൽ

ചക്രവർത്തിയായെങ്കിലും പതിനെട്ടു് വയസ്സ് കഴിഞ്ഞിട്ടെ അദ്ദേഹത്തിന് അധികാരം കിട്ടിയുള്ളു. അതുവരെ അദ്ദേഹത്തിൻെറ അമ്മാമനായ ബൈരാംഖാനാണു് ഭരണം നടത്തിയിരുന്നതു്. പക്ഷെ, ശക്തൻതമ്പുരാൻെറ ചരിത്രം നേരെമറിച്ചാണു്. അദ്ദേഹം പതിനെട്ടാമത്തെവയസ്സിലെ രാജാവായുള്ളു എങ്കിലും അതിന്നു മുമ്പുതന്നെ രാജ്യകാർയ്യങ്ങളിൽ അമ്മാമന്മാരെ സഹായിച്ചിരുന്നു. യോഗം കൊണ്ടായാലും യോഗ്യതകൊണ്ടായാലും ഇത്തരമൊരു 'ശക്ത'നെ ഇന്ത്യാചരിത്രത്തിൽ മററെവിടെ എങ്കിലും കാണുവാൻ പ്രയാസമാണു്. അക്ബർ ബാദഷാ മുഗൾസാമ്രാജ്യത്തിൻെറ കീർത്തിസ്തംഭമാണെങ്കിൽ രാമവർമ്മത്തമ്പുരാൻ കൊച്ചിരാജ്യത്തിൻെറ ചതുരാനനാണു്. അക്ബറും ശക്തനും തമ്മിൽ പലേ കാർയ്യങ്ങളിലും സാമ്യമുണ്ടെങ്കിലും അക്ബറിൻെറ സാമ്രാജ്യദുർമ്മോഹം ശക്തനെ തീണ്ടിയിട്ടില്ല എന്നതു് പ്രത്യേകം പ്രസ്താവ്യമാണു്.

# രാജ്യപ്രാപ്തി

അണിയറയിൽനിന്ന് അരങ്ങത്തു വന്നതോടുകൂടി, മഹാരാജാവിൻെറ പദത്തിലേയ്ക്കു് ഉയന്നതോടുകൂടി ശക്തൻതമ്പുരാൻെറ കീത്തികന്ദളങ്ങൾ കേരളമൊട്ടുക്ക വ്യാപിച്ചു. അധികാരത്തിൻെറ ചെങ്കോൽ കയ്യിൽ കിട്ടിയതോടുകൂടി രാജ്യത്തിന്നകത്തുള്ള തൊഴുത്തിൽക്കുത്തുകളെ അമത്തുവാനുള്ള നടപടി എടുക്കലാണ് ആദ്യമായി ചെയ്തതു്. "കൊല്ലും കൊലയ്ക്കും" അധികാരമുണ്ടെന്നു് നടിച്ചു് നടന്നിരുന്ന നാട്ടുപ്രമാണികളിൽ ശിക്ഷിക്കേണ്ടവരെ ശിക്ഷിച്ചും, താക്കീതുചെയ്യേണ്ടവരെ താക്കീതുചെയ്തും വിട്ടു. ഇത്തരം ഒന്നുരണ്ടു സംഭവങ്ങൾ തുടരെത്തുടരെ നടത്തിയപ്പോൾ മററുള്ളവർ താനെ വഴിപ്പെട്ടു. പ്രഭുത്വംകൊണ്ടു മതിമറന്നു പാവങ്ങളെ മദ്ദിച്ചിരുന്ന ഒരു ജന്മിനമ്പൂതിരിയുടെ ഇല്ലത്തു കുളംകുഴിപ്പിച്ച കഥ പരക്കെ പ്രസിദ്ധമാണ്. തൃശ്ശിവപേരൂർ പടിഞ്ഞാറേടത്തു് ഇല്ലമാണ് ഈ തറവാട്. ഒരിക്കൽ ശക്തൻതമ്പുരാനെ പരിവാരസമേതം ഇവിടെയും വിരുന്നിന്നു ക്ഷണിച്ചു. ശക്തൻതമ്പുരാൻ ക്ഷണം സ്വീകരിച്ചു് ഇല്ലത്തു് എഴുന്നള്ളി. നമ്പൂതിരിയാകട്ടെ തമ്പുരാനേയും കൂട്ടുകാരേയും വളരെ കേമമായി സല്ക്കരിച്ചു. നിറപറയും നിലവിളക്കുമായി നമ്പൂതിരി തമ്പുരാനെ എതിരേററു. അഞ്ചു വെള്ളിപ്പറകളിൽ പൊൻകാശു നിറച്ചുവെച്ചു. പൊന്നിൻ ഇലകളിലാണ് സദ്യവട്ട

ങ്ങൾ വിളമ്പിയിരുന്നതു്. ഇതൊന്നും ശക്തൻതമ്പുരാന്നു രസിച്ചില്ല. പണത്തിളപ്പുള്ള ഇത്തരം ജന്മിമാരുണ്ടായാൽ രാജ്യം അധഃപതിക്കേയുള്ളു എന്നു തമ്പുരാൻ ദീൎഘദൎശനംചെയ്തു. സല്ക്കാരത്തിൽ മറെറാരു സംഭവവുംകൂടി തമ്പുരാനെ ദ്വേഷ്യം പിടിപ്പിച്ചു. തമ്പുരാൻെറകൂടെ പന്ത്രണ്ടു കുതിരപ്പട്ടാളക്കാരുണ്ടായിരുന്നു. അവരുടെ കുതിരകൾക്കു തിന്നാൻ പഴുത്തുവിളഞ്ഞ നെൽക്കതിർക്കററകളാണു് ഒരുക്കിവെച്ചിരുന്നതു്. ഇതെല്ലാം ഒരുതരം ധിക്കാരമാണെന്നാണു് തമ്പുരാന്നു് തോന്നിയതു്. ഇത്തരം ജന്മികളെ നാട്ടിൽവെച്ചു പൊറുപ്പിക്കാൻ പാടില്ലെന്നു് തമ്പുരാൻ തീരുമാനിച്ചു. പക്ഷെ, അവിടെവെച്ചു് ഒന്നും മിണ്ടിയില്ല. സല്ക്കാരമെല്ലാം സ്വീകരിച്ചു തിരികെ തൃപ്പൂണിത്തുറവന്നു കപ്പിത്താനോടു് ആജ്ഞാപിച്ചു—"പണിക്കർ, നമ്മുടെ പടിഞ്ഞാറേടത്തിന്നു പവൻ പറവെച്ചു് അളക്കാനുണ്ടത്രെ. നമ്മുടെ ഖജനാവാണെങ്കിൽ മോശവുമാണു്." പണിക്കർ "കല്പനപോലെ" എന്നു മാത്രം പറഞ്ഞുപിരിഞ്ഞു. ഉടനെ, പടിഞ്ഞാറേടത്തിൻെറ സ്വത്തെല്ലാം സൎക്കാർവകയായി കണ്ടുകെട്ടി, ഇല്ലം തല്ലിപ്പൊളിച്ചു് അവിടെ കുളം കുഴിപ്പിച്ചതായ ഒരു കഥയുണ്ടു്.

ഇതുപോലെത്തന്നെ മറെറാരു സംഭവവുംകൂടെ ഇവിടെ ഉദ്ധരിക്കാം.

ഇന്നു് മലബാറിലെ ഒന്നാംകിട ഒരു ജന്മിയായ പൂമുള്ളിമനക്കാരെ കൊച്ചിരാജ്യത്തുനിന്നു് നാടുകടത്തിയ കഥയാണതു്. പൂമുള്ളിമനക്കാരുടെ പൂൎവ്വികമായ ഇല്ലം കൊ

ച്ചിയിൽ ചേപ്പ്ളിലായിരുന്നു. അവർ അന്നും ജന്മിതന്നെ യായിരുന്നു. അവിടത്തെ ഉണ്ണിനമ്പൂതിരിമാർക്ക് നാട്ടുകാരെ പരിഹസിക്കലും, ഉപദ്രവിക്കലും ഒരു വിനോദമായിരുന്നു. 'ഊരകത്തമ്മ'യെ ദർശിപ്പാൻ വരുന്ന ഭക്തജനങ്ങളിൽ സ്ത്രീകളെ ചളിവാരി എറിയുന്നതു് അവർക്ക് ബഹുരസമായിരുന്നു. ആർക്കും അവരോട്ട് എതൃക്കുവാനുള്ള കഴിവുണ്ടായിരുന്നതുമില്ല. മഹാരാജാവിൻെറ അടുക്കെ സങ്കടം പറഞ്ഞാൽ കേൾക്കാനാരാ, നാട്ടിലെ പ്രഭുക്കന്മാരും രാജാവും ഒരു കെട്ടാണല്ലൊ, ഫ്യൂഡൽ ഭരണം അതാണല്ലൊ. ആരും ചോദിക്കാനില്ലെന്നു വരുമ്പോൾ ജന്മികളും മറ്റനങ്ങൾ മുറയ്ക്കു നടത്തുമല്ലൊ. പോരെങ്കിൽ കൊല്ലും കൊലയ്ക്കും അധികാരമുണ്ടുതാനും.

പൂമുള്ളിത്തമ്പുരാക്കന്മാരുടെ പരിഹാസത്തിന്നു് ശക്തൻതമ്പുരാൻെറ ചിററമ്മകൂടി പാത്രമാകുകയുണ്ടായത്രെ. അവർ കോവിലകത്തു് ഇതു് അറിയിച്ചു എങ്കിലും ഫലമുണ്ടായില്ല. ശക്തൻതമ്പുരാന്നു് അന്നു് പന്ത്രണ്ടു് വയസ്സേ പ്രായമായിരുന്നുള്ളു. അദ്ദേഹം സംഭവമറിഞ്ഞു. പക്ഷെ, എന്തു് ചെയ്യുവാനാണു്. പിന്നീട്ട് തമ്പുരാന്നു് അധികാരം കിട്ടിയപ്പോൾ പൂമുള്ളി തമ്പുരാക്കന്മാരെ നാട്ടിൽനിന്നു് ഓടിക്കുകയാണുണ്ടായതു്. ഇന്നു് പൂമുള്ളിമന മലബാറിലെ ഒരു വലിയ ജന്മിയാണു്. എന്നാലും അവർക്ക് കൊച്ചിരാജ്യത്തു് ഒററതുണ്ടു് ഭൂമിപോലും ഇല്ലത്രെ. ഹൈദർആലി മൈസൂർ ദിവാനായി വന്ന ഉടനെ അവിടത്തെ മൂന്നനാലു് ജന്മിമാരുടെ മുഷ്ക്ക് അ

മത്തുവാൻ വേണ്ടിചെയ്ത നടപടികൾ തന്നെയാണ് ശക്തൻതമ്പുരാൻ കൊച്ചിരാജ്യത്തും കൈക്കൊണ്ടതു്. ശക്തൻതമ്പുരാൻ ഒരു കഠിനനായിരുന്നു. ശിക്ഷിക്കുന്നതിൽ അദ്ദേഹം തീരെ വിട്ടുവീഴ്ച ചെയ്തിട്ടില്ല എന്നൊരപവാദം പരക്കെയുണ്ടു്. ആ അപവാദം കേവലം അടിസ്ഥാനരഹിതമാണ്. അക്കാലത്തെ ഏതു രാജാക്കന്മാരുടെ ചരിത്രം എടുത്തു നോക്കിയാലും ഇത്തരം കളങ്കങ്ങൾ കാണാതിരിക്കയില്ല. തിരുവിതാംകൂർ മഹാരാജാവായിരുന്ന വീരമാർത്താണ്ഡനും, മൈസൂർ "ദേവ"നായിരുന്ന ഹൈദരാലിയും ഇത്തരം ശിക്ഷകൾ ധാരാളം നടത്തിയതായി ചരിത്രം പറയുന്നു. ഹൈദർആലി മൈസൂർ ദേവനായി വന്നപ്പോൾ മൈസൂറിൻെറ സ്ഥിതിയും ശക്തൻതമ്പുരാൻ മഹാരാജാവായപ്പോൾ കൊച്ചിയിലെ സ്ഥിതിയും ഒന്നുപോലെതന്നെയായിരുന്നു. രണ്ടുദിക്കിലും അന്തഃഛിദ്രങ്ങൾ കൊട്ടമ്പിരിക്കൊണ്ടിരുന്നു. അപ്പോൾ അത്തരം അന്തഃഛിദ്രങ്ങൾ അമത്തുവാൻവേണ്ടി ശക്തൻതമ്പുരാൻ വല്ല "കരിനിയമ"ങ്ങളും നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അതു് അന്നത്തെ നിലപാടിൽനിന്നു നോക്കുമ്പോൾ അത്യന്താപേക്ഷിതമായിരുന്നു എന്നു കാണാം. പിന്നെ, ഇത്തരം കരിനിയമങ്ങൾക്ക് ഇരയായിരുന്നവരിൽ അധികംപേരും പ്രഭുക്കന്മാരും മാടമ്പിമാരുമായിരുന്നുവത്രെ. അവരായിരിക്കും തമ്പുരാൻെറ പേരിൽ ഈ അപവാദത്തിൻെറ ചളി വാരി എറിഞ്ഞവരും. കൂടാതെ, രാജ്യത്തിൻെറ ഉന്നമനത്തിന്നും, പ്രജകളുടെ ക്ഷേമത്തിന്നുംവേ

ണ്ടി ചില പദ്ധതികൾ നടപ്പിലാക്കേണമെങ്കിൽ പ്രാരംഭത്തിൽ ചില കൎശനനിയമങ്ങൾ പ്രയോഗിച്ചേ തീരു എന്ന് ആധുനിക തുൎക്കിയുടെ പിതാവായ മുസ്തഫാ കമാൽ പാഷയും, റഷ്യയിലെ സ്റ്റാലിനും നമ്മെ പഠിപ്പിക്കുന്നു. എത്ര കൂട്ടക്കൊലകൾ ചെയ്തിട്ടുണ്ടെങ്കിലും സ്റ്റാലിനെ നാമാരും പഴിക്കുന്നില്ല. കാരണം, ആ കഠിനപ്രവൃത്തിയുടെ മറുപുറത്ത് മറെറാരു സൽപ്രവൃത്തി ഉദയം ചെയ്തിരുന്നു, ഒരു മദ്ദനത്തിന്റെ പിന്നിൽ മറെറാരു മാദ്ദവം പുളകം പൂശിയിരുന്നു.

ഇവിടെ മറെറാരു പ്രസിദ്ധരാഷ്ട്രീയചിന്തകനായ മാക്കിയാവെല്ലിയുടെ ചില അഭിപ്രായങ്ങളെ ചൂണ്ടിക്കാണിക്കുന്നതു സന്ദൎഭോചിതമായിരിക്കും. മാക്കിയാവെല്ലി 400 കൊല്ലങ്ങൾക്കുമുമ്പ് യൂറോപ്പിൽ ജീവിച്ചിരുന്ന ഒരു രാഷ്ട്രീയ ചിന്തകനായിരുന്നു. അദ്ദേഹം തന്റെ "പ്രിൻസ്സ്" എന്ന ഗ്രന്ഥത്തിൽ ഇങ്ങിനെ പറയുന്നു—"അക്രമങ്ങൾ ശരിയൊ തെറെറാ എന്നതു് അവ ചെയ്യുന്നതിനെ ആശ്രയിച്ചാണിരിക്കുന്നതു്. സ്വരക്ഷയ്ക്കുവേണ്ടി ചെയ്യപ്പെട്ടുന്ന അക്രമങ്ങൾ ശരിയായിട്ടുള്ളതാണെന്നു പറയാം. അക്രമങ്ങൾ ആവശ്യവുമാണു്. അവ പെട്ടെന്നു ചെയ്തുതീക്കണം. എപ്പോഴും വാളുമായി ജീവിക്കുന്നതിനേക്കാൾ നല്ലതു് ചെയ്യാനുള്ളതു നേരത്തെ ചെയ്തുതീക്കലാണു്" അപ്പോൾ ശക്തൻതമ്പുരാൻ രാജ്യത്തിന്റെ രക്ഷയ്ക്കു വേണ്ടി വല്ല അക്രമങ്ങളും ചെയ്തിട്ടുണ്ടെങ്കിൽ അവ അദ്ദേഹത്തെ കളങ്കപ്പെടുത്തുകയില്ല. മാക്കിയാവെല്ലി അതേ പു

സ്ഥകത്തിൽ മററാരിടത്തു് എഴുതുന്നതു നോക്കൂ—പ്രജകൾ ഒരു രാജാവിനെ സ്നേഹിക്കുകയും ഭയപ്പെടുകയും ചെയ്യുന്നുണ്ടെങ്കിൽ, അതു നല്ലതാണു്. ജനങ്ങളുടെ സ്വത്തിനേയും സ്ത്രീകളേയും അക്രമിക്കാതിരിക്കുന്നേടത്തോളം കാലം പ്രജ ആ രാജാവിനെ സ്നേഹിക്കയും ബഹുമാനിക്കയും ഭയപ്പെടുകയും ചെയ്യുന്നു. ശക്തൻതമ്പുരാൻ യാതൊരു സ്ത്രീകളേയും അക്രമിച്ചതായി യാതൊരു തെളിവുമില്ല. അപ്പോൾ അദ്ദേഹത്തിൻെറ നല്ല ഭരണത്തിൻെറ മധുരസ്മരണമാത്രമാണു് ഇന്നും കൊച്ചിക്കാർ അദ്ദേഹത്തെ സ്നേഹബഹുമാനാദരങ്ങളോടെ സ്മരിക്കുന്നതു്—കൊച്ചിരാജ്യത്തിൻെറ ചരിത്രത്തിൽ ശക്തൻെറ ഭരണകാലം ഒരു സുവൎണ്ണകാലഘട്ടമാണെന്നു് ഘോഷിക്കുന്നതും അദ്ദേഹത്തിൻെറ നല്ല ഭരണത്തിൻെറ തെളിവാണല്ലോ.

# രാജ്യരക്ഷ

ആരോഗ്യവും ശക്തിയും ഇല്ലാത്ത ഒരു ശരീരത്തിൽ ബലിഷ്ഠമായ ഒരാത്മാവിന്നു് സ്വൈരമായി പാൎക്കുവാൻ സാദ്ധ്യമല്ല. ഈ തത്വമാണു് ശക്തൻതമ്പുരാൻ രാജ്യത്തെ സംബന്ധിച്ചും കൈക്കൊണ്ടതു്. ഏതുസമയത്തും ശത്രുക്കളുടെ ആക്രമണം ഉണ്ടാവാൻ ഇടയുള്ള ഒരു രാജ്യത്തിൽ ശാശ്വതമായ ശാന്തിയും സമാധാനവും നിലനിൎത്തിപ്പോരേണമെങ്കിൽ സുശിക്ഷിതവും സുസംഘടിതവുമായ ഒരു സൈന്യം അവിടെ അത്യാവശ്യമാണെന്നു് അദ്ദേഹം ദീൎഘദൎശനംചെയ്തു. തൽഫലമായി ഒരു നല്ലപട്ടാളത്തെ ശേഖരിക്കുവാനാണു് അദ്ദേഹം തുനിഞ്ഞതു്. തണ്ടും തടിയുമുള്ളചെറുപ്പക്കാരെ പട്ടാളത്തിലേക്കു ക്ഷണിച്ചു. തമ്പുരാന്റെ ഈ ക്ഷണമനുസരിച്ചു് പലരും പട്ടാളത്തിൽ ചേരുവാൻ തയ്യാറായി. തമ്പുരാന്റെ ഈ വിളംബരം രാജ്യത്തിന്റെ വിളിയായികരുതി നായരും, നസ്രാണിയും, ഈഴവനും, ജോനകനും പട്ടാളത്തിൽ ചേൎന്നു. ഒരു നല്ല കാലാൾപ്പട തയ്യാറായശേഷം, ചെറുതാണെങ്കിലും ചൊറുചൊറുക്കുള്ള ഒരു കടൽസേനയേയും ശക്തൻതമ്പുരാൻ തയ്യാറാക്കി. എറണാകുളവും കൊച്ചിയും കടലോരങ്ങളായതിനാൽ അവിടങ്ങളിൽ കടല്ക്കള്ളന്മാരുടെ കൊള്ള ധാരാളമായിരുന്നു. ഈ കടല്ക്കള്ളന്മാരെ അമൎച്ചചെയ്യുവാനാണു് ശക്തൻതമ്പുരാൻ കടൽസേന രൂപീകരിച്ചതു്. ബഹു

സമത്ഥന്മാരായിരുന്ന കടൽസേനയിലെ സേനാനികൾ. നീന്തലും വെള്ളത്തിൽ മുങ്ങിക്കിടക്കലും തമ്പുരാൻെറ ബാല്യവിനോദങ്ങളായിരുന്നതുകൊണ്ടു് കടൽസേനയോടു് ശക്തൻതമ്പുരാന്നു് ഒരു പ്രത്യേക രസംതോന്നിയിരുന്നു. അവരൊന്നിച്ചു് ഓടങ്ങളിൽ കയറി പലപ്പോഴും തമ്പുരാൻ സഞ്ചരിക്കാറുണ്ടായിരുന്നു. കടല്ക്കള്ളന്മാരെ തേടിപിടിക്കുവാൻവേണ്ടി അദ്ദേഹം പലപ്പോഴും കായൽ വേട്ട നടത്താറുണ്ടായിരുന്നു.

ഒരിക്കൽ ശക്തൻ തമ്പുരാൻെറ നേത്യാരമ്മയെ കടൽക്കള്ളന്മാർ പിടിച്ചുകൊണ്ടുപോകയുണ്ടായി. ഇതറിഞ്ഞ തമ്പുരാൻ ഒരു വാലൻെറ വേഷംകെട്ടി ഓടവുമായി ഓടിച്ചെന്നു കള്ളന്മാരെ പിടിച്ചു്, ആ വൎഗ്ഗത്തെ മുഴുവനും നശിപ്പിച്ചു്, നേത്യാരമ്മയെ തിരിയെ കൊണ്ടുവന്ന ഒരു കഥയുണ്ടു്. ഇതിൽനിന്നു് അദ്ദേഹത്തിൻെറ ധീരതയും കടലിൽ യുദ്ധം ചെയ്യുവാനുള്ള സാമത്ഥ്യവും വ്യക്തമാകുന്നുണ്ടു്. വാലവേഷംകെട്ടി, വെള്ളത്തിൽവെച്ചു് കടൽ കള്ളന്മാരുമായുള്ള യുദ്ധം ഇന്നു് ഒരു സിനിമാപടംപോലെ നമ്മുടെ ഉള്ളിൽ കാണാൻ കഴിയുന്നു. കൂടാതെ മററു പലേ കഥകളുമുണ്ടു്. അതെല്ലാം സത്യമായാലും. അസത്യമായാലും, കടൽക്കള്ളന്മാരുടെ കൊള്ള ശക്തൻ തമ്പുരാൻ നിശ്ശേഷം അമൎച്ച ചെയ്തു എന്നതു് നിൎവ്വിവാദമാണു്. കൊച്ചിരാജ്യം ഇന്നു നാമാവശേഷമായി എങ്കിലും ശക്തൻതമ്പുരാൻെറ വീരകഥകൾ ആചന്ദ്രതാരം നിലനില്ക്കുകതന്നെ ചെയ്യും.

"ചാരന്മാർ രാജാക്കന്മാരുടെ കണ്ണും, ദൂതന്മാർ വദനവു"മാകുന്നു എന്ന ചാണക്യതന്ത്രതത്വം ശക്തൻതമ്പുരാൻ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. സാമർത്ഥ്യവും ബുദ്ധിയുമുള്ള ഒരു തികഞ്ഞ ചാരസംഘം ശക്തൻ തമ്പുരാനുണ്ടായിരുന്നു. ഹിററ്ലരുടെ "ഗെസ്റ്റാപ്പോ"വിനെപ്പററി നാം കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ടല്ലൊ. ലോകമൊട്ടുക്കു അയാളുടെ രഹസ്യസംഘം വളരെ സാമർത്ഥ്യത്തോടെ പ്രവൃത്തിച്ചിരുന്നു. എന്നാൽ ഹിററ്ലരുടെ ഈ "ഗസ്റ്റാപ്പോ സംഘ"ത്തെ കവിച്ചു വെയ്ക്കത്തക്ക സാമർത്ഥ്യം ശക്തൻ തമ്പുരാൻെറ ചാരസംഘത്തിന്നുണ്ടായിരുന്നു. ചാരന്മാർ രാജ്യത്തിൻെറ നാനാഭാഗത്തും ചുററിനടന്ന് അപ്പപ്പോഴത്തെ വാർത്തകൾ മഹാരാജാവിനെ അറിയിച്ചിരുന്നു. ഒരിക്കൽ ഒരു നമ്പൂതിരിയെ ഒരു മഹമ്മദീയൻ ഭയപ്പെടുത്തി കയ്യിലുള്ള ധനം അപഹരിക്കാൻ ശ്രമിച്ചു. നമ്പൂതിരി ഒരു ബോട്ടിൽ യാത്ര ചെയ്യുകയായിരുന്നു. മരണത്തെ ഭയന്നു നമ്പൂതിരി കയ്യിലുള്ള ധനമെല്ലാം ആ അക്രമിയെ ഏല്പിച്ച്, തൃപ്പൂണിത്തുറ കോവിലകത്തു വന്ന് കുളിയും ഊണും കഴിഞ്ഞു് വിശ്രമിക്കുമ്പോഴക്കും രാജകിങ്കരന്മാർ ആ മുഹമ്മദീയനെ പിടിച്ച് രാജാവിൻെറ മുമ്പിൽ ഹാജരാക്കിയിരിക്കുന്നുവത്രെ. തമ്പുരാനാകട്ടെ, അവന്ന് തക്കതായ ശിക്ഷ നല്കുകയുംചെയ്തു. ആ ബോട്ടിൽ ഒരു സി. ഐ. ഡി. ഉണ്ടായിരുന്നെങ്കിൽ വല്ല പ്രയാസവുമുണ്ടോ? ഈ ചാരസംഘങ്ങളുടെ പ്രവൃത്തിയെപ്പററി അന്വേഷിപ്പാൻ ശക്തൻതന്നെ പലപ്പോഴും

വേഷം മാറി നടക്കാറുണ്ടായിരുന്നു. പ്രച്ഛന്നവേഷത്തിൽ തമ്പുരാൻ അതിസമർത്ഥനായിരുന്നുവല്ലോ.

ഒരിക്കൽ കൊള്ളക്കാരുടെ കയ്യിൽപ്പെട്ട ഒരു സ്ത്രീ "ശക്തൻതമ്പുരാനെ, രക്ഷിക്കണെ" എന്നു വിളിച്ചു നിലവിളിച്ചുവത്രെ. പ്രത്യക്ഷദൈവമായ രാജാവ് ഉടനെ അവിടെ പ്രത്യക്ഷപ്പെടുകയും ആ സ്ത്രീയെ രക്ഷിക്കുകയും കൊള്ളക്കാരെ പിടിച്ചു ശിക്ഷിക്കുകയുംചെയ്തു. ആ തസ്കരസംഘത്തിൽ തമ്പുരാന്റെ ചാരസംഘത്തിൽപെട്ട വല്ലവരും ഉണ്ടായിരുന്നിരിക്കും. അവർ മുഖാന്തരം സംഘത്തിന്റെ നടവടികൾ അനുനിമിഷം തമ്പുരാനെ അറിയിച്ചിരിക്കും. ഈ സ്ത്രീയെ തട്ടികൊണ്ടുപോകുന്ന വർത്തമാനം തമ്പുരാന്നു് അറിവുകിട്ടിയിരിക്കും. അതുകൊണ്ടു് തക്കസമയത്തു തമ്പുരാനും കൂട്ടുകാരും അവിടെ എത്തിച്ചേർന്നു സ്ത്രീയെ രക്ഷിച്ചതായിരിക്കും സംഭവം. എന്തായാലും ശക്തൻതമ്പുരാന്റെ ചാരസംഘം രാജ്യത്തിന്റെ നാനാഭാഗത്തും ഊർജ്ജിതമായി പ്രവൃത്തിച്ചിരുന്നു എന്നതു് തീർച്ചയാണു്. അവരുടെ സഹായത്തോടുകൂടിയാണു് ശക്തൻതമ്പുരാന്നു് ഇത്ര എളുപ്പത്തിൽ രാജ്യത്തു ശാന്തിയും സമാധാനവും സ്ഥാപിക്കുവാൻ സാധിച്ചതു്. ശക്തൻതമ്പുരാന്റേതുപോലെ പ്രബലപ്പെട്ട ഒരു ചാരസംഘം ഹൈദർഷാവിന്നു മാത്രമെയുണ്ടായിരുന്നുള്ളു എന്നാണു് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളതു്. ഹൈദർഷായുടെ അവസാനവും ശക്തൻതമ്പുരാന്റെ ആരംഭവും വളരെ അകന്ന കാലങ്ങളിലല്ലായിരുന്നു. അതുകൊണ്ടു ഹൈദർഷാവിന്റെ ചാര

സംഘത്തെപ്പററി ശക്തൻതമ്പുരാന്നു് അറിവുണ്ടായിരുന്നിരിക്കാം. ഇവിടെ പ്രസംഗവശാൽ ഹൈദർഷാവിൻെറ പേർ വന്നുപോയതല്ല, ഇന്ത്യൻ നാട്ടുരാജ്യങ്ങളുടെ ചരിത്രത്തിൽ ശക്തൻതമ്പുരാന്നു് തുല്യമായി വല്ലവരും വളൎന്നുവന്നിട്ടുണ്ടെങ്കിൽ അതു മൈസൂരിലെ ദേവനായ ഹൈദരാലി മാത്രമാണു്. രണ്ടുപേൎക്കും അധികാരം ലഭിച്ചപ്പോൾ രാജ്യത്തിൻെറ സ്ഥിതി ഒരുപോലെയായിരുന്നു എന്നു ഞാൻ ആദ്യം സൂചിപ്പിച്ചിട്ടുണ്ടു്.

ഒരു നല്ല കാലാൾപടയേയും, കടൽപ്പടയേയും ചാരസംഘത്തേയും സ്ഥാപിച്ചുറപ്പിച്ചതിന്നുശേഷം രാജ്യത്തിൻെറ ഐശ്വൎയ്യം വൎദ്ധിപ്പിക്കുവാനുള്ള വഴികളെപ്പററിയാണു് തമ്പുരാൻ ചിന്തിച്ചതു്. അമ്മാവൻ മരുമകൻെറ കയ്യിൽ ഭരണത്തിൻെറ താക്കോൽ ഏല്പിച്ചപ്പോൾ രാജ്യത്തിലെ മുതലെടുപ്പു് കടം മാത്രമായിരുന്നു. ഉദ്യോഗസ്ഥന്മാൎക്കു ശമ്പളം കൊടുക്കുന്നതിന്നുപോലും കഴിവുണ്ടായിരുന്നില്ലെന്നാണു് കേട്ടിട്ടുള്ളതു്. ചാണക്യൻെറ ധനതത്വശാസ്ത്രം പഠിച്ചിട്ടുള്ള ശക്തൻതമ്പുരാന്നു് രാജ്യത്തിൻെറ സാമ്പത്തിക നില ഉയൎത്തുവാൻ വളരെ ക്ലേശപ്പെടേണ്ടിവന്നില്ല. അതിന്നു ചില പോംവഴികൾ അദ്ദേഹം ആസൂത്രണം ചെയ്തു.

# പഞ്ചവർഷപദ്ധതി

രാജ്യത്തിന്റെ സാമ്പത്തികോന്നമനത്തിന്ന് വേണ്ടി ഭരണാധികാരികൾ ഒരു കാലനിശ്ചയം ചെയ്തു തയ്യാറാക്കുന്ന പരിപാടികൾക്കാണല്ലൊ നാം പഞ്ചവത്സരപദ്ധതി എന്നൊക്കെ പറഞ്ഞുവരാറ്. ശക്തൻതമ്പുരാന്നും ഇതുപോലെ ചില പദ്ധതികളൊക്കെയുണ്ടായിരുന്നു. മൂപ്പ് കിട്ടിയതിൽ പിന്നെയേ അവയെ പ്രായോഗത്തിൽ വരുത്തുവാൻ ശ്രമിച്ചുള്ളു. പ്രതിപുരുഷനായിരുന്ന കാലത്തു അധികാരത്തിന്റെ അഭാവത്താലായിരിക്കാം അവയെ നടപ്പിൽ വരുത്താതിരുന്നത്. രാജ്യരക്ഷയ്ക്ക് അത്യന്താപേക്ഷിതമായ സൈന്യശേഖരത്തിന്നുശേഷമെ അദ്ദേഹം തന്റെ സാമ്പത്തിക പരിപാടികളെ നടപ്പിലാക്കിയുള്ളു. രാജ്യം സുരക്ഷിതമായല്ലാതെ പദ്ധതികളും പ്ലാനുകളും നടപ്പിലാക്കാൻ സാദ്ധ്യമല്ലല്ലൊ.

കൃഷി, കച്ചവടം, കൈത്തൊഴിൽ എന്നീ മൂന്നിനത്തിൽ കൂടെയാണല്ലൊ രാജ്യത്തിന്റെ മുതലെടുപ്പ് വർദ്ധിക്കുന്നത്. ഇതിൽ കൃഷിക്കും കച്ചവടത്തിന്നും പ്രഥമസ്ഥാനവും കൈത്തൊഴിലിന്നു രണ്ടാം സ്ഥാനവുമാണ് ശക്തൻതമ്പുരാൻ നല്കിയിരുന്നത്. കച്ചവടാവശ്യാർത്ഥം ഇന്ത്യയൊട്ടുക്കു ചുററിനടക്കുന്ന ലന്തക്കാരുടേയും പറങ്കികളുടേയും അനുഭവത്തിൽനിന്നു ശക്തൻതമ്പുരാന്നു മനസ്സിലാക്കുവാൻ സാധിച്ചു, ധൂർത്തടിച്ചു ധനം വ്യയംചെയ്യുവാൻ കച്ചവടംകൊ

ണ്ടേ സാദ്ധ്യമാകൂ എന്നു. കൃഷിയുടെ വരുമാനം നിശ്ചിതവും കച്ചവടത്തിൻേറതു് അനിശ്ചിതവുമാണല്ലൊ. അതുകൊണ്ടു് കച്ചവടത്തിന്നാവശ്യമായ വലിയവലിയ കമ്പോളങ്ങൾ തുറക്കുവാൻ അദ്ദേഹം തീരുമാനിച്ചു—അങ്ങിനെ കൊച്ചി, എറണാകുളം, തൃശ്ശിവപേരൂർ എന്നിവിടങ്ങളിൽ വലിയവലിയ പാണ്ടികശാലകൾ സ്വന്തം മേൽനോട്ടത്തിൽ ആദ്യമായി ആരംഭിച്ചു. ആദ്യമാദ്യം പാണ്ടികശാലകളുടെ മേൽനോട്ടം, സാമാനങ്ങളുടെ നിലവാരം നിശ്ചയിക്കൽ ഇവ എല്ലാം ശക്തൻതമ്പുരാൻ നേരിട്ടുതന്നെ നടത്തിപ്പോന്നു. ജനങ്ങൾക്കു നിത്യോപയോഗമുള്ള അരി, ഉപ്പ്, മുളകു്, വെളിച്ചെണ്ണ എന്നിവയുടെ നിലവാരം എല്ലായിടത്തും ഒരുപോലെയാക്കിയിരുന്നു. മററു സാധനങ്ങളുടെ വില നിലവാരമനുസരിച്ചു് കയറിയും ഇറങ്ങിയും ഇരുന്നു. കയററുമതി സാധനങ്ങൾക്കു നല്ല വിലയും നിശ്ചയിച്ചിരുന്നു. "ഞാനൊരു ബനിയനാണു്. ഒരു പൈപോലും ഞാൻ വിട്ടുതരികയില്ല" എന്നു് ഗാന്ധിജി ഒരിക്കൽ ആരോടോ പറയുകയുണ്ടായി. അതുപോലെ കച്ചവടകാര്യങ്ങളിൽ ശക്തൻതമ്പുരാൻ ഒരു തികഞ്ഞ ബനിയൻതന്നെയായിരുന്നു. ഇക്കാര്യത്തിൽ താനൊരു മഹാരാജാവെന്നോ ഒരു ക്ഷത്രിയനെന്നോ ഉള്ള അഭിമാനം അദ്ദേഹത്തെ തീണ്ടിയിരുന്നില്ല. ഇതു് എൻെറ സ്വന്തം കാര്യമല്ല, രാജ്യത്തിൻെറ കാര്യമാണു് എന്നാണു് അദ്ദേഹം പറഞ്ഞിരുന്നതു്.

ഗതാഗതസൌകര്യം ആശ്രയിച്ചാണല്ലൊ ഒരു രാജ്യ

ത്തിൻെറ വ്യാപാരം അഭിവൃദ്ധിപ്പെടുന്നതും, അഭിവൃദ്ധിപ്പെടുത്തുന്നതും. ഉൾനാട്ടുകളിൽനിന്നു് പൊതിക്കാളകൾ വഴിയായി സാമാനങ്ങൾ തൃശ്ശൂരിൽ എത്തിയിരുന്നു. അവിടെനിന്നു കൊക്കാല കടവിൽ ഇറക്കി, കേവഞ്ചികളിൽ കയററി കായൽവഴി കൊച്ചിയിൽ അടുപ്പിച്ചിരുന്നു. കൊച്ചിയിൽ എത്തിയാൽ എറണാകുളത്തും തൃപ്പൂണിത്തുറയും എത്തുവാൻ പ്രയാസമില്ലല്ലൊ. ഇതുപോലെ കൊച്ചിയിൽനിന്നു തൃശ്ശൂരിലും എത്തിയിരുന്നു. വിദേശങ്ങളുമായുള്ള കച്ചവടത്തിന്നു് പ്രകൃതിതന്നെ കൊച്ചിയെ അനുഗ്രഹിച്ചിട്ടുണ്ടല്ലൊ. ഇന്നു് കൊച്ചി തുറമുഖം ഇന്ത്യയിലെ പ്രധാനപ്പെട്ട തുറമുഖങ്ങളിൽ ഒന്നാണു്. കൊച്ചിയിലെ വരുമാനങ്ങളിൽ മുഖ്യപങ്കു് ഈ തുറമുഖം പണ്ടയ്ക്കു പണ്ടേ നിർവ്വഹിച്ചു് പോന്നിട്ടുണ്ടു്. കച്ചവടക്കണ്ണുള്ള സർ. ഷൺമുഖത്തിൻെറ ദിവാൻഭരണകാലത്താണു് "കൊച്ചിൻ ഹാർബർ" ഇന്നത്തെ നില പ്രാപിച്ചതു്. സ്വദേശിയരും വിദേശിയരുമായി പലേ ദിവാന്മാരും കൊച്ചിയെ ഭരിച്ചു് പോന്നിട്ടുണ്ടെങ്കിലും സർ. ഷൺമുഖത്തേപോലെ വേറെ ഒരു ദിവാൻ കൊച്ചിയെ ഇത്രയധികം അഭിവൃദ്ധിപ്പെടുത്തിയിട്ടില്ലെന്നു സധൈര്യം പറയാം—ചില കുത്തക താല്പര്യങ്ങൾ എല്ലാം ഇക്കാര്യത്തിൽ ഷൺമുഖത്തിന്നുണ്ടായിരുന്നു എങ്കിലും അദ്ദേഹത്തിൻെറ കാലത്തു് നിർമ്മിക്കപ്പെട്ട ഈ ഹാർബർ കൊച്ചിയുടെ പേരും പെരുമയും ലോകമൊട്ടുക്കു വ്യാപിപ്പിച്ചു.

ഇന്നു് കൊച്ചിയിലെ പ്രമുഖ വ്യാപാരകേന്ദ്രങ്ങൾ

അന്ന് ശക്തൻ തമ്പുരാൻ സ്ഥാപിച്ച അതേ കൊച്ചിയും, എറണാകുളവും തൃശ്ശൂരുമാണ്. വഞ്ചിവഴിയായുള്ള ഗതാഗതസൌകൎയ്യത്തിന്നു പുറമെ കരവഴിയായുള്ള ഗതാഗതസൌകൎയ്യവും ശക്തൻ തമ്പുരാൻ വൎദ്ധിപ്പിച്ചു. റോഡുകൾ നിൎമ്മിപ്പിച്ചും, പാലങ്ങൾ പണിയിപ്പിച്ചും വഴികൾക്കു വീതി കൂട്ടിയും കരവഴിയുള്ള ഗതാഗതങ്ങളെ വൎദ്ധിപ്പിച്ചു.

ഗതാഗതങ്ങൾ വൎദ്ധിപ്പിച്ചപ്പോൾ ചുങ്കപ്പിരിവുകൾക്കു കണിശവും ക്ലിപ്തവും വരുത്തി. ചുങ്കപ്പിരിവുകൾ ശക്തൻ തമ്പുരാൻെറ കാലത്തിന്ന് മുമ്പും ഉണ്ടായിരുന്നുവെങ്കിലും അതിന്ന് ഒരു വ്യവസ്ഥയുണ്ടായിരുന്നില്ല. ശക്തൻ തമ്പുരാൻ അതിന്ന് ഒരു വ്യവസ്ഥയും ക്ലിപ്തവും ഏൎപ്പെടുത്തി.

വിദേശങ്ങളുമായി കച്ചവടം നടത്തുന്നതിന്നുവേണ്ടി അദ്ദേഹം കുറെ കപ്പലുകൾ പണിയിച്ചു. സ്വകാൎയ്യകച്ചവടക്കപ്പലുകൾ എന്ന നിലക്കാണ് ആരംഭിച്ചതെങ്കിലും പിന്നീട് അവ എല്ലാം രാജ്യത്തിൻെറ വകയായിത്തീൎന്നു. നാഗപട്ടണം, ബങ്കാൾ, ബോംബേ മുതലായ സ്ഥലങ്ങളിലെല്ലാം ശക്തൻ തമ്പുരാൻെറ കപ്പലുകൾ സഞ്ചരിച്ച് കച്ചവടം നടത്തിയിരുന്നു. ബോംബായും കൊച്ചിയുമായിട്ടാണ് കച്ചവടം വിപുലമായ തോതിൽ നടന്നിരുന്നത്. ആ വഴിക്കു കൂടുതൽ സൌകൎയ്യമുണ്ടല്ലൊ. ഇന്നത്തെപ്പോലെ തന്നെ കപ്പലുകൾക്കു പേരിടുന്ന സമ്പ്രദായം അന്നും ഉണ്ടായിരുന്നു. ഇക്കാൎയ്യത്തിൽ അദ്ദേഹത്തിന്ന് വലിയ രസവുമായിരുന്നു. ഭാഗീരഥി, ചന്ദ്രശേഖരൻ, ഗംഗാധരൻ,

ഭവാനി, ഗൌരി, മഹാലക്ഷ്മി എന്നിങ്ങനെ എട്ടു് വലിയ കപ്പലുകൾ അദ്ദേഹത്തിൻെറ കാലത്തു് കൊച്ചിയുടെ വക യായി ഉണ്ടായിരുന്നു.

കച്ചവട വിപുലീകരണത്തിന്നു നാട്ടിൻെറ നാനാഭാ ഗത്തും ചന്തകൾ ഏപ്പെടുത്തുകയാണു് അദ്ദേഹം പിന്നീടു് ചെയ്തതു്. തൃപ്പൂണിത്തുറ, ഇരിഞ്ഞാലക്കുട, ചാലക്കുടി, കൊരട്ടി, കുന്നംകുളം, ചിററൂർ എന്നിവിടങ്ങളിൽ ചന്ത കൾ സ്ഥാപിച്ചു. ഇരിഞ്ഞാലക്കുട ചന്ത തമ്പുരാൻ തന്നെ യാണു് ഉൽഘാടനം ചെയ്തതു്. ഈ ചന്തകളുടെ നടത്തി പ്പിന്നുവേണ്ടി "അങ്ങാടിവിചാരിപ്പു്" എന്ന പേരിൽ ഒരു ഉദ്യോഗം സ്ഥാപിച്ചു. ഓരോ ദിക്കിലും ഓരോ വിചാരി പ്പുകാരനേയും നിശ്ചയിച്ചു. വിചാരിപ്പിൻെറ ശമ്പളം ദിവസം ഒന്നുക്കു് മൂന്നേമുക്കാൽ ഇടങ്ങഴി അരിയും, വിളക്കു വെപ്പിന്നു ഒന്നര തുടം എണ്ണയും രണ്ടുപുത്തനുമായിരുന്നു. അന്നത്തെ കാലത്തു് ഇതു് ഒരു മയ്യാദ ശമ്പളമായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. മിക്കചന്തകളും വെള്ളിയാ ഴ്ചയും തിങ്കളാഴ്ചയുമാണു് നടത്തിയിരുന്നതു്. ചന്ത ദിവ സം അഗതികൾക്കും അംഗഹീനന്മാക്കും അരിയും പുത്ത നം ദാനംചെയ്യുന്ന ഏപ്പാടു് മററു് ഏതു് നാട്ടിലും കാണാ ത്തതും കേൾക്കാത്തതുമായിരുന്നു. ഇതിൽ ഇരിഞ്ഞാലക്കുട ചന്തയിൽ ഒരാൾക്കു ഉരി അരിയും ഓരോ പുത്തനും നല്കു ണമെന്നായിരുന്നു രാജകല്പന. ആഴ്ചതോറും ഇത്രയധികം ദാനധമ്മങ്ങൾ ചെയ്തിരുന്ന മറെറാരു മഹാരാജാവിനെ ചരിത്രത്തിൽ നിങ്ങൾക്കു കാണ്മാൻ സാധിക്കുമൊ? അ

പ്പോൾ, ശിബിചക്രവൎത്തിയുടെ ദീനാനുകമ്പയുള്ള ഈ ശക്തൻതമ്പുരാൻ ഒരു ക്രൂരനും അക്രമിയുമാണെന്നു വല്ലവരും പറയുന്നുണ്ടെങ്കിൽ, അതു അസൂയകൊണ്ടുപറയുന്നതായിരിക്കണം, അവർ ചരിത്രം പഠിച്ചിട്ടില്ല.

വ്യവസായവിപുലീകരണത്തിന്നുശേഷം കാൎഷികോന്നമനത്തിന്നുവേണ്ട പദ്ധതികൾ നടപ്പിൽ വരുത്തി. അനാഥമായും തരിശായും കിടന്നിരുന്ന കൃഷിസ്ഥലങ്ങളെ സൎവ്വേചെയ്തു ആവശ്യക്കാൎക്കു പതിച്ചുകൊടുപ്പാൻ തുടങ്ങി. ഒരിഞ്ചു ഭൂമിപോലും വെറുതെയിടാൻ പാടില്ലെന്നായിരുന്നു അദ്ദേഹത്തിൻെറ നിശ്ചയം. ഭൂമി പതിച്ച് വാങ്ങി കൃഷിചെയ്യുവാൻ ആളില്ലാത്ത ഇടങ്ങളിൽ തമ്പുരാൻ സ്വന്തം പേരിൽ ഭൂമി പതിപ്പിച്ച് കൂലിക്കാരെക്കൊണ്ട് കൃഷിചെയ്യിച്ച് പോന്നിരുന്നു. ആ വഹവസ്തുക്കളെല്ലാം ഇന്ന് പണ്ടാരവക വസ്തുക്കൾ എന്ന പേരിൽ അറിയപ്പെടുന്നു. ഇന്ന് കൊച്ചിരാജ്യകുഡുംബത്തിലെ ഒരു വലിയ ഭൂസ്വത്താണ് പണ്ടാരവക ഭൂമികൾ.

നാട്ടുകാൎക്കു പതിച്ചുകൊടുക്കുന്ന വസ്തുക്കൾ കൃഷിചെയ്യാവുന്നവയാക്കിതീൎക്കുന്നതിന്നു വേണ്ടുന്ന ആനുകൂല്യങ്ങൾ ഗവൎമ്മേണ്ടിൽനിന്നു ചെയ്തുകൊടുത്തിരുന്നു. വയലുകളുടെ നടുവിൽ കുളംകുഴിപ്പിക്കുക, തോടുകൾക്കു അണകെട്ടുക, വെള്ളച്ചാലുകൾ വിസ്താരപ്പെടുത്തുക തുടങ്ങിയവയായിരുന്നു ശക്തൻതമ്പുരാൻെറ ജലസേചനപദ്ധതികൾ.

വെറുതെ വിശാലമായി പരന്നു കിടന്നിരുന്ന കോൾനിലങ്ങളിൽ ചക്രംവെച്ച് വെള്ളം വററിക്കുവാനുള്ള ചി

ലാവുകൾ തമ്പുരാൻ സ്വന്തമായും ഗവമ്മേണ്ടിൽനിന്നും ന ല്കിയിരുന്നു. ഇത്തരം കോൾനിലങ്ങൾ ഏക്കകണക്കിൽ പലക്കും സൌജന്യമായി പതിച്ചുകൊടുത്തിട്ടുണ്ട്. അത്ത രം വസ്തുക്കൾ കൈവശമുള്ള പലേ ജന്മിമാരും ഇന്നും കൊ ച്ചിരാജ്യത്തുണ്ട്. പക്ഷെ ഇന്ന് അവ സൌജന്യമല്ലെന്നു മാത്രം. വഷക്കുറവുകൊണ്ട് കൃഷി എങ്ങാനും പിഴച്ചു പോയാൽ അവർ സക്കാരിലേക്കു അടയ്ക്കേണ്ടുന്ന മുതൽ ഇ ളവ് ചെയ്തുകൊടുപ്പാനും തമ്പുരാൻ വ്യവസ്ഥചെയ്തിരുന്നു. എന്നാൽ കൃഷി പിഴച്ച് പറയത്തക്ക തുക ഇളവുചെയ്തു കൊടുത്തതായ യാതൊരു രേഖയും കാണ്മാനില്ല. അതെ, ശുദ്ധാത്മാക്കളും പ്രജാസ്നേഹികളുമായ മഹാരാജാക്കന്മാരു ടെ വാഴ്ച്ചക്കാലത്ത് ക്ഷാമമൊ കാലപ്പിഴകളൊ ഒന്നും ഉ ണ്ടാകാറില്ലല്ലൊ.

ശക്തൻതമ്പുരാൻെറ പഞ്ചവഷപദ്ധതികളിൽ മ റെറാന്ന് മരാമത്തായിരുന്നു. രാജ്യത്തിൻെറ നാനാഭാഗ ത്തും കുണ്ടുകൃഷികൾ ഏപ്പെടുത്തിയിരുന്നുവല്ലൊ. അവ യുടെ മേൽനോട്ടത്തിന്നായും പാട്ടം പിരിവിന്നായും അതാ തിടങ്ങളിൽ കോവിലകങ്ങൾ പണിയിയ്ക്കയാണ് തമ്പുരാ ൻെറ ആദ്യത്തെ മരാമത്ത് ഏപ്പാടുകൾ. വാസ്തവത്തിൽ ഈ വക കെട്ടിടങ്ങൾ കൃഷിസംരക്ഷണത്തിന്നുള്ള കളപ്പുര കൾ മാത്രമായിരുന്നു. അതു പണിയിക്കുന്ന കൃഷിക്കാര ൻെറ യോഗ്യതയും കഴിവും അനുസരിച്ചായിരിക്കും ആ കെട്ടിടങ്ങളുടെ യോഗ്യത. തമ്പുരാക്കന്മാർ പണിയിപ്പി ക്കുമ്പോൾ ആ കളപ്പുരകൾ കോവിലകങ്ങളായി മാറുന്നു

എന്നു മാത്രം. ചിററൂർ, പഴയന്നൂർ, ചേലക്കര, തൃശ്ശിവപേരൂർ എന്നിവിടങ്ങളിലാണ് ആദ്യമായി കോവിലകങ്ങൾ പണിയിച്ചതു്. കൊച്ചിരാജ്യത്തു് നെല്ല് ധാരാളമായി വിളയുന്ന താലൂക്ക് ചിററൂരും തലപ്പിള്ളിയുമാണല്ലൊ. കേവലം കൃഷിയെ ലാക്കാക്കിയല്ല, ശക്തൻതമ്പുരാൻ കോവിലകങ്ങൾ പണിയിച്ചിരുന്നതെങ്കിൽ അതു് ചേലക്കര, പഴയന്നൂർ തുടങ്ങിയ കാട്ടുപ്രദേശങ്ങളിൽ അത്ര്യം പണിയിക്കേണ്ടിയിരുന്നില്ല. സുഖവാസത്തിന്നുവേണ്ടിയായിരുന്നെങ്കിൽ മററു വല്ലേടത്തുമാകാമായിരുന്നു. അതിനാൽ അദ്ദേഹത്തിൻെറ ആദർശം രാജ്യത്തിൻെറ നട്ടെല്ലായ കൃഷകരുടെ അഭിവൃദ്ധിയായിരുന്നു എന്നു് സ്പഷ്ടമാണല്ലൊ. ഈ കോവിലകങ്ങളിൽ തമ്പുരാൻ ഇടയ്ക്കിടയ്ക്ക് എഴുന്നള്ളി താമസിക്കുന്ന പതിവുമുണ്ടായിരുന്നു.

ഷാജഹാൻ ചക്രവർത്തിയെപ്പോലെ ശക്തൻതമ്പുരാനും തച്ചുശാസ്ത്രം കട്ടുകട്ടിയായിരുന്നു. തൃപ്പൂണിത്തുറയിൽ അദ്ദേഹം പണിചെയ്യിപ്പിച്ച "ദേവതാ" മാളിക കണ്ടാൽ ഇതു് നമുക്കും വ്യക്തമാകും. ശാസ്ത്രീയമായ അതിൻെറ പ്ലാനുകളും പണിയുടെ ഈടും ഉറപ്പും കണ്ടാൽ ഏവക്കും അത്ഭുതം തോന്നും.

പണ്ടാരവക കോവിലകങ്ങൾ പണിചെയ്യിക്കുവാൻ മാത്രമല്ല അദ്ദേഹം രാജ്യത്തിലെ വരുമാനം ചിലവ് ചെയ്തിരുന്നുള്ളൂ. നാട്ടുകാൎക്ക് ആവശ്യവും സൌകര്യവുമുള്ള ക്ഷേത്രങ്ങൾ, ഊട്ടുപുരകൾ, തണ്ണീർപന്തലുകൾ, പാതകൾ, പാലങ്ങൾ മുതലായവ നന്നാക്കിക്കയും പണിയിക്കയും ചെ

യ്തിട്ടുണ്ട്. പാതകൾക്കിരുപുറങ്ങളിലും പാന്ഥന്മാർക്ക തണൽ നല്കുന്നതിന്ന അരയാൽവൃക്ഷങ്ങളും ഉങ്ങവൃക്ഷങ്ങളും വെപ്പിച്ചിരുന്നു. അവ വളൎന്ന വലുതാകുന്നതുവരെ നോക്കി സംരക്ഷിക്കുന്നതിന്ന് ഉദ്യോഗസ്ഥന്മാരേയും നിയമിച്ചിരുന്നു. തിരുവഞ്ചിക്കുളത്തും ഇരിങ്ങാലക്കുടയിലും വലിയതോതിൽ ക്ഷേത്രമരാമത്തുകൾ ചെയ്യിക്കയുണ്ടായി. ഊട്ടുപുരകളിൽ വഴിയാത്രക്കാൎക്ക സൌജന്യഭക്ഷണം നല്കിയിരുന്നു. വേനല്ക്കാലങ്ങളിൽ വഴിയമ്പലങ്ങളിൽ "വെള്ളം പാൎച്ചയും" നടപ്പിലാക്കിയിരുന്നു. ഇന്ന റേഷൻകാലമായതുകൊണ്ട് ഊട്ടുപുരകൾ നിൎത്തൽചെയ്തിരിക്കുന്നു. എന്നാൽ വെള്ളം കൊടുക്കുന്ന ഏൎപ്പാട് പലേടങ്ങളിലും ഇന്നും നടന്നുവരുന്നുണ്ട്.

# ഭരണനീതി

വിക്രമാദിത്യൻ, ചന്ദ്രഗുപ്തൻ, അശോകൻ തുടങ്ങിയ ഹിന്ദുചക്രവൎത്തിമാരുടെ ഭരണനീതികളാണു് ഏറ്റവുമേറെ ശക്തൻതമ്പുരാനും അനുവൎത്തിച്ചുപോന്നതു്. എങ്കിലും അദ്ദേഹത്തിൻെറ ആദൎശം തങ്ങളുടെ പൂൎവ്വികന്മാരായ രഘുകുല രാജാക്കന്മാരുടെ രീതിതന്നെയായിരുന്നു. അതെ, രാമരാജ്യത്തെ ലക്ഷ്യം വെച്ചുകൊണ്ടാണു് അദ്ദേഹം പ്രജാക്ഷേമതാല്പൎയ്യങ്ങളെ വീക്ഷിച്ചുകൊണ്ടിരുന്നതു്. ഋഷിപ്രോക്തങ്ങളായ നീതികളെ ആധാരമാക്കിക്കൊണ്ടാണു് അദ്ദേഹം ദണ്ഡനീതികൾ നടപ്പിലാക്കിയിരുന്നതു്. ഋഷിപ്രോക്തങ്ങൾ അദ്ദേഹത്തിന്നു് അനിഷേധ്യങ്ങളായിരുന്നു. പക്ഷെ, കാലത്തിൻെറ വളൎച്ചയ്ക്കനുസരിച്ചു്, നീതിന്യായത്തിൻെറ അടിസ്ഥാനത്തിൽ പലതിലും അദ്ദേഹം ഉല്പതിഷ്ണുത്വം കാണിക്കയും സന്ദൎഭമനുസരിച്ചു് ഭേദഗതികൾ വരുത്തുകയും ചെയ്തിരുന്നു. അല്ലാതെ എല്ലാം അദ്ദേഹം കണ്ണടച്ചു് വിശ്വസിച്ചിരുന്നില്ല. ദേശദ്രോഹികളുടെ മുമ്പിലും, കൊള്ളക്കാരുടേയും കൂട്ടായ്മ കവൎച്ചക്കാരുടേയും മുമ്പിലും ശക്തൻതമ്പുരാൻ ഒരു തികഞ്ഞ അക്രമിയും ക്രൂരനുമായിരുന്നു. നാട്ടിൽ സമാധാനം പാലിക്കുന്നതിന്നു മുമ്പിൽ വിലങ്ങുതടികളായി നില്ക്കുന്നവരെ അദ്ദേഹം ഖണ്ഡിക്കതന്നെ ചെയ്തിട്ടുണ്ടു്. ഇത്തരക്കാരുടെ നേരെയെ അദ്ദേഹം മൎദ്ദനനയം ഉപയോഗിച്ചിരുന്നുള്ളു. അവരുടെ

നേരെ ഒട്ടംതന്നെ ദാക്ഷിണ്യം കാണിച്ചിരുന്നില്ല. അങ്ങിനെ ഒരു ഭരണാധികാരിയും ചെയ്തു കാണിച്ചിട്ടുമില്ല, ചെയ്യുന്നുമില്ല. പരിഷ്ക്കാരത്തിൻെറ പരമകോടി പ്രാപിച്ചവരാണു് തങ്ങൾ എന്നു് അഭിമാനിക്കുന്ന ബ്രിട്ടീഷുകാരുടെ ഭരണകാലത്തു് ഇന്ത്യയിൽ വധശിക്ഷകളും, കൂട്ടക്കൊലയും വെടിവെപ്പും നടത്തീട്ടില്ലെ? എന്തിന്നു് അത്ര പിന്നോട്ടു് പോകുന്നു? അഹിംസയുടെ പ്രചാരകന്മാരെന്നു് മുദ്രയടിച്ചു നടക്കുന്ന ഇന്നത്തെ കോൺഗ്രസ്സുകാരുടെ ഭരണകാലത്തും മർദ്ദനങ്ങൾ നടക്കുന്നില്ലെ? കോൺഗ്രസ്സ് ഭരണത്തിൻെറ മർദ്ദനസമ്പ്രദായത്തിൻെറ ഒരു പട്ടിക കാണേണമെങ്കിൽ അതു് കമ്മ്യൂണിസ്റ്റുകാരോടു് ചോദിക്കണം. പോരെങ്കിൽ കമ്മ്യൂണിസ്റ്റുകാരുടെ സ്വർഗ്ഗമായ റഷ്യയിൽ ചെന്നാൽ കാണാം, സ്റ്റാലിൻെറ മർദ്ദനഭരണത്തിൻെറ ഭയങ്കര നിഴലുകൾ അവിടെ പാഞ്ഞു നടക്കുന്നതു്. മനുഷ്യൻ പരിഷ്ക്കാരത്തിൻേറയും സംസ്കാരത്തിൻേറയും ഉച്ചകോടിയിൽ എത്തി എന്നഭിമാനിക്കുന്ന ഇന്നും ഇത്തരം മർദ്ദനങ്ങൾ നടക്കുന്ന സ്ഥിതിക്കു് ഒരു നൂററമ്പതു സംവത്സരങ്ങൾക്കുമുമ്പു് കൊച്ചിരാജ്യത്തു് ഒരു ശക്തൻതമ്പുരാൻ വല്ല മർദ്ദനങ്ങളും കൊലകളും നടത്തീട്ടുണ്ടെങ്കിൽ അതിൽ നമുക്കെന്താണിത്ര ആക്ഷേപിക്കാനുള്ളതു്. ഇന്നത്തെപ്പോലുള്ള കൂട്ടക്കൊലകളൊ "ഇടിവണ്ടി"കളൊ ഒന്നും അദ്ദേഹം പ്രയോഗിച്ചിരുന്നില്ല. അക്രമികളായ ഒന്നു രണ്ടു പേരെ വെട്ടിക്കൊല്ലുകയൊ, വേറെ ചിലരെ കിഴമനച്ചാലിൽ കെട്ടിത്താഴ്ത്തുകയൊ മാത്രമെ ചെയ്തിട്ടുള്ളു. അതും എന്തിന്നു്?

രാജ്യത്തു് ക്ഷേമവും സമാധാനവും നിലനിത്താൻവേണ്ടി മാത്രം. മററുള്ള സാധാരണ കുററങ്ങൾക്കു പിഴയൊ, താക്കീതൊ തുടങ്ങിയ തുച്ഛമായ ദണ്ഡനങ്ങൾ മാത്രമെ നല്കിയിരുന്നുള്ളൂ.

*        *        *        *

മഹാനായ അക്ബർ ചക്രവത്തിയും, ഇന്ത്യൻ നെപ്പോളിയനായ ഹൈദരാലിയും തങ്ങളുടെ ഭരണകാലത്തു് ഗോവധം നിശ്ശേഷം നിത്തൽ ചെയ്തിരുന്നു. പശുവും കാളയും രാഷ്ട്രത്തിൻെറ അമൂല്യസമ്പത്തുകളാണെന്നു് അവർ കണ്ടു. ഗോബ്രാഹ്മണസംരക്ഷണത്തിൽ ശക്തൻ തമ്പുരാനും വലിയ താല്പയ്യമുണ്ടായിരുന്നു. ഇസ്ലാം രാജാക്കന്മാരായിരുന്ന അക്ബറും ഹൈദറും, രാഷ്ട്രത്തിൻെറ രക്ഷയ്ക്കുവേണ്ടിയാണു് ഗോവധം നിത്തൽ ചെയ്തിരുന്നതെങ്കിൽ, ഒരു ഹിന്ദുരാജാവായ ശക്തൻതമ്പുരാൻ രാജ്യത്തിൻേറയും, ധമ്മത്തിൻേറയും പേരിലാണു് ഗോവധം നിത്തൽ ചെയ്തതെന്നു മാത്രം. രണ്ടുപേരുടേയും ലക്ഷ്യം രാഷ്ട്രസമ്പത്തു് സുരക്ഷിതമാക്കലായിരുന്നു.

ന്യായംനടത്തുന്ന കായ്യത്തിൽ ശക്തൻതമ്പുരാന്നു് നമ്പൂതിരിയും നായരും, പ്രഭുവും പിച്ചക്കാരനും, ഹിന്ദുവും മുസ്ലീമും എന്ന വ്യത്യാസമുണ്ടായിരുന്നില്ല. അപരാധി ആരായിരുന്നാലും അവൻ ശിക്ഷാൎഹനാണെങ്കിൽ ശിക്ഷിക്കതന്നെ ചെയ്തിരുന്നു. മുമ്പു് നാടുവാഴികളെ ശിക്ഷിപ്പാൻ പാടില്ലെന്നു് ഒരു വെപ്പുണ്ടായിരുന്നു. ശക്തൻതമ്പുരാൻ

ആ ധാരണ പാടെ വിപാടനംചെയ്തു. നാടുവാഴികളേയും ജന്മിനമ്പൂതിരിമാരേയും കുററംകണ്ടാൽ ശിക്ഷിക്കുന്ന സമ്പ്രദായം ശക്തൻതമ്പുരാനാണു് കൊച്ചിരാജ്യത്തു് ആദ്യമായി നടപ്പാക്കിയതു്. അതിന്നു ധൈര്യപ്പെട്ടതും അദ്ദേഹം തന്നെയായിരുന്നു.

വാദിയുടേയും പ്രതിയുടേയും മൊഴികേട്ടു് വിധികല്പിക്കാനുള്ള അന്നത്തെ ജഡ്ജിമാർ വിവേകികളും വിദ്വാന്മാരുമായിരുന്നു. ഇന്നത്തെപ്പോലെ പേരിൻെറ പിന്നിൽ നാലക്ഷരമുണ്ടെങ്കിൽ അവന്നു ജഡ്ജിയും മുൻസീഫുമാകാമെന്ന നിയമമല്ല അന്നു്. വാദപ്രതിവാദങ്ങളിൽ സത്യത്തിൻെറ കാമ്പുകണ്ടുപിടിക്കാനുള്ള ആത്മശക്തിയും ബുദ്ധിയും ആർക്കുണ്ടോ അവനെ ന്യായാധിപതിയാക്കുകയായിരുന്നു ശക്തൻതമ്പുരാൻെറ പതിവു്. അതിന്നുവേണ്ടി ഒരു സംഘം ജൂറിമാരെ അദ്ദേഹം നിയമിച്ചിരുന്നു. പലപ്പോഴും തമ്പുരാൻതന്നെ കേസ്സുകൾ കേൾക്കുന്നതിന്നുവേണ്ടി ജൂറിമാരുടെ കൂട്ടത്തിൽ ഹാജരായിരുന്നു. ചിലപ്പോൾ ജൂറിമാരെ പരീക്ഷിപ്പാൻവേണ്ടി തമ്പുരാൻ വേഷംമാറി കോടതിയിൽ ഹാജരായിരുന്നു. ഇത്തരം രസാവഹമായ ഒരു കഥ ഐതിഹ്യരൂപത്തിൽ കേട്ടിട്ടുണ്ടു്.

"തലപ്പിള്ളിതാലൂക്കിൽ ചേലക്കരെയ്ക്കു സമീപംവെച്ചു് ഒരു വെട്ടിക്കൊല നടന്നു. ഒരു സ്ഥാനിനായർതറവാട്ടിലെ ഒരധികാരവഴക്കു സംബന്ധിച്ചാണു് സംഭവം നടന്നതു്. പ്രതികൾ പ്രമാണികളായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. കേസ്സു് പ്രമാദമായി നടന്നു. പ്രതികൾക്കു വേണ്ടപ്പെട്ട

ചില നമ്പൂതിരിമാക്ക് കോവിലകത്തു സ്വാധീനശക്തിയു ണ്ടായിരുന്നു. അതുകൊണ്ടു് പ്രതികൾക്കു് ഒട്ടും ഭയമുണ്ടായി രുന്നില്ല. ജൂറിമാരുടെയടുക്കെയും ഈ സ്വാധീനശക്തി ചെ ന്നു. ചാരന്മാർമുഖേന ഈ വശീകരണപ്രയോഗങ്ങളെല്ലാം ശക്തൻതമ്പുരാനും അറിയുന്നുണ്ടു്. പക്ഷെ, തമ്പുരാനോടു് നേരിട്ടു പറയുവാൻ ആൎക്കും ധൈൎയ്യമുണ്ടായില്ല. ഒടുവിൽ കേ സ്സ് വിധിപറയുന്ന ദിവസം തമ്പുരാനും വേഷം മാറി ന്യാ യമന്ദിരത്തിൽ ഹാജരായിരുന്നു. ഈ വസ്തുത ആരും അ റിഞ്ഞില്ല. എന്തുതന്നെ സേവയും ശിപാൎശിയും ഈ കേ സ്സിൽ ഉണ്ടായിരുന്നിട്ടും ജൂറിമാർ സത്യത്തെ അറിഞ്ഞു ശിക്ഷിച്ചു എന്നതു് പ്രത്യേകം പ്രസ്താവ്യമാണു്. ഇന്നൊ ഞാനുമാണു് അത്തരം ഒരു കേസ്സുണ്ടായതെങ്കിൽ കഥ പ റയണൊ? അടുത്തകാലത്തു് കൊച്ചിരാജ്യത്തു് നടത്തുന്ന ഇത്തരം ഒരു കേസ്സിൽ—ഒലയ്ക്കുകൊണ്ടു് തല്ലിക്കൊന്ന കേ സ്സിൽ—ഒലയ്ക്കുക്കാണു് മരണശിക്ഷ വിധിച്ചതു് എന്നുമാ ത്രം പറഞ്ഞാൽ മതിയല്ലൊ.

"കോഴയും കൈക്കാണവും വാങ്ങരുതാരും തന്നൊ
സ്വാമികാൎയ്യത്തിലാരും ലോപവും വരുത്താൎക്കു.
വാപികൾ, കൂപങ്ങളും, സീമകളാരാമവും,
ദേവതാഗൃഹം, ധൎമ്മശാലകൾ മാൎഗ്ഗങ്ങളും
ആരുമെ തടയരുതേതുമേയന്ധരേയും
ദീനരാം ജനത്തേയും വികലാഗന്മാരേയും"

എന്നിങ്ങിനെയുള്ള നീതിശാസ്ത്രങ്ങളേയാണു് ശക്തൻതമ്പു രാൻ നടപ്പിലാക്കിയിരുന്നതു്. കോഴവാങ്ങുക, ദീനന്മാരേ യും വികലന്മാരേയും ഉപദ്രവിക്കുക എന്നീ രണ്ടു സംഗതി

കൾ അദ്ദേഹത്തിന് ഏററവും വെറുക്കപ്പെട്ടവയായിരുന്നു. ഏതെങ്കിലും സക്കാരുദ്യോഗസ്ഥൻ കോഴവാങ്ങി എന്നു കേട്ടാൽ അദ്ദേഹത്തിന്നു ഈററപിടിയ്ക്കുകയായി. ശക്തൻ തമ്പുരാന്നു് ദേഷ്യം പിടിച്ചാൽ പിന്നെ, പരമശിവൻ മൂന്നാംതൃക്കണ്ണു് മിഴിച്ച കഥയാണു്.

* * * *

ഒരു സക്കാരുദ്യോഗസ്ഥനാവുക എന്നതു് ഏതു രാജ്യത്തും ഏതു കാലത്തും ബഹുമാനത്തിന്നും സുഖജീവിതത്തിന്നും ഉള്ള ഒരു വഴിയാണല്ലൊ. പക്ഷെ, പ്രജകളുടെ യോഗക്ഷേമങ്ങളെ നിലനിൎത്തിപ്പോരുവാൻ ആഗ്രഹിക്കുന്ന ഒരു സക്കാരാണെങ്കിൽ, അവിടത്തെ ഉദ്യോഗജീവിതം ഒരു പുഷ്പശയ്യയല്ല, ഒരു മുൾക്കിടയ്ക്കയാണു്. പ്രധാനമന്ത്രിയുടെ കസേര മുട്ടുസൂചികൾ കൊണ്ടുണ്ടാക്കിയതാണെന്ന പണ്ഡിററ് ജവഹർലാൽ ഒരിക്കൽ പറയുകയുണ്ടായി. എന്നാൽ രാജ്യസ്നേഹികൾക്കുമാത്രമെ അങ്ങിനെ തോന്നുകയുള്ളു. ശക്തൻതമ്പുരാൻെറ രാജ്യഭരണകാലത്തു് സക്കാർകസേരകളെല്ലാം ഇത്തരത്തിലായിരുന്നു. രാജ്യസ്നേഹിയ്ക്കും സത്യസന്ധനും, ആത്മാൎത്ഥതയുള്ളവനും മാത്രമെ അവിടെ അമന്നിരിക്കാൻ ധൈയ്യം വന്നിരുന്നുള്ളു. കാൎയ്യങ്ങളിൽ വല്ല കൈപ്പിഴയൊ അശ്രദ്ധയൊ വന്നിട്ടുണ്ടെങ്കിൽ അവനു് ശിക്ഷ തീച്ചയാണു്. ഉദ്യോഗസ്ഥന്മാൎക്കു് മാപ്പു കൊടുക്കുന്ന സമ്പ്രദായം ശക്തൻതമ്പുരാന്നു് അറിയാമായിരുന്നില്ല. എന്നാൽ സാധാരണക്കാരായ പ്രജകളുടെ അപരാധങ്ങ

ളിൽ അദ്ദേഹം പലപ്പോഴും കണ്ണടച്ചിട്ടുണ്ട്. ഏതുവലിയ ഉദ്യോഗസ്ഥനായിരുന്നാലും വേണ്ടതില്ല, അയാളുടെ നിസ്സാരമായ തെററുകൾക്കുകൂടി കഠിനശിക്ഷ കൊടുത്തിരുന്നു. ഉദ്യോഗസ്ഥന്മാരാരാനും കോഴവാങ്ങിയതായൊ വ്യഭിചാരത്തിന്നൊരുങ്ങുകയൊ ചെയ്താൽ അവൎക്കുള്ള ശിക്ഷ കഠിനമായിരുന്നു. ഒരു പട്ടാള ഉദ്യോഗസ്ഥൻ ഒരു സ്ത്രീയെ വ്യഭിചാരത്തിന്നു പ്രേരിപ്പിച്ചു എന്ന കുററത്തിന്ന് അയാളെ വധിച്ച ഒരു കഥയുണ്ട്.

തലപ്പിള്ളി താലൂക്കിൽ പാർളിക്കാട്ട് വില്ലേജിൽ ചിരുതേയി എന്നൊരു നായർ സ്ത്രീ ഉണ്ടായിരുന്നു. ആകാരസൌഷ്ഠവത്താൽ അവൾ കാഴ്ചയ്ക്ക് ഒരു സുന്ദരിയായിരുന്നു. അവളുടെ ഭൎത്താവ് മറുനാട്ടിൽ ഒരു ഉദ്യോഗസ്ഥനായിരുന്നു. അയാൾ കൊല്ലത്തിൽ ഒന്നോ രണ്ടോ പ്രാവശ്യമെ നാട്ടിൽ വരാറുണ്ടായിരുന്നുള്ളു. അക്കാലത്തു് തലപ്പിള്ളി കോട്ടകാവലിന്ന് കുറച്ചു് പട്ടാളക്കാർ അവിടെ സ്ഥിരം താമസമുണ്ടായിരുന്നു. തലപ്പിള്ളി കോട്ട തൃശ്ശൂർ താലൂക്കിന്റെ വടക്കെ അററത്തായിരുന്നു. അവിടെ നിന്നു പാർളിക്കാട്ടേയ്ക്കു് അധികം ദൂരമില്ല. അഞ്ചാറുനാഴികയെ ദൂരമുണ്ടായിരുന്നുള്ളു. അതുകൊണ്ടു പട്ടാളത്തിലെ * കുമദാന്തി പാർളിക്കാട്ട് മുതലായ ദിക്കിലേക്കു 'സക്കീട്ടു'പോവുക പതിവായിരുന്നു. ഒരു ദിവസം ചിരുതേയിഅമ്മയെ കണ്ടുമുട്ടി. അവളുടെ സൌന്ദൎയ്യം കുമദാന്തിയെ ആകൎഷിച്ചു. അന്നുമുതല്ക്കു് അയാൾ ചിരുതേയിഅമ്മയു

* കുമദാന്തി=ഒരു പട്ടാള ഉദ്യോഗസ്ഥൻ.

ടെ പിന്നാലെ കൂടുകയായി. ചിരുതേയിഅമ്മ ഒഴിഞ്ഞു മാറാൻ ശ്രമിച്ചു. പുള്ളിക്കാരൻ വിടുന്ന ഭാവമല്ല. ഒടുവിൽ നിവൃത്തിയില്ലാതെ ചിരുതേയിഅമ്മ തമ്പുരാൻെറ അടുക്കൽ സങ്കടം ബോധിപ്പിക്കുവാൻ നിശ്ചയിച്ചു. ഒരു ദിവസം രാവിലെ തൃശ്ശൂക്ക് പുറപ്പെട്ടു. അന്ന് തമ്പുരാൻ തൃശ്ശിവപേരൂരിൽ എഴുന്നള്ളി താമസിക്കുന്ന കാലമാണ്.

രാവിലെ ഒരൊമ്പതുമണിയ്ക്കു മുമ്പ് ചിരുതേയിഅമ്മ തൃശ്ശൂരിൽ എത്തിച്ചേർന്നു. രാവിലെ അമൃതേത്തു കഴിഞ്ഞു തമ്പുരാൻ മാളികവരാന്തയിൽ ഉലാത്തുകയാണ്. ആ സമയത്തു് താഴെ മുററത്തു് ഒരു കുലവധു നില്ക്കുന്നതു കണ്ടു് തമ്പുരാൻെറ ഒരു "ഹരിക്കാര"നെ വിളിച്ചു്, ആ സ്ത്രീ എന്തിനാണ് വന്നിരിക്കുന്നതെന്ന് അന്വേഷിക്കുവാൻ പറഞ്ഞു. തിരുമുമ്പാകെ സങ്കടം ഉണർത്തിക്കുവാനാണ് വന്നിരിക്കുന്നതെന്ന് അറിഞ്ഞപ്പോൾ ഉടനെ മുകളിലേക്കു കൂട്ടിക്കൊണ്ടുവരുവാൻ കല്പനയായി.

ചിരുതേയിഅമ്മ മാളികമുകളിൽ ആനയിക്കപ്പെട്ടു.

തമ്പുരാൻ—എന്താണ് വന്നതു്?

സ്ത്രീ—അടിയന്ന് ഒരു സങ്കടം ഉണർത്തിക്കുവാനുണ്ടു്.

തമ്പുരാൻ—പറയൂ.

സ്ത്രീ—ഇവിടത്തെ തലപ്പിള്ളി കോട്ടയിലെ കുമദാന്തി ........അവർ ഒരൽപവിരാമമിട്ടു.

തമ്പുരാൻ—(ഒരു സ്വരപ്പകർച്ചയോടെ) ഉം. മുഴുവൻ പറയൂ.

സ്ത്രീ—(മൌനമായി നിന്നതേയുള്ളൂ.)

തമ്പുരാന്ന് കാര്യം മനസ്സിലായി. മുഖം തുടുത്തുതുടങ്ങി. അതേവരെ ഉലാത്തിക്കൊണ്ടിരുന്ന അദ്ദേഹം അവിടെനിന്നു പറഞ്ഞു:—"പറയൂ, കാര്യം എന്താണ്?"

സ്ത്രീ—ഈ സാധുസ്ത്രീയെ കുലംപിഴപ്പിക്കുവാൻ ശ്രമിച്ചു.

എൻെറ പട്ടാള ഉദ്യോഗസ്ഥൻ പരസ്ത്രീഗമനത്തിന്ന് ഒരുങ്ങുകയോ, ഒരു കുലസ്ത്രീയുടെ മാനഭംഗത്തിന്ന് ഒരുമ്പെടുകയൊ? ഊ! ക്രോധാവേശത്തോടെ വരാന്തയിൽ ഒരു ചവിട്ട്. മാളികതന്നെ ഒന്നു നടുങ്ങി. അന്തരീക്ഷം നിശ്ശബ്ദമായി. ചിരുതേയിഅമ്മ വിയർത്തു! ഒരു നിമിഷം കഴിഞ്ഞു തമ്പുരാൻ ക്രോധം അടക്കി വീണ്ടും ഉലാത്തിക്കൊണ്ടിരുന്നു.

കുറച്ചുകൂടി കഴിഞ്ഞു. തമ്പുരാൻ തുടൎന്നു:—"ആട്ടെ, അവന്ന് അനുകൂലമായ ഒരു മറുപടി നല്കരുതേയോ?"

സ്ത്രീ—എനിക്കു സമ്മതമല്ല. പക്ഷെ, തിരുമനസ്സിന്ന് കല്പിക്കയാണെങ്കിൽ ചെയ്യാം.

തമ്പുരാൻ—ശരി, എന്നാൽ നാളെ രാത്രി 12 മണിക്ക് അവനെ വീട്ടിലേക്കു ക്ഷണിയ്ക്കൂ.

സ്ത്രീ—കല്പനപോലെ.

തമ്പുരാൻ—എന്നാൽ പോകാം.

ഊട്ടുപുരയിൽനിന്ന് ആ സ്ത്രീക്കു ഭക്ഷണവും കൊടുപ്പിച്ച് കുതിരവണ്ടിയിൽ കയററി പാർളിക്കാട്ട് അവരുടെ വീട്ടിൽ എത്തിക്കാൻ തമ്പുരാൻ കല്പനകൊടുത്തു.

തമ്പുരാൻ ഉടനെ പണിക്കർ കപ്പിത്താനെ വിളി

ച്ചു് കാര്യങ്ങൾ അറിയിച്ചു. വേണ്ടതുപോലെ ചെയ്യുവാനുള്ള നിർദ്ദേശവും കൊടുത്തു.

നിശ്ചിതദിവസം കുമദാന്തി നേരത്തെത്തന്നെ അണിഞ്ഞൊരുങ്ങി ശൃംഗാരിയായി സൈരന്ധ്രിയുടെ അടുക്കലേയ്ക്കു പുറപ്പെടുന്ന കീചകനെപ്പോലെ തയ്യാറായി. രാത്രി 12 മണിക്കു മുമ്പുതന്നെ ചിരുതേയിഅമ്മയുടെ വീട്ടിൽ ഹാജരായി. ഉടനെത്തന്നെ പണിക്കർ കപ്പിത്താനും കൂട്ടുകാരും അയാളെ പിടിച്ചു് വരിഞ്ഞുകെട്ടി ഒരു തണ്ടിൽ കയററി രാത്രിക്കുരാത്രി തൃശ്ശൂർ കോവിലകത്തു് ഹാജരാക്കി.

പിറേറദിവസം തമ്പുരാൻ അയാളുടെ തലവെട്ടാൻ കല്പനകൊടുത്തു. ആ വധശിക്ഷയുടെ വിധിന്യായത്തിൽ ഇങ്ങിനെയാണത്രെ തുടക്കം—വേലിതന്നെ വിളവ് തിന്നുകയൊ......രാജ്യത്തു് നീതിയും ധർമ്മവും നിലനിർത്തേണ്ടുന്ന ഉദ്യോഗസ്ഥന്മാർ ഇത്തരം അധർമ്മത്തിന്നും അക്രമത്തിന്നും പുറപ്പെട്ടാൽ രാജ്യത്തു് എങ്ങിനെ ശാന്തിയും സമാധാനവും നിലനില്ക്കും. കോഴവാങ്ങിയ വല്ല കേസ്സുമാണെങ്കിൽ അയാളെ ഉദ്യോഗത്തിൽനിന്നു പിരിച്ചു് അയാളുടെ സ്വത്തുക്കൾ സക്കാരിലേക്കു കണ്ടുകെട്ടുകയായിരുന്നു പതിവ്. ഇക്കാര്യത്തിൽ അദ്ദേഹത്തിന്നു് അകവും പുറവും വ്യത്യാസമുണ്ടായിരുന്നില്ല.

ഇത്തരം കശ്ശനനിയമങ്ങളെ ആധാരമാക്കി ചിലർ പറയാറുണ്ടു്, ശക്തൻതമ്പുരാൻ ഒരു സ്വേഛാധിപതിയായിരുന്നു എന്നു്. എന്നാൽ ഞാൻ ചോദിക്കട്ടെ, ജനകീയം പ്രജായത്തം എന്നൊക്കെ പറഞ്ഞു ജയഭേരിയടിച്ചു് നട

ക്കുന്ന ഇന്നത്തെ ഭരണത്തിന്റെ കീഴിൽ കൈക്കൂലികളും വ്യഭിചാരങ്ങളും നടക്കുന്നില്ലേ? കൈക്കൂലികൾക്കും കരിഞ്ചന്തകൾക്കും ഇന്നു് വല്ല കയ്യുംകണക്കുമുണ്ടോ? തലമുതൽ അടിവരെ കൈക്കൂലിയല്ലേ നടക്കുന്നതു്? 5½ ലക്ഷംമുതൽ 5½ ചക്രംവരെ കോഴമേടിച്ച കേസ്സുകൾ നമ്മുടെ രാജ്യത്തു് നടന്നില്ലേ? എന്നിട്ടു് എന്തുണ്ടായി? അപ്പോൾ ഞാൻ ചോദിക്കുന്നു, ഇന്നത്തെ ജനകീയമൊ ശക്തൻതമ്പുരാന്റെ സ്വേച്ഛാധിപത്യമൊ നിങ്ങൾക്കു കാമ്യം?

* * * *

ഭരണസൌകര്യാൎത്ഥം കൊച്ചിരാജ്യത്തെ ശക്തൻതമ്പുരാൻ കിഴക്കു്, വടക്കു്, തെക്കു് എന്നിങ്ങിനെ മൂന്നുഭാഗമായി തിരിച്ചു. ചിററൂർ, തത്തമംഗലം മുതലായതു് കിഴക്കേ ഡിവിഷനിലും, തലപ്പിള്ളി, തൃശ്ശൂർ തുടങ്ങിയതു് വടക്കേ ഡിവിഷനിലും മുകന്ദപുരം, കണയന്നൂർ ഇവ തെക്കെ ഡിവിഷനിലും ഉൾപ്പെടുത്തി. കൂടുതൽ സൌകര്യത്തിന്നുവേണ്ടി ഈ താലൂക്കുകളെ പ്രവൃത്തികളായും ഭാഗിച്ചു. എല്ലാററിന്നും വേറെ വേറെ ഉദ്യോഗസ്ഥന്മാരുമുണ്ടായിരുന്നു. തമ്പുരാന്റെ സ്ഥിരവാസസ്ഥലമായ തൃപ്പൂണിത്തുറയായിരുന്നു ഇവരുടെ എല്ലാം ഹെഡ് ആപ്പീസ്സ്. തലസ്ഥാന ആപ്പീസ്സിലും വിചാരിപ്പുകാർ, മുതൽപിടിക്കാർ, കാൎയ്യക്കാരന്മാർ, കണക്കെഴുത്തുകാർ, വരിയോലക്കാർ എന്നിങ്ങിനെ പ്രത്യേകവകുപ്പുകളിൽ പ്രത്യേക ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. ഇവക്കെല്ലാം മേലധികാരിയായി ദിവാന്റെ സ്ഥാനം വഹിക്കുന്ന ഒരുദ്യോഗസ്ഥനുണ്ടാ

യിരുന്നു. അദ്ദേഹത്തെ വലിയ എജമാനനെന്നും സർവ്വാധി എന്നും വിളിച്ചുവന്നിരുന്നു.

ഇതുപോലെത്തന്നെ പട്ടാളത്തിലും വകുപ്പ് വിഭജനണ്ടായിരുന്നു. നിയന്ത്രണസൌകര്യത്തിന്നുവേണ്ടി പട്ടാളങ്ങൾ, കമ്പനികൾ, റജമെണ്ടുകൾ എന്നിങ്ങനെ മൂന്നായി ഭാഗിച്ചിരുന്നു. ഇവരുടെ തലവന്മാരായി കപ്പിത്താന്മാരേയും (Captains) കപ്പിത്താന്മാരുടെ തലവനായി കമാണ്ടരേയും, കമാണ്ടൎക്ക് മീതെയായി ഒരു വലിയ കപ്പിത്താനേയും നിയമിച്ചു.

ഇതിന്നും പുറമെ, പാണ്ടികശാല വിചാരിപ്പ്, ചുങ്കം വിചാരിപ്പ് എന്നീ ഉദ്യോഗസ്ഥന്മാരുമുണ്ടായിരുന്നു. ഇവരുടെ ജോലി അതാത് പേരിൽനിന്നുതന്നെ വ്യക്തമാകുന്നുണ്ടല്ലൊ.

ചന്ദ്രഗുപ്തമൌൎയ്യനെപ്പോലേയൊ, അശോകചക്രവൎത്തിയെപ്പോലേയൊ, അക്ബർ ബാദഷാവിനെപോലേയൊ ഭാരതഖണ്ഡം മുഴവനും പിടിച്ചടക്കി ഒരു ബൃഹത്തായ സാമ്രാജ്യം സ്ഥാപിക്കണമെന്ന ആഗ്രഹം ശക്തൻതമ്പുരാന്നുണ്ടായിരുന്നില്ല. അതിനൊട്ട് അദ്ദേഹം ശ്രമിക്കയും ചെയ്തില്ല. ഉള്ളത് സുരക്ഷിതമാക്കി പ്രജകളിൽ ശാന്തിയും സമാധാനവും നിലനിൎത്തണമെന്നേ ഉണ്ടായിരുന്നുള്ളു. അതിന്നുവേണ്ടി മാത്രമെ ശക്തൻതമ്പുരാനും ശ്രമിച്ചിരുന്നുള്ളു. ഇക്കാൎയ്യത്തിൽ അദ്ദേഹം വിജയംനേടുകയും ചെയ്തു. സാമ്രാജ്യദുർമ്മോഹം അദ്ദേഹത്തെ തീരെ തീണ്ടിയിരുന്നില്ല. അതുകൊണ്ടു് അദ്ദേഹത്തിന്ന് നിരാശപ്പെടേണ്ടിയും വന്നില്ല.

# ധാർമ്മികബോധം

കൊച്ചിരാജകുടുംബാംഗങ്ങളും ഇവിടത്തെ പ്രജകളിൽ ഭൂരിപക്ഷം ജനങ്ങളും മതംകൊണ്ടു ഹിന്ദുക്കളാണല്ലോ. ഒരു യഥാർത്ഥ ഹിന്ദുരാജാവിൻെറ ധർമ്മം മററു സമസ്തമതങ്ങളേയും സമഭാവനയോടെ വീക്ഷിക്കുകയാണല്ലോ. ഹിന്ദുമതത്തിൻെറ മഹത്തായ ഈ ആദർശത്തെതന്നെയാണ് ശക്തൻതമ്പുരാനും അനുഷ്ഠിച്ചുപോന്നതു്. അല്ലാതെ, "ഇസ്ലാംധർമ്മത്തിൻെറ പ്രചരണത്തിന്നുവേണ്ടിയാണ് അല്ലാഹു എന്നെ ഈ ദുനിയാവിലേക്കു അയച്ചിട്ടുള്ളതു്" എന്നു് അറംഗസീബ് ചക്രവർത്തി പറഞ്ഞതുപോലെ ശക്തൻതമ്പുരാൻ പറയുകയൊ പ്രവൃത്തിക്കയൊ ചെയ്തിട്ടില്ല. ഹിന്ദുമതത്തിൻെറ പ്രചരണത്തിന്നുവേണ്ടി അദ്ദേഹം ഇതരമതങ്ങളെ അണുപോലും ദ്രോഹിച്ചിട്ടില്ല. നേരെ മറിച്ചു് ഇതരമതസ്ഥന്മാർക്കു പലേ സഹായസഹകരണങ്ങളും ചെയ്തിട്ടുമുണ്ടു്. സ്വന്തം നിലയ്ക്കും മഹാരാവിൻെറ നിലക്കും അദ്ദേഹം പലേ ആനുകൂല്യങ്ങളും ചെയ്തിട്ടുണ്ടു്! മതപരമായ കാര്യങ്ങളിൽ ശക്തൻതമ്പുരാന്നു് ഒരു വിശാലഹൃദയത്വമാണുണ്ടായിരുന്നതു്.

ശക്തൻതമ്പുരാൻെറ ഭരണകാലത്തു് ക്രിസ്ത്യാനികളും, ജൂതന്മാരും, മുഹമ്മദീയരും കൊച്ചിരാജ്യത്തു് ധാരാളമുണ്ടായിരുന്നു. അവരോടെല്ലാം തമ്പുരാൻ ഹൃദയം തുറന്നു പെരുമാറിയിരുന്നു. ക്രിസ്തീയദേവാലയങ്ങൾ പണി

യിക്കുന്നതിന്ന് അദ്ദേഹം പലേയിടത്തും സ്ഥലം സൌജന്യ മായി പതിച്ചുകൊടുത്തു. കുന്നംകുളത്തുള്ള "അന്തിമാളൻ കാവ്" പള്ളി അവൎക്കായി ഒഴിഞ്ഞുകൊടുത്തതാണ്. പ ള്ളികളിലേക്കു പലേ വഴിവാടുകളും അദ്ദേഹം നല്കിയിരു ന്നു. കാഞ്ഞൂർ കത്തോലിക്കാ പള്ളിക്കാൎക്ക് അദ്ദേഹം വി ചിത്രമായ ഒരു വിളക്കു സമ്മാനിച്ചു. ആനവിളക്ക് എ ന്നാണ് ഇതിന്നു പേർ. അത് ഇന്നും ആ പള്ളിയിലുണ്ട്. അവരുടെ മതപരമായ വഴക്കുകൾകൂടി അദ്ദേഹം ഇരുകൂട്ട ൎക്കും തൃപ്തികരമാംവണ്ണം തീൎത്തുകൊടുത്തിരുന്നു.

ഒരിക്കൽ കത്തോലിക്കാക്കാരും യാക്കോബായക്കാരും തമ്മിൽ കുന്നംകുളത്തു വെച്ച് പ്രമാദമായ ഒരു വഴക്കുണ്ടാ യി. ചാട്ടുകുളത്തിന്നു സമീപമുണ്ടായിരുന്ന ദൈവമാതാ വിൻെറ പള്ളിയും അതിന്നുമുൻവശത്തുള്ള കുരിശുപള്ളി യുമാണ് വഴക്കിന്നു കാരണം. ചാട്ടുകുളത്തെ ദേവമാതാവി ൻെറ പള്ളിക്കു അതിപ്രാചീനത്വമുണ്ട്. കുരിശുപള്ളി അതിന്നുശേഷം ഉണ്ടായതാണത്രെ. ഒരു മതത്തിൽപ്പെട്ട രണ്ടുകൂട്ടർ തമ്മിലുള്ള കിടമൽസരമാണ്. അതെ, ഒരു ദേഹത്തിലെ രണ്ടു കൈകൾ തമ്മിലുള്ള ഒരടി! മൽസരം മൂത്തുമൂത്ത് ഒരു വലിയ മതപരമായ യുദ്ധത്തിന്നുള്ള അ ണിയറ തയ്യാറായി. പുരോഹിതന്മാർ തമ്മിലുള്ള സന്ധി ഷച്ചകളെല്ലാം പരാജയപ്പെട്ടു. അപ്പോൾ, പുലിക്കോട്ടിൽ ഇട്ടൂപ്പ് ശക്തൻതമ്പുരാൻെറ അടുക്കെ സങ്കടമറിയിച്ചു. വഴക്കു തീൎത്തുതരണമെന്ന് അപേക്ഷിച്ചു. ഇട്ടൂപ്പ് ഒരു തി കഞ്ഞ വൈദികൻകൂടിയായിരുന്നു.

ഇട്ടൂപ്പ് വൈദികൻെറ ഹരജി കിട്ടിയപ്പോഠം തമ്പുരാൻ കുന്നംകുളത്തു് എഴുന്നള്ളി താമസമാക്കി തൻെറ ചാരസംഘത്തിൽ പെട്ട സമർത്ഥന്മാരായ രണ്ടുപേരെ രഹസ്യമായി വഴക്കിൻെറ മൂലകാരണം അറിയുവാൻ വിട്ടു. പിന്നീട് യാക്കോബായ പ്രമാണികളേയും കത്തോലിക്കാ പ്രമാണിമാരേയും വിളിച്ചു് വരുത്തി. രണ്ടുകൂട്ടരേയും പറഞ്ഞുസമാധാനിപ്പിച്ചു് ഇരുകൂട്ടരും തമ്മിൽ സന്ധിചെയ്യിച്ചു. ഈ ഒത്തുതീപ്പിൽ തമ്പുരാൻ ഹൃദയം കവരുന്ന ഒരു സൌഹാർദ്ദമനോഭാവം പ്രകടിപ്പിച്ചു. "ഞാൻ ഒരു മഹാരാജാവിൻെറ അധികാരത്തോടുകൂടിയല്ല ഈ രണ്ടുകൈകളേ ഒരുമിച്ചു് ചേർപ്പിക്കുന്നതു്" ഇതായിരുന്നുവത്രെ തമ്പുരാൻെറ വാക്ക്. പോരെ, ഇതിലുംമീതെ എന്തൊരു വിശാലഹൃദയത്വമാണു് ഒരു മഹാരാജാവിന്നുണ്ടാവുക. ഇതുപോലെത്തന്നെ കൊച്ചിയിലെ ജൂതന്മാൎക്കും അവിടത്തെ പ്രസിദ്ധപ്പെട്ട ജൂതപ്പള്ളിയിലേയ്ക്കും അദ്ദേഹം പലേ സഹായങ്ങളും ചെയ്യിട്ടുണ്ടു്. എല്ലാമതങ്ങളും ഈശ്വരസാക്ഷാൽക്കാരത്തിന്നുള്ള മാൎഗ്ഗങ്ങളാണെന്നാണു ശക്തൻതമ്പുരാൻെറ മതം.

ഹിന്ദുക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന്നും അദ്ദേഹം കയ്യഴിച്ചു് ധനസഹായം ചെയ്യിട്ടുണ്ടു്. തിരുവഞ്ചിക്കുളം ക്ഷേത്രം, കൂടൽമാണിക്കക്ഷേത്രം, വടക്കുന്നാഥക്ഷേത്രം ഇവയെല്ലാം അദ്ദേഹം പുതുക്കി പണിയിച്ചു.

ക്ഷേത്രങ്ങളോടും, പള്ളികളോടും ഈശ്വരാരാധനയ്ക്കുള്ള എല്ലാ സ്ഥലങ്ങളോടും അദ്ദേഹത്തിന്നു ബഹുമാനവും ഭക്തിയുമുണ്ടായിരുന്നു. തൃശ്ശൂർ കോവിലകംവക "അ

ശോകപുരം" ക്ഷേത്രത്തെ സംബന്ധിച്ച് അദ്ദേഹം ഒരു നീണ്ട കല്പന പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു മററെല്ലാ ക്ഷേത്രങ്ങൾക്കും ബാധകമാണെന്നും പ്രത്യേകം പറയേണ്ടതില്ലല്ലൊ. ക്ഷേത്രം ഉദ്യോഗസ്ഥന്മാർ അവിടെ ആരാധനയ്ക്കു വരുന്ന ഭക്തജനങ്ങളോട് പെരുമാറേണ്ട രീതി, ക്ഷേത്രശുചീകരണം, ക്ഷേത്രം അശുദ്ധമാക്കുന്നവരെ ശിക്ഷിക്കേണ്ട ക്രമം തുടങ്ങിയവ വ്യക്തമായി ആ വിളംബരത്തിൽ പറഞ്ഞിരുന്നു. ഒന്നു രണ്ടു ശിക്ഷാക്രമങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു് രസാവഹമായിരിക്കും. മതിലകത്തു് ആരാനും മുറുക്കിത്തുപ്പിയാൽ അതു് അവരെക്കൊണ്ടു് തിററിക്കണം. നമ്പൂതിരിമാർക്കു് കൌപീനം ക്ഷേത്രത്തിൽ തോരയിടുന്ന സമ്പ്രദായം പണ്ടേയുള്ളതാണു്, ആയതു് ഇന്നും ധാരാളം നടന്നുവരുന്നുണ്ടു്. അതിനുള്ള ശിക്ഷയും രസാവഹമാണു്. കൌപീനം വല്ലവരും ക്ഷേത്രത്തിൻെറ ചിററമ്പലത്തിന്നകത്തു് ഉണങ്ങുവാൻ തോരയിട്ടാൽ അതെടുത്തു് കരിച്ചു് കലക്കി അതിൻെറ ഉടമസ്ഥനെക്കൊണ്ടു് കുടിപ്പിക്കണം. ഇത്തരം ശിക്ഷകൾകൊണ്ടു് മാനസികവേദനയാണല്ലൊ ഉണ്ടാവുക. ക്ഷേത്രസംബന്ധമായ നടവടിക്രമങ്ങളിൽ മാനസികദണ്ഡനങ്ങളായിരുന്നു വിധി.

ദൈവഭക്തിയും മതവിശ്വാസവും തികഞ്ഞ ഒരു രാജാവായിരുന്നു ശക്തൻതമ്പുരാൻ എന്നു് മുൻപറഞ്ഞ കാര്യങ്ങളിൽനിന്നും വ്യക്തമായല്ലൊ. എന്നാൽ ദൈവത്തിലും മതത്തിലും അദ്ദേഹം അന്ധമായി വിശ്വസിച്ചിരുന്നി

ല്ല. മതത്തിൻെറ പേരിലും ദൈവത്തിൻെറ പേരിലും അന്ധമായി നടക്കുന്ന ചില വിശ്വാസങ്ങളെ അദ്ദേഹം അവഹേളിച്ചിരുന്നു. ക്ഷേത്രങ്ങളിലെ ദേവീദേവന്മാരെ അദ്ദേഹം ബഹുമാനിക്കയും ആരാധിക്കയും ചെയ്തിരുന്നു. പക്ഷെ, അവരുടെ ഏജൻറുമാരായി വാളും ഇളക്കി തുള്ളി നടക്കുന്ന കോമരങ്ങളെ അദ്ദേഹത്തിന്നു പുച്ഛമായിരുന്നു. അവരെ ലേശവും ഭയവും ഭക്തിയും ഉണ്ടായിരുന്നില്ല. കോമരത്തെ കൊന്ന ഒരു ചെറിയ കഥ ഇവിടെ അപ്രസക്തമായിരിക്കയില്ല.

ശക്തൻതമ്പുരാൻ തൃശ്ശൂർ കോവിലകത്ത് എഴുന്നള്ളി താമസിക്കുന്ന കാലമായിരുന്നു അത്. അന്ന് വടക്കുന്നാഥ ക്ഷേത്രത്തിൻെറ തെക്കുഭാഗം മുഴുവനും ഭയങ്കര വനമായിരുന്നു. തേക്കിൻകാട്ട് എന്നാണ് ആ പ്രദേശത്തിന്നു പേരുതന്നെ. ഇന്ന് ആ സ്ഥലം ജനങ്ങൾ കാററുകൊള്ളുവാൻ ഉപയോഗിക്കുന്ന ഒരു നല്ല മൈതാനമായിട്ടുണ്ടെങ്കിലും, പേരു് ഇന്നും തേക്കിൻകാട്ട് എന്നുതന്നെയാണ്. പണ്ടു് ഈ പ്രദേശത്തിന്ന് അച്ഛൻെറ ജട (അച്ഛൻ=പരമശിവൻ) എന്നുകൂടി പേരുണ്ടായിരുന്നു. വൃക്ഷലതാദികൾ വളൎന്നു കാട്ടും പടലുമായി ഒരു ജടപോലെയായിരുന്നു ഈ പ്രദേശം. ശിവൻെറ ഭൂതഗണങ്ങൾക്കു താമസിക്കുവാനുള്ള ഒരു സ്ഥലമായിരുന്നുവത്രെ ഇതു്! അതുകൊണ്ടായിരിക്കാം ഈ പ്രദേശത്തിന്ന് യക്ഷിക്കുണ്ടു് എന്നൊരു പഴയ്യാഖ്യായശബ്ദവുംകൂടി ഉണ്ടായതു്. ഇവിടെവെച്ച് പലേ ഭയങ്കര കഥകളും നടന്നതായി ഐതിഹ്യങ്ങൾ ഉണ്ടു്.

ശക്തൻതമ്പുരാൻ ഒരു ഉല്പതിഷ്ണുവും പരിഷ്കാരിയുമാ യിരുന്നു എന്നു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. തൃശ്ശൂർ എഴുന്ന ള്ളിതാമസിക്കുന്നകാലത്തു് ഒരു ദിവസം അദ്ദേഹത്തിനു തോന്നി, ഈ കാടെല്ലാംവെട്ടി നാടാക്കിയാലെന്തെന്നു്. അങ്ങിനെയായാൽ തൃശ്ശൂരിൽ ജനങ്ങൾ പെരുകുവാനും വാണിജ്യം വദ്ധിക്കുവാനും, തന്മൂലം രാജ്യത്തിൻെറ മുത ലെടുപ്പ് വദ്ധിപ്പിക്കുവാനും വഴികളുണ്ടെന്നു് അദ്ദേഹം ദീ ഘദൎശനം ചെയ്തു. അദ്ദേഹത്തിൻെറ ആ പ്ലാൻ ഫലിച്ചു. ഇന്നു് തൃശ്ശൂർപട്ടണത്തിൻെറ സൌന്ദയ്യവും, മുതലെടുപ്പും അന്തസ്സും എന്താണു്? തമ്പുരാന്നു് ഈ തോന്നൽ ഉണ്ടാ യതോടുകൂടി, പിന്നെ താമസമുണ്ടായില്ല. കാട്ട് വെട്ടി തെളിയിപ്പാൻ കല്പനയായി. കല്പന പുറപ്പെടേണ്ട താമസം; കൂലിക്കാർവന്നു് വനംവെട്ടി തെളിയിക്കുവാൻ തുടങ്ങി. മ താന്ധന്മാരെ ഈ കല്പന തെല്ലൊന്നസ്വാസ്ഥ്യപ്പെടുത്തി. പ ക്ഷെ, തമ്പുരാൻെറ വായയ്ക്കു മുമ്പിൽ എതിർ വായയില്ല ല്ലൊ. എന്നാൽ പാറമേക്കാവു് ഭഗവതിയുടെ കോമരം കലികയറി തുള്ളികൊണ്ടു് കോവിലകത്തു് തമ്പുരാൻെറ മുമ്പിൽ ഹാജരായി "കല്പന"യായി.

കോമരം:—ഉണ്ണി നമ്മോടു് വിളയാടുന്നോ?

തമ്പുരാൻ:—എനിക്കു വിളയാട്ടം അറിഞ്ഞുകൂടാ.

കോമരം:—അതു് അച്ഛൻെറ ജടയാ.

തമ്പുരാൻ:—ഞാൻ അച്ഛൻേറയും അമ്മയുടേയും ജട തൊ ട്ടിട്ടില്ല. തേക്കിൻകാട്ട് വെട്ടിവെളിയിക്കാൻ കല്പന കൊടുത്തു എന്നുമാത്രം.

ഇത്രയുമായപ്പോഴയ്ക്കും കോമരത്തിന്നു കോപംവന്ന പോലെ തോന്നി. രണ്ടുമൂന്നു അട്ടഹാസം. കയ്യിലുള്ള വാളുകൊണ്ടു സ്വന്തം തലയ്ക്കു വെട്ടുവാൻ തുടങ്ങി. കോമരങ്ങൾ കലികയറിയാൽ തന്നെത്താൻ വെട്ടുകയാണല്ലൊ പതിവ്. ഇതു കണ്ടപ്പോൾ ശക്തൻതമ്പുരാന്ന് ആദ്യം ഒരു പുച്ഛം തോന്നി എങ്കിലും അവൻെറ ധിക്കാരത്തിൽ ദേഷ്യംവന്നു പറഞ്ഞു—കോമരം, നിൻെറ വാളിന്നു മൂച്ചയില്ല. മൂച്ചയുള്ള വാൾ ഞാൻ തരാമെന്നു പറഞ്ഞു തൻെറ വാളുകൊണ്ട് കോമരത്തിൻെറ തല രണ്ടായ് പിളന്നിട്ടു.

കോമരത്തെ കൊന്നു എന്ന കഥ നാട്ടുമുഴവൻ പരന്നു. ചിററമ്മത്തമ്പുരാട്ടിയുടെ കാതിലും എത്തി. ചിററമ്മയ്ക്കു പരിഭ്രമവും പേടിയുമായി. ശക്തനോട്ട് ചോദിച്ചു—"ഉണ്ണി! ഭഗവതിയെ കൊന്നുവൊ? ഇനി എന്തെല്ലാമാപത്താണ് വരാൻ പോകുന്നതെന്നറിയില്ല. ഉടനെ പ്രായശ്ചിത്തം ചെയ്യണം."

തമ്പുരാൻ—അമ്മേ! ഞാൻ ഭഗവതിയെ കൊന്നില്ല. ഭഗവതിയെ കൊല്ലുവാൻ സാധിക്കുമൊ? ഭഗവതിയുടെ ആളാണെന്നു പറഞ്ഞു് ഒരുത്തൻ തുള്ളിച്ചാടി ഇവിടെവന്നു എന്നെ ധിക്കരിച്ചു് സംസാരിക്കാൻ തുടങ്ങി. അപ്പോൾ അവൻെറ കഥകഴിച്ചു. മററുള്ള "കോമരങ്ങൾക്കു ഒരു പാഠവുമായി; അത്രേയുള്ളു. പ്രായശ്ചിത്തം ചെയ്യേണ്ട ഒരു പാപം അമ്മയുടെ ഉണ്ണി ചെയ്യുമൊ?

വെളിച്ചപ്പാടന്മാരുടെ കണ്ണും പിടിയും കാട്ടലിൽ ശക്തൻതമ്പുരാന്നു് ഒട്ടും ഭയമുണ്ടായിരുന്നില്ലെന്നും അത്തരം അന്ധവിശ്വാസങ്ങളെ ജനങ്ങളിൽനിന്നു നിഷ്കാസനം ചെയ്യണമെന്നുമാണു് പാറമേക്കാവ് കോമരത്തിൻെറ കഥ നമ്മോടു പറയുന്നതു്. ഭഗവതീകോപം തമ്പുരാനെ ബാധിച്ചില്ലെന്നു മാത്രമല്ല, “അച്ഛൻെറ ജട” ക്രോപ്പ് ചെയ്യിപ്പിച്ചു് വെടുപ്പും ഭംഗിയും വരുത്തി ജനോപകാരമാക്കിതീക്കുകയും ചെയ്തു. അന്നു് ശക്തൻതമ്പുരാൻ തേക്കിൻകാടു് വെട്ടി വെളിവാക്കിക്കാൻ ധൈര്യപ്പെട്ടില്ലായിരുന്നെങ്കിൽ തൃശ്ശൂർ പട്ടണം ഇന്നും കാടുപിടിച്ച ഒരു “തേക്കിൻകാടു” തന്നെയാകുമായിരുന്നു.

# ദാമ്പത്യം

ഏതു മഹാന്റേയും ജീവിതം പരിശോധിച്ചാൽ കാണാം, അദ്ദേഹത്തിന്റെ ഗൃഹസ്ഥാശ്രമം ജീവിതത്തിന്റെ വളച്ചക്കോ വീഴ്ചക്കോ സഹായമായിത്തീന്നതായി. രാജാക്കന്മാരുടേയും ചക്രവത്തിമാരുടേയും ദാമ്പത്യജീവിതം പരിശോധിച്ചാൽ, പലേ പ്രധാന സംഭവപരമ്പരകളും ആ ജീവിതാദ്ധ്യായത്തിൽ അലയടിച്ചു പൊന്തുന്നതായി കാണാം. മുഗൾ ചക്രവത്തിമാരുടെ ദാമ്പത്യജീവിതത്തിൽ പലേ കെട്ടിമറിച്ചലും കാണാം. എഡ്‌വേർഡ് എട്ടാമൻ പ്രേമത്തിന്നുവേണ്ടി അധികാരം വെടിഞ്ഞു — ഇതൊക്കെ ചരിത്രകാരന്മാക്കു രേഖപ്പെടുത്തുവാനുള്ള സംഗതികളാണു്. എന്നാൽ ശക്തൻതമ്പുരാന്റെ ഗൃഹസ്ഥാശ്രമത്തിൽ ഇത്തരം ചാപല്യങ്ങളൊന്നും കാണുകയില്ല.

ശക്തൻതമ്പുരാൻ തന്റെ 25-ാമത്തെ വയസ്സിൽ തൃശ്ശൂർ കുറുപ്പത്തുമഠത്തിൽ പാറുകുട്ടിഅമ്മ എന്ന സ്ത്രീയെ വിവാഹംചെയ്തു. ആ സ്ത്രീ 972-ൽ കാലധമ്മം പ്രാപിച്ചു. 975-ൽ തമ്പുരാൻ കരിമ്പററ ചിമ്മുകുട്ടി എന്ന യുവതിയെ സംബന്ധംചെയ്തു. എന്നാൽ ആ സ്ത്രീയും തന്റെ 24-ാമത്തെ വയസ്സിൽ മരിക്കുകയാണുണ്ടായതു്. ഈ രണ്ടു സ്ത്രീകളിലും തമ്പുരാന്നു് സന്താനങ്ങൾ ഉണ്ടായിരുന്നില്ല. ജാതകവശാൽതന്നെ തമ്പുരാന്റെ ഏഴാമേടവും സന്താനസ്ഥാനവും ഭാഗ്യം കുറഞ്ഞതായിരുന്നു എന്നു് അനുഭ

വത്തിൽനിന്നു തെളിയുന്നുണ്ടല്ലോ. ഏതായാലും ശക്തൻ തമ്പുരാന്നു് ഒരു സന്താനമില്ലാതെ പോയതു് കൊച്ചിരാജ്യക്കാരുടെ ദുർയ്യോഗമെന്നേ പറയാനുള്ളു. ദുഷ്യന്തമഹാരാവിന്നു് ഭരതനും, ദശരഥന്നു് രാമനും, മോത്തിലാൽ നെഹ്റുവിന്നു് ജവഹർലാലും എന്നതുപോലെ യോഗ്യനായ ഒരച്ഛന്നു് തത്തുല്യനായ ഒരു പുത്രൻ ജനിക്കുന്നതു് രാജ്യത്തിന്നു് ക്ഷേമമായിട്ടാണല്ലോ ജനങ്ങൾ കരുതുന്നതു്. അത്രയ്ക്കു ഭാഗ്യം കൊച്ചിരാജ്യക്കാർ ചെയ്തിട്ടില്ലെന്നു സമാധാനിക്കാം.

# സാഹിത്യസേവനം

ഒരു രാഷ്ട്രത്തിന്റെ സാംസ്കാരികസമ്പത്ത് അവിടത്തെ സാഹിത്യവും കലയുമാണല്ലോ. ഒരു രാജ്യത്തിലെ കലയും സാഹിത്യവും എത്രകണ്ട് അഭിവൃദ്ധിപ്പെട്ടിട്ടുണ്ടോ അത്രകണ്ട് വളൎന്നിട്ടുണ്ടാവും അന്നാട്ടിലെ ബഹുജനങ്ങളും. രാജ്യചരിത്രംപോലെ അത്രയും പ്രാധാന്യമൎഹിക്കുന്നതാണ് സാഹിത്യചരിത്രവും. ലോകത്തിലെ ഏതുമഹാരാജാക്കന്മാരുടെ ചരിത്രം എടുത്തു നോക്കിയാലും അവരെല്ലാവരും തങ്ങളുടെ കാലത്ത് സാഹിത്യത്തേയും കലയേയും പോഷിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ളതായി കാണാം. ഇക്കാൎയ്യത്തിൽ ഇന്ത്യയിലെ രാജാക്കന്മാരും ഒട്ടും പിന്നിലല്ല. വിക്രമാദിത്യന്റെ കാലംമുതൽ ഇന്നോവരെയുള്ള രാജാക്കന്മാരെല്ലാം ഇക്കാൎയ്യത്തിൽ വളരെ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളതായിക്കാണാം. ഇക്കാൎയ്യത്തിൽ മതപരമായൊ മറേറാ യാതൊരു വ്യത്യാസവുമില്ല. വിക്രമാദിത്യന്റെ "നവരത്നങ്ങളും" അക്ബർചക്രവൎത്തിയുടെ "അഷ്ടകവി"കളും ഇതിനുദാഹരണമാണ്. പോരെങ്കിൽ, വിജയനഗരസ്ഥാപകനായ കൃഷ്ണദേവ്റായിന്റെ "അഷ്ടദിഗ്ഗജ"ങ്ങളും സാമൂതിരിമഹാരാജാവിന്റെ "പതിനെട്ടര കവി"കളും എന്താണ് വിളിച്ചുപറയുന്നത്. ഇതുപോലെത്തന്നെ കൊച്ചി മഹാരാജാക്കന്മാരും സാഹിത്യോന്നമനത്തിന്ന് ഒട്ടും വീഴ്ചവരുത്തിയിട്ടില്ല. പക്ഷെ, നവരത്നങ്ങളെന്നോ, അഷ്ടദിഗ്ഗജ

ങ്ങളെന്നോ ഒരു നാമധേയത്തിൽ കൊച്ചി മഹാരാജാക്കന്മാരുടെ ഡർബാറിൽ ഒരു കവിസംഘം ഉണ്ടായിരുന്നില്ലെന്നുമാത്രം. അതാതുകാലത്തെ എല്ലാ കവികൾക്കും കലാകാരന്മാർക്കും അവിടെ സ്ഥാനമുണ്ടായിരുന്നു. അവരെ വേണ്ടത്ര ബഹുമാനിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തിരുന്നു എന്നു് കൈരളിയുടെ കലവറ പരിശോധിച്ചാലും, കൊച്ചി രാജാക്കന്മാരുടെ ചരിത്രം നോക്കിയാലും കാണാം. ശക്തൻ തമ്പുരാന്നു് മുമ്പുണ്ടായിരുന്ന മഹാരാജാക്കന്മാരും അതാതു കാലത്തെ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിച്ചിരുന്നു എന്നു്. മലയാള സാഹിത്യചരിത്രം പരിശോധിച്ചാൽ കാണാം. പെരുമാക്കന്മാരുടെ ഭരണകാലം മുതല്ക്കുതന്നെ ഈ സംഗതി നടന്നു പോന്നിരുന്നു. പ്രസിദ്ധ ഹാസ്യകവിയായിരുന്ന "തോലൻ" കുലശേഖരപ്പെരുമാളുടെ ഡർബാർ കവിയായിരുന്നു എന്നു് ഗവേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇദ്ദേഹം കൊച്ചിരാജ്യത്തോടു ചേർന്ന കാഞ്ഞൂർ സ്വദേശിയായിരുന്നു. ഈ തോലകവി സാഹിത്യത്തിൽ ഒരു പുതിയ പ്രസ്ഥാനം സൃഷ്ടിക്കുകൂടി ചെയ്തിട്ടുണ്ടു്. ഉണ്ണിനീലി സന്ദേശകാവ്യം തോലൻ തുറന്നിട്ട ഈ പ്രസ്ഥാനത്തിൽ കൂടെയാണു് പ്രവഹിച്ചു വന്നതു്. അന്നത്തെ മഹാരാജാക്കന്മാരെല്ലാം അതാതു കാലത്തെ കവികളെ പ്രോത്സാഹിപ്പിച്ചിരുന്നു എന്നു് ഭാഷാലോകത്തിലെ ചമ്പു പ്രസ്ഥാനകാലത്തെ പരാമർശിച്ചാൽ കാണാവുന്നതാണു്. നൈഷധം, രാജരത്നാവലീയം, ബാണയുദ്ധം, നാരായണീയം തുടങ്ങിയ ചമ്പുകാവ്യങ്ങളെല്ലാം കൊച്ചിരാജാക്കന്മാ

രുടെ പ്രോത്സാഹനത്തിൻെറ ഫലങ്ങളാണെന്നു പറഞ്ഞാൽ അവരുടെ സാഹിത്യസേവനങ്ങളെ നമുക്കു ഊഹിക്കാമല്ലൊ. ഉണ്ണിനിലി സന്ദേശത്തിൻെറ കത്താവും കഥാനായകനും ഒരു കൊച്ചിത്തമ്പുരാനാണെന്നുപോലും സാഹിത്യലോകത്തിൽ ഒരു വാദം ഉദിക്കായ്കയില്ല. തമിഴിലെ "തിരുക്കുറൾ" എന്ന മഹാഗ്രന്ഥം മലയാളത്തിലേക്കു തൎജ്ജമചെയ്കതുതന്നെ ഒരു കൊച്ചിരാജാവാണെന്നു കേൾക്കുമ്പോൾ അവരുടെ സാഹിത്യസേവനം എത്ര പ്രശംസിക്കത്തക്കതാണു്. ആയതു നമ്മുടെ സാഹിത്യകാരന്മാർ വകവെച്ചുകൊടുപ്പാനും തയ്യാറാണു്. നാം എന്തിനു് അധികം പിറകോട്ടു് പോകണം. ഒരഞ്ചെട്ടു കൊല്ലം മുമ്പുവരെ ജീവിച്ചിരുന്ന അപ്പൻ തമ്പുരാൻെറ ചരിത്രം നോക്കുക. ഭൂതരായർ, ഭാസ്കരമേനോൻ, മംഗലമാലകൾ തുടങ്ങിയ മഹാഗ്രന്ഥങ്ങളുടെ രചയിതാവാണു് അദ്ദേഹം.

ശക്തൻതമ്പുരാൻെറ ഭരണകാലത്തു് കൈരളിയ്ക്കു വല്ല അഭിവൃദ്ധിയും ഉണ്ടായിട്ടുണ്ടോ, അക്കാലത്തെ കവികൾക്കു ശക്തൻതമ്പുരാനിൽനിന്നു വല്ല പ്രോത്സാഹനങ്ങളും ലഭിച്ചിട്ടുണ്ടോ എന്നു് ഒന്നു സംഗ്രഹിച്ചു് പറയുവാനാണു് ഈ അദ്ധ്യായംകൊണ്ടു് ഉദ്ദേശിക്കുന്നതു്. ശക്തൻതമ്പുരാൻ ഒരു കവിയായിരുന്നു എന്നു സമൎത്ഥിക്കുവാൻ ഞാൻ ഭാവമില്ല. പക്ഷെ അദ്ദേഹത്തിന്നു് ഒരു കവിഹൃദയമുണ്ടായിരുന്നു എന്നു് ഞാൻ പറയും. സംസ്കൃതകാവ്യങ്ങളും, ശാസ്ത്രങ്ങളും പഠിച്ച ഒരു സഹൃദയനായിരുന്നു ശക്തൻതമ്പുരാൻ എന്നതിന്നു് പക്ഷാന്തരമില്ല. വൈദ്യം,

ജോതിഷം മുതലായതിൽ അദ്ദേഹത്തിന്നു നല്ല അഭിരുചിയു ണ്ടായിരുന്നു. വൈദ്യശാസ്ത്രത്തിൻെറ അഭിവൃദ്ധിയ്ക്കുവേ ണ്ടി "വൈദ്യനാഥ ദീക്ഷിതീയം" എന്ന ഗ്രന്ഥം തേടി പ്പിടിക്കുവാൻ വളരെ ശ്രമം ചെയ്തിട്ടുള്ളതായി കേട്ടിട്ടുണ്ടു്. "വൈദ്യരത്ന"മായ അരണ്ണാട്ടുകരത്തരകൻ കോവില കത്തു് നിത്യനായിരുന്നു. ജ്യോതിഷപണ്ഡിതനും ഒരു കവിയുംകൂടിയായിരുന്ന മച്ചാട്ടു് എളയതും ശക്തൻതമ്പുരാ ൻെറ സേവകന്മാരിൽ ഒരാളായിരുന്നു. രാജ്യതന്ത്രവിശാ രദന്മാരായ മാളിയ്ക്കൽ ഗോവിന്ദമേനോനും, കാരയ്ക്കാട്ടു് രാമമേനോനും (രാമുമേനോൻ) ശക്തൻതമ്പുരാൻെറ സേവ കന്മാരായിരുന്നു.

അപാരപണ്ഡിതനായ ഒരു ദൈവജ്ഞൻ മാത്രമാ യിട്ടല്ല നാം മച്ചാട്ടു് എളയതിനെ പരിചയപ്പെടുന്നതു്. കൈരളിയുടെ കണ്ഠാഭരണങ്ങളിലേയ്ക്കു വിലപിടിച്ച പ ലേ അമൂല്യരത്നങ്ങളും സംഭാവനചെയ്ത ഒരു കവി എന്ന നിലയ്ക്കും ഇന്നു കേരളീയസാഹിത്യകാരന്മാർ അദ്ദേഹ ത്തെ അനുസ്മരിക്കുന്നുണ്ടു്. ശാകുന്തളം, പാർവ്വതീപരിണ യം, സീതാസ്വയംവരം തുടങ്ങിയ കൈകൊട്ടിക്കളിപാട്ടു കളും, "രാമായണയമക"കാവ്യവും, "ധാന്യമുഖാലയേശസ്ത വവും" തുടങ്ങിയ ഉൽകൃഷ്ടസംസ്കൃതകൃതികളും അദ്ദേഹം ര ചിച്ചിട്ടുണ്ടു്. സാധാരണജനഹൃദയങ്ങളെ ആകർഷിപ്പാൻ കഴിവുള്ള "ഓടും മൃഗങ്ങളെ തേടും നരപതി" "കല്യാ ണികളവാണി......" എന്നീ ശീലുകളും എളയതാണു് കൈരളിയുടെ പാദങ്ങളിൽ കാഴ്ചവെച്ചതു്. ഇന്നത്തെ പ,

രോഗമനസാഹിത്യകാരന്മാർകൂടി അംഗീകരിച്ചിട്ടുള്ളതാണ് ഈ ശില്പകം എന്നുകൂടി നാം മറന്നുപോകരുതു്. അസാമാന്യകവിതാവാസനയുള്ള ഈ കവിയ്ക്കു ശക്തൻതമ്പുരാൻ പലതും കല്പിച്ചു് അരുളിയിട്ടുണ്ടു്. എളയതിന്നു് ശക്തൻതമ്പുരാൻ നല്കിയ സംഭാവനകളെപ്പററി ഭഗവാനെ കാണ്മാൻ ചെന്ന സുദാമാ ബ്രാഹ്മണൻേറതുപോലെ പലേ ഐതിഹ്യങ്ങളുമുണ്ടു്. എളയതു് വലിയ ധനികനൊന്നുമല്ലായിരുന്നു. ഒരു ഓണക്കാലത്തു്, തമ്പുരാനെകണ്ടുവരാം എന്നു് അമ്മയോടു യാത്രപറഞ്ഞു് എളയതു് ഓണത്തിന്നു് ഒരാഴ്ചമുമ്പേ ഗൃഹത്തിൽനിന്നു തിരിച്ചു. കോവിലകത്തെ സുഖവും സരസവുമായ അന്തരീക്ഷത്തിൽ അമ്മയുടെ കഥ എളയതു് മറന്നുപോയി. ഓണം കഴിഞ്ഞിട്ടാണു് എളയതു് ഗൃഹത്തെപ്പററി സ്മരിച്ചതു്. ഉടനെ തിരിച്ചുപോരുകയും ചെയ്തു. പക്ഷെ, ഇല്ലത്തുവന്നു് അന്വേഷിച്ചപ്പോഴാണു് കാര്യം മനസ്സിലായതു്. ഒരു നാലുകൊല്ലത്തെ ഓണത്തിന്നു വേണ്ടുന്ന സകല സാമാനങ്ങളും സക്കാരുദ്ദ്യോഗസ്ഥന്മാർ അവിടെ എത്തിച്ചിരുന്നുവത്രെ! നോക്കൂ! ശക്തൻ തമ്പുരാൻെറ ഔദാര്യവും ആശ്രിത വാത്സല്യവും!

മച്ചാട്ടിളയതിനെപ്പററിയും തമ്പുരാനെപ്പററിയും പലേ കഥകളുമുണ്ടു്. ജ്യോതിശ്ശാസ്ത്രത്തിൽ തമ്പുരാന്നു് വിശ്വാസവും മതിപ്പുമുണ്ടായിരുന്നെങ്കിലും ജ്യോത്സ്യന്മാരുടെ പ്രവചനങ്ങളിൽ പലതും പിഴച്ചാണല്ലോ കണ്ടുവരാറു്. അതുകൊണ്ടു് അത്തരക്കാരെ പരീക്ഷിക്കുന്നതു് തമ്പുരാന്നു് ഒരു രസമായിരുന്നു. എളയതിനോടു് അവിചാരിതമാ

യും അസന്ദർഭമായും പലതും തമ്പുരാൻ ചോദിക്കും.

ഒരിക്കൽ തമ്പുരാൻ കൊടുങ്ങല്ലൂർ ക്ഷേത്രത്തിൽ ദർശനത്തിന്നുപോയി. [വടക്കുന്നാഥക്ഷേത്രമാണെന്നും കഥയുണ്ട്] കൂടെ എളയതും ഉണ്ടായിരുന്നു. കുളിയും ദർശനവും കഴിഞ്ഞു ക്ഷേത്രത്തിന്നു പുറത്ത് കടക്കുന്നതിന്നുമുമ്പ് തമ്പുരാൻ എളയതിനോട്ട് പെട്ടെന്ന് ഒരു ചോദ്യം ചോദിച്ചു—ആട്ടെ, എളയതേ ഞാൻ ഏതു നടക്കിൽക്കൂടെയാണ് പുറത്തേയ്ക്കു കടക്കുക?

എളയതു് കുറച്ചുനേരം ആലോചിച്ചതിന്നുശേഷം പറഞ്ഞു—"ഞാൻ അതു് പറയുകയില്ല, എഴുതി തരാം. തിരുമനസ്സ് ക്ഷേത്രത്തിൽനിന്നു പുറത്തു് കടന്നതിൽപ്പിന്നെ എഴുത്തു് നോക്കിയാൽ മതി." തമ്പുരാനു് ഈ തീരുമാനം സ്വീകാര്യമായി. എളയതു് ഒരു ഓലയിൽ എഴുതി ഓല പൊതിഞ്ഞു തമ്പുരാൻെറ പക്കൽ ഏല്പിച്ചു.

തമ്പുരാൻ ഉടനെത്തന്നെ നാലമ്പലത്തിൻെറ പടിഞ്ഞാറെ ചുമർ വെട്ടിപ്പൊളിക്കാൻ കല്പനകൊടുത്തു. ആളുകൾ വന്നു് ഭിത്തിപൊളിച്ചു് ഒരു പ്രവേശനദ്വാരം ഉണ്ടാക്കിത്തീരുന്നതുവരെ തമ്പുരാൻ ക്ഷേത്രത്തിന്നകത്തുതന്നെ നിന്നു. അതിൽക്കൂടെ ഒരാൾക്കു കടക്കുവാൻ വേണ്ടത്ര സൌകര്യമുണ്ടായപ്പോൾ തമ്പുരാൻ അതിലെ ക്ഷേത്രത്തിന്നു വെളിയിൽ കടന്നു. അപ്പോൾ എളയതുണ്ട് അവിടെ ബഹുമാനിച്ചുനില്ക്കുന്നു. എളയതു പറഞ്ഞു. ഇനി അടിയൻ തന്ന ഓല വായിക്കാം. തമ്പുരാൻ ഓല നോക്കിയപ്പോൾ "പടിഞ്ഞാറെ ഭിത്തിപൊളിച്ചു് പുറത്തു് എഴുന്നള്ളും"

എന്നു് എഴുതിയിരിക്കുന്നു. തമ്പുരാന്നു് എളയതിനോടു് ബഹുമാനവും സ്നേഹവുമായി. ഉടനെത്തന്നെ എളയതിന്നു് പലേ സമ്മാനങ്ങളും കല്പിച്ചരുളിയത്രെ.

എളയതു് എന്തുപറഞ്ഞാലും എല്ലാം ശരിയായി വന്നിരുന്നു. തമ്പുരാന്നു് ജ്യോത്സ്യത്തിൽ വിശ്വാസവും എളയതിനോടു് ബഹുമാനവും വർദ്ധിച്ചു വന്നുതുടങ്ങി. എളയതിനെ പരീക്ഷിച്ചതായ മറെറാരു കഥകൂടിയുണ്ടു്. അതുകൂടി ഇവിടെ ഉദ്ധരിക്കുന്നതു് രസാവഹമായിരിക്കും. ഒരു ദിവസം തമ്പുരാൻ തൻെറ മാളികപ്പുരയ്ക്കു സമീപം ഒരു നേന്ത്രവാഴ വെപ്പിച്ചു. അപ്പോൾത്തന്നെ എളയതിനെ വിളിച്ചുവരുത്തി ചോദിച്ചു. "ഈ വാഴ കുലച്ചു് ആ പഴം എനിക്കു അനുഭവിക്കാൻ സാധിക്കുമൊ?" എളയതു് വളരെനേരം ആലോചിച്ചു് പറഞ്ഞു. "ഇല്ല, അതു് പശുതിന്നുപോകും. തിരുമനസ്സിലേക്കു അനുഭവിക്കാൻ യോഗമുണ്ടാവില്ല. കാരണം പശുക്കരണത്തിലാണു് കന്നു് വെച്ചിട്ടുള്ളതു്" എന്നു് എളയതു് ധൈര്യസമേതം പറഞ്ഞു.

"ആട്ടെ, എളയതിൻെറ ജ്യോത്സ്യവും മററും നോക്കാമല്ലൊ. ഈ കായവെട്ടി പഴപ്പിച്ചു് പഴപ്രഥമൻവെച്ചു് എളയതിനെ ഊട്ടും കെട്ടോ" എന്നു തമ്പുരാനും പറഞ്ഞു. എല്ലാം ദൈവേച്ഛപോലെ വരട്ടെ എന്നു എളയതും പറഞ്ഞു.

തമ്പുരാൻ ആ വാഴയ്ക്കുചുററും വിസ്താരത്തിൽ കൽമതിൽ കെട്ടി ഉയർത്തുവാനും വേണ്ടവണ്ണം ശുശ്രൂഷിക്കുവാനും കല്പനകൊടുത്തു. അതിന്നായി രണ്ടാൾക്കാരെ പ്രത്യേകം നിയമിച്ചു. അവരെ താക്കീതു ചെയ്തു. "ഈ വാഴ

ക്ക വല്ല തകരാറും പററിഎങ്കിൽ നിങ്ങളുടെ തലയില്ല, ഓർമ്മവേണം കേട്ടോ"

അവൻ "കല്പനപോലെ" എന്നു തലകുനിക്കുകയും ചെയ്തു.

വാഴയെ മുറയ്ക്കു ശുശ്രൂഷിക്കുവാൻ തുടങ്ങി. മുളച്ച് ഇലകൾ വിടന്നു വളരുവാൻ തുടങ്ങിയതോടുകൂടി വേണ്ടത്ര വളവും ചേർത്തു മുറയ്ക്കു നനതുടങ്ങി. വാഴയും ക്രമപ്രവൃദ്ധമായി പുഷ്ടിയോടെ വളൎന്നു വലുതാകുവാൻ തുടങ്ങി. ഇടയ്ക്കിടയ്ക്കു തമ്പുരാൻെറ മേൽനോട്ടവും ഉണ്ടായ്ക്കൊണ്ടിരുന്നു.

മാസങ്ങൾ നീങ്ങി. വാഴ കുലച്ചു. വിരിഞ്ഞു. എട്ടുപത്ത് പടല. ഓരോന്നിലും പത്തു പന്ത്രണ്ട് കായ. തമ്പുരാന്ന് സന്തോഷമായി. കാററിൽ ഉലഞ്ഞു ഒടിഞ്ഞു വീഴാതിരിക്കാൻ നാലുഭാഗത്തേയ്ക്കും കയറിട്ടു കെട്ടി. രണ്ടു മാസം പിന്നേയും നീണ്ടുപോയി. വാഴക്കുല മൂത്തു, നല്ലപോലെ മൂത്തു. അപ്പോഴയ്ക്കും അടുത്ത ഓണവും വന്നു ചേൎന്നു. തമ്പുരാൻെറ മേലദ്ധ്യക്ഷതയിൽതന്നെ വെട്ടിച്ച് പഴപ്പിക്കാൻവെച്ചു. പഴുത്തു. പൂരാടത്തിന്നാൾ എടുത്ത് തമ്പുരാൻെറ പള്ളിയറയിൽത്തന്നെ കൊണ്ടു കെട്ടിത്തൂക്കിച്ചു. തിരുവോണവും കഴിഞ്ഞു അവിട്ടത്തിന്നാളേയ്ക്കു പുള്ളികൾ വീണു നല്ലവണ്ണം പാകം വന്നു. അന്നത്തെ പഴപ്രഥമൻ ഈ പഴംകൊണ്ടാണെന്നു തമ്പുരാൻ വിധി കല്പിക്കയും, ഈ വിവരം ദേഹണ്ണക്കാരായ "കുട്ടിപ്പട്ടന്മാ"രെ അറിയിക്കയും ചെയ്തു. അവിട്ടത്തിന്നാൾ പഴക്കുല പള്ളിയറയിൽ

നിന്നു എടുത്തുകൊണ്ടുപോകുമ്പോൾ തമ്പുരാൻ മനസ്സിൽ വിചാരിച്ചു, എളയതിന്റെ ജ്യോത്സ്യം പിഴച്ചു എന്നു്.

അവിട്ടത്തിന്റെ സദ്യയ്ക്കു കോവിലകത്തു ഉണ്ണുവാൻ തമ്പുരാന്റെ സേവകന്മാരും ചില പ്രധാന ഉദ്യോഗസ്ഥന്മാരും വന്നു ചേരുക പതിവാണു്. അതിന്നു് എളയതും എത്തിച്ചേർന്നിരുന്നു. ഏതാണ്ടു് ഒരു കൊല്ലം മുമ്പു് തമ്പുരാൻ നേന്ത്രവാഴ വെപ്പിച്ചിരുന്നതും താൻ അതിന്റെ ജാതകം കുറിച്ച കഥയും എളയതു് മറന്നിരുന്നു.

തമ്പുരാന്റെ അമൃതേത്തു കഴിഞ്ഞു് മററുള്ളവൎക്കു് ഇലവെച്ചു. ഉണ്ണാൻ ഇരുന്നു. പ്രഥമൻ വിളമ്പേണ്ടുന്ന സമയമായപ്പോൾ തമ്പുരാൻതന്നെ അവിടെ ഹാജരായി എളയതിനോടു് ചോദിച്ചു—"എളേതേ! പഴപ്രഥമൻ എങ്ങിനെ?"

എളയതു്—വളരെ നന്നായിട്ടുണ്ടു്.

തമ്പുരാൻ—എനിയ്ക്കും 'ക്ഷേ' പിടിച്ചു. ഈ പഴം കഴിഞ്ഞ കൊല്ലം ഞാൻ അനുഭവിക്കില്ല എന്നു് ജ്യോത്സ്യം പറഞ്ഞ പഴമാണു് കേട്ടോ? എളയതിന്റെ പ്രവചനമൊ എന്റെ വിധിയൊ മീതെ?

എളയതു് ഒന്നാലോചിച്ചു. പൂൎവ്വകഥകൾ അയാൾക്കു് ഓൎമ്മവന്നു. ഒരു കൈ പ്രഥമൻ ഒരിക്കൽക്കൂടി കഴിച്ചു് പറഞ്ഞു "അല്ല, ഇതു് ആ പഴമല്ല." "എന്തു്, അല്ലേ?" തമ്പുരാൻ കയൎത്തു. "അല്ല, ഞാൻ അന്നത്തിന്റെ മുമ്പിൽ ഇരുന്നുകൊണ്ടു പറയുന്നു, ആ പഴം പശു തിന്നു പോയി." ഒന്നുകൂടി വ്യക്തമാക്കി.

"വിശ്വസിക്കാവുന്നതു് പറയണം എളയതേ! ഞാൻ ഇന്നു രാവിലെ എന്റെ കൈകൊണ്ടു് എടുത്തുകൊടുത്തതാണു് ഈ പഴം. ആലോചിച്ചുവേണം പറയുവാൻ."

എളയതു്—ആലോചിച്ചുതന്നെയാണു് തിരുവുള്ളമുണർത്തിച്ചതു്. സംശയമുണ്ടെങ്കിൽ കുട്ടിപ്പട്ടരോടു് അന്വേഷിക്കാം.

തമ്പുരാൻ അടുത്തു നിന്നിരുന്ന കുട്ടിപ്പട്ടരുടെ മുഖത്തേക്കു തിരിഞ്ഞുനോക്കി. പാവം! ആ സാധുവിന്റെ തുടകൾ പാണ്ടികൊട്ടാൻ തുടങ്ങി. എന്തോ തകരാറുണ്ടെന്നു് തമ്പുരാന്നു് ബോദ്ധ്യമായി. "സത്യം പറയൂ!" തമ്പുരാൻ ആജ്ഞാപിച്ചു. "രക്ഷിക്കണം" എന്നു പറഞ്ഞു പട്ടരു് തമ്പുരാന്റെ കാല്ക്കൽ കൈകൂപ്പി മുട്ടുകുത്തിയിരുന്നു. പഴം നുറുക്കിവെച്ചിരുന്നു. ഊട്ടുപുരയുടെ വടക്കേവാതിൽ തുറന്നു കിടന്നിരുന്നു. ഇവിടത്തെ കറവുപശു വന്നു് അതെല്ലാം തിന്നുപോയി. ഞാൻ അരവുപണിയിലായിരുന്നു. ശബ്ദംകേട്ടു് വന്നപ്പോഴയ്ക്കും ഒററപ്പഴംപോലുമില്ല. ഈ അശ്രദ്ധയ്ക്കു് മാപ്പുതരണം." തമ്പുരാൻ കയർത്തു—"എന്നിട്ടു് എങ്ങിനെ പഴപ്രഥമൻ വെച്ചു." തമ്പുരാൻ എളയതിന്റെ മുഖത്തേയ്ക്കു് ഒന്നു നോക്കി. അയാൾ ഇരുന്നു പ്രഥമൻ "തട്ടുക"യാണു്.

കുട്ടിപ്പട്ടർ—ഉടനെ കലവറയിൽ ചെന്നു് നല്ല ഒരു കുല പഴം എടുത്തുകൊണ്ടുവന്നു് രണ്ടാമതു ശരിപ്പെടുത്തുകയാണുണ്ടായതു്.

തമ്പുരാൻ "ശരി" എന്നൊന്നു മൂളി പട്ടരോട് പൊയ്ക്കൊള്ളാൻ ആജ്ഞാപിച്ചു.

സദ്യകഴിഞ്ഞു് സദസ്സു കൂടിയപ്പോൾ തമ്പുരാൻ "ഈ കൊല്ലം എളയതിന്നു് വിശേഷസമ്മാനങ്ങൾ ഉണ്ടു്" എന്നു പറഞ്ഞു് ഒരു പട്ടും വീരശൃംഖലയും സമ്മാനിച്ചുവത്രെ. കൂടാതെ എളയതിന്നു് കുറെ സ്വത്തുക്കളും നല്കിയതായും പറയപ്പെടുന്നു. ഏതായാലും എളയതിൻെറ അവസാനകാലമായപ്പോഴയ്ക്കും അനവധി സ്വത്തുക്കൾ അദ്ദേഹം സമ്പാദിച്ചിരുന്നു. അടുത്തകാലംവരെയ്ക്കും മച്ചാട്ടിളയതു് ഒരു ചെറുജന്മിതന്നെയായിരുന്നു. ഇപ്പോൾ കുറെ ഒക്കെ നശിച്ചിട്ടുണ്ടത്രെ.

സാമാന്യം കവിതാവാസനയുള്ള മറെറാരു കവിയായിരുന്നു എടവട്ടിക്കാട്ടു നമ്പൂതിരി. പേരും പെരുമയും നേടിയ ഒരു കവിയായിരുന്നു ഇദ്ദേഹം. ഇദ്ദേഹത്തിൻെറ ഇല്ലം തൃപ്പൂണിത്തുറയ്ക്കു സമീപമാണു്. "രുഗ്മിണീസ്വയംവര"വും ഒട്ടനേകം ഒററശ്ലോകങ്ങളുമാണു് ഇദ്ദേഹത്തിൻെറ കൃതികൾ. ഇദ്ദേഹവും തമ്പുരാൻെറ ഇഷ്ടകവികളിൽ ഒരാളായിരുന്നു. സാമ്പത്തികമായ വിഷമതകളിൽ "എടവട്ടിക്കാടി"നെ തമ്പുരാൻ പലപ്പോഴും കാൎയ്യമായി സഹായിച്ചിരുന്നു.

"ഉത്തരനൈഷധം" എന്ന മഹാകാവ്യത്തിൻെറ രചനകൊണ്ടു് സാഹിത്യലോകത്തിൽ അമരത്വം നേടിയ മറെറാരു കവിയായിരുന്നു ആത്തൂർ ഭട്ടതിരി. ഇദ്ദേഹവും ശക്തൻതമ്പുരാൻെറ ഡർബാർ കവിയായിരുന്നു. ഇദ്ദേഹ

ത്തിന്റെ സംസ്കൃതപാണ്ഡിത്യം തമ്പുരാനെ ഹഠാദാകർഷിച്ചു. ഇദ്ദേഹത്തെ തമ്പുരാൻ കോവിലകത്തു പാർപ്പിച്ചിരുന്നുവത്രെ. തൃപ്പൂണിത്തുറയിലെ ഇന്നത്തെ സംസ്കൃത കോളേജിന്റെ മൂലകാരകത്വം ആത്തൂർ ഭട്ടതിരിക്കാണെന്നു പറഞ്ഞാൽ അതിലൊട്ടും അവാസ്തവം ഉണ്ടാവുകയില്ല.

ചേരാനെല്ലൂർ കൃഷ്ണൻകർത്താവും ആമ്പല്ലൂർ എളേടത്തു നമ്പൂതിരിപ്പാടും ശക്തൻതമ്പുരാന്റെ കവിസദസ്സിലെ വേറെ ചില മിന്നുന്ന പൊട്ടുകളായിരുന്നു. ആധുനിക മലയാളസാഹിത്യചരിത്രത്തിൽ നമ്പൂതിരിപ്പാട്ടിലെ പേര് കാണുകയില്ലെങ്കിലും കൃഷ്ണൻ കർത്താവ് നമുക്കെല്ലാവക്കും പരിചിതനാണ്. നാരായണീയാനുകരണവും "ചിൽപുരേശസ്തവ"വും കർത്താവിന്റെ രണ്ടു മഹാഗ്രന്ഥങ്ങളാണ്. എളേടവും ഒരു നല്ല കവിയായിരുന്നു എന്ന് അദ്ദേഹത്തിന്റെ "ഉഷാനിരുദ്ധം" എന്ന സംസ്കൃതകാവ്യം വിളിച്ചു പറയുന്നു.

സാഹിത്യരസികനായിരുന്ന കല്ലേക്കുളങ്ങരെ രാഘവപിഷാരോടിയും ശക്തൻതമ്പുരാന്റെ ഒരാശ്രിതനായിരുന്നു. തമ്പുരാന്റെ സംരക്ഷണയിലാണ് പിഷാരോടി ഒരു സാഹിത്യകാരനായി വളൎന്നുവന്നതു്. ഓരോരുത്തരുടേയും യോഗ്യതയും കഴിവും കണ്ടറിഞ്ഞു യഥാവിധി എല്ലാ ശാസ്ത്രകാരന്മാക്കും, കവികൾക്കും ശക്തൻതമ്പുരാൻ സമ്മാനങ്ങളും, സഹായങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടു്.

മേൽപറഞ്ഞ ഉദാഹരണങ്ങളിൽനിന്നു് ശക്തൻതമ്പുരാന്റെ കാലത്തു്, കൊച്ചിരാജ്യത്തു് സാഹിത്യത്തിന്നും

ശാസ്ത്രത്തിന്നും വേണ്ടത്ര പുരോഗതി ഉണ്ടായിരുന്നു എന്നു വേണം മനസ്സിലാക്കുവാൻ. അദ്ദേഹത്തിന്റെ ഭരണകാലത്തു്, പൊതുജനങ്ങൾക്കു സാഹിത്യാഭിരുചിയും സംസ്കൃതപഠനാസക്തിയും ഉണ്ടായിരുന്നു എന്നും അവ ശക്തൻതമ്പുരാന്റെ കാലശേഷം കൂടുതൽ അഭിവൃദ്ധിപ്രാപിച്ചുവെന്നും കൊച്ചിരാജ്യചരിത്രം തെളിയിക്കുന്നുണ്ടു്.

# വിനോദങ്ങൾ

പണ്ടു് രാജാക്കന്മാരുടെ മുഖ്യവിനോദങ്ങൾ ചതുരംഗവും നായാട്ടുമായിരുന്നു. എന്നാൽ ശക്തൻ തമ്പുരാന്നു് ഇവ രണ്ടിലും വലിയ തൃപ്തിയുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ വിനോദങ്ങൾ മൃഗങ്ങളെ വളൎത്തുന്നതും ഉദ്യാനങ്ങൾ വെച്ചു പിടിപ്പിക്കുന്നതിലുമായിരുന്നു. ശക്തൻതമ്പുരാൻ ഒട്ടേറെ കുതിരകളേയും, കാളകളേയും ഒട്ടകങ്ങളേയും നായാട്ടു് നായ്ക്കളേയും തീററിപ്പോററിവളൎത്തിയിരുന്നു. അറേബിയായിൽ നിന്നു് നല്ലനല്ല "പാണി" കുതിരകളെ വരുത്തി തന്റെ കുതിരലായത്തിൽ സംരക്ഷിച്ചു് പോന്നിരുന്നു. ഓംഗാൾ, നെല്ലൂർ, ഗുജറാത്തു് മുതലായ ദിക്കിൽനിന്നു നല്ല ക്രൂററൻ കാളകളേ വരുത്തിനിൎത്തുകയും അവയുടെ സന്താനങ്ങളെ നാട്ടിൽ പെരുപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. ഈ വിനോദത്തിൽക്കൂടെ ഇവിടെ കാൎഷികമായ ഒരഭിവൃദ്ധികൂടി ഉണ്ടായിരുന്നു. കൂടാതെ ബങ്കാളിൽ നിന്നു ഒരു തരം "ലവങ്കി"മാൻ എന്നൊരുതരം വിചിത്രമൃഗത്തെ വരുത്തി തന്റെ മൃഗശാലയിൽ വളൎത്തിയിരുന്നു. മൃഗങ്ങളെ എന്നു മാത്രമല്ല, വിചിത്രമായ ഏതുതരം വസ്തുക്കളും വരുത്തി ശേഖരിക്കുക അദ്ദേഹത്തിന്റെ വിനോദങ്ങളിൽ ഒന്നായിരുന്നു.

അടിമവ്യാപാരം തീരെ നിലച്ചിട്ടില്ലാത്ത ഒരു കാലമായിരുന്നു അതു്. ഫ്രാൻസ്, ഇംഗ്ലണ്ടു് തുടങ്ങിയ പാശ്ചാ

ത്യരാജ്യങ്ങളിൽ നിന്നു വന്നിരുന്ന വലിയ വലിയ വ്യാപാരികളുടെ കൂടെ ചില കാപ്പിരിക്കിടാങ്ങളും ഉണ്ടായിരുന്നു. ശക്തൻതമ്പുരാന്നു് ഈ കാപ്പിരിക്കിടാങ്ങളോടു് വലിയ പ്രതിപത്തിയായിരുന്നുവത്രെ. അദ്ദേഹം ഈ കാപ്പിരിക്കുട്ടികളെ വിലയ്ക്കുവാങ്ങി സംരക്ഷിച്ചു പോന്നിരുന്നു. അവരെ മലയാളം പഠിപ്പിക്കുക, കുതിരസവാരിപഠിപ്പിക്കുക തുടങ്ങിയതെല്ലാം തമ്പുരാൻെറ വിനോദങ്ങളായിരുന്നു.

*　　*　　*　　*

തമ്പുരാൻെറ ദിനചർയ്യകളെക്കുറിച്ചും രണ്ടുവാക്കുപറയാതെ ഈ പുസ്തകം പൂർത്തിയാവുകയില്ല. മഹാന്മാരുടെ ദിനചർയ്യകൾ അറിഞ്ഞിരിക്കുന്നതു ലോകത്തിന്നു് ഉപകാരപ്രദമായിരിക്കുമല്ലൊ. പ്രഭാതോത്ഥാനം അദ്ദേഹത്തിന്നു ബാല്യപരിശീലനമാണു്. അക്ബർചക്രവർത്തിയെപ്പോലെ ശക്തൻ തമ്പുരാനും 6 മണിക്കൂറെ ഉറക്കമുണ്ടായിരുന്നുള്ളുവത്രെ. പ്രഭാതത്തിൽ $4\frac{1}{2}$ യ്ക്കും 5 മണിയ്ക്കും മദ്ധ്യേ ഉണരുക പതിവായിരുന്നു. പിന്നെ ശൌചാദികളും സ്നാനവും കഴിഞ്ഞു സന്ധ്യാവന്ദനം, പൂജ തുടങ്ങിയ കർമ്മങ്ങൾ ഏതാണ്ടു് എട്ടുമണിവരെ; എട്ടുമണിയ്ക്കു ഭക്ഷണമായി. ഭക്ഷണാനന്തരം ഭരണസംബന്ധമായ കാർയ്യങ്ങളിൽ ഏർപ്പെടുകയായി. ഈ ജോലി ഉച്ചവരെ നീണ്ടുനില്ക്കും. പിന്നെ സ്വല്പനേരം വിശ്രമമുണ്ടു്. ഉച്ചതിരിഞ്ഞു രണ്ടുമണിയോടുകൂടി വീണ്ടും കാർയ്യാലോചനയായി. കവികളുമായുള്ള സരസസല്ലാപങ്ങൾ അധികവും വൈകുന്നേരം കാററുകൊള്ളുവാൻ

ഉദ്യാനങ്ങളിൽ ഉലാത്തുമ്പോഴാണ്. രാത്രിസമയങ്ങളിലും അദ്ദേഹം കവിസമ്മേളനങ്ങൾ വിളിച്ചുകൂട്ടാറുണ്ടായിരുന്നു. ഏതായാലും ശക്തൻതമ്പുരാന്റെ ജീവിതം സംഭവബഹുലമായ ഒരു കാര്യപരിപാടിയോടുകൂടിയതായിരുന്നു എന്നതു തർക്കമററതുതന്നെ. അദ്ദേഹത്തിന്റെ ജീവിതാദ്ധ്യായത്തിൽ വിശ്രമവേളകൾ വളരെ ദുർല്ലഭമായിരുന്നു. അതു് പരിശ്രമങ്ങളുടേയും കാര്യവിചാരങ്ങളുടേയും അനുസ്യൂതമായ ഒരു പ്രവാഹം തന്നെയായിരുന്നു.

# പണിക്കർ കപ്പിത്താൻ

ശക്തൻതമ്പുരാൻെറ ജീവിതത്തിൽ ആദ്യന്തം അദ്ദേഹത്തിൻെറ കല്പനകളെ അക്ഷരംപ്രതി നടപ്പിൽ വരുത്തുവാൻ ശ്രമിച്ചിരുന്ന ഒരു വ്യക്തിയുണ്ട്. ശക്തൻതമ്പുരാൻെറ ജീവിതം പരിശോധിച്ചാൽ ആ വ്യക്തിക്കും അദ്ദേഹത്തിന്നും തമ്മിൽ അഭേദ്യമായ ഒരു ബന്ധം ഉള്ളതുപോലെ കാണാം. പണിക്കർ കപ്പിത്താൻ എന്ന പേരിൽ പരക്കെ അറിയപ്പെടുന്ന ധീരനാണ് അദ്ദേഹം. കുമ്പളത്ത് തണ്ടാശ്ശേരി ബാലകൃഷ്ണപ്പണിക്കർ എന്നാണ് അദ്ദേഹത്തിൻെറ മുഴവൻ പേര്. കായികാഭ്യസനത്തിൽ ശക്തൻതമ്പുരാനോട് കിടപിടിയ്ക്കത്തക്ക വല്ലവ്യക്തിയും അക്കാലത്ത് കൊച്ചിരാജ്യത്തുണ്ടായിരുന്നു എങ്കിൽ അത് ബാലകൃഷ്ണപ്പണിക്കർ മാത്രമായിരുന്നു. വാൾപ്പയററിൽ പണിക്കർ തമ്പുരാനെ കടത്തി വെച്ചിരുന്നു എന്നാണ് കേൾവി. ഏതുകാര്യവും സാഹസത്തോടെ ചെയ്യുവാനുള്ള മനോധൈര്യം പണിക്കരുടെ ഒരു പ്രത്യേകതയായിരുന്നുവത്രെ. പണിക്കർക്കുള്ള യോഗ്യതകൾ ശക്തൻ തമ്പുരാൻ കണ്ടുമനസ്സിലാക്കി അദ്ദേഹത്തെ തൻെറ അംഗരക്ഷകനായി നിയമിക്കയാണുണ്ടായത്.

ലോകത്തിൽ പ്രധാനമായി രണ്ടുതരക്കാരാണല്ലൊ ഉള്ളത്. സ്വശക്തിയും മാഹാത്മ്യവും അറിഞ്ഞു പ്രവൃത്തിക്കുന്നവർ ഒന്ന്. മററുള്ളവരെ ഭരിച്ചു കൊണ്ടുനടക്കുവാനു

ള്ള കഴിവ് ഇക്കൂട്ടർക്കുണ്ട്. ഇനി ഒരു തരക്കാൎക്ക് അന്യരെ നിയന്ത്രിക്കുവാനുള്ള കഴിവില്ല. അവൎക്ക് അന്യരുടെ യോഗ്യതകൾ കാണ്മാൻ കണ്ണുണ്ടാവും, ആയതു് അവർ വക വെച്ചു കൊടുക്കുകയും ചെയ്യും. ഇത്തരക്കാർ അനുയായികളാകുവാനെ പ്രാപ്തരാകൂ. ഒന്നാമത്തെ തരത്തിൽ പെട്ട വർ സ്വയം ഗുരുക്കന്മാരും അധികാരികളുമാകുന്നു. ക്രിസ്തു, നെപ്പോളിയൻ, ഹൈദർആലി, ശക്തൻതമ്പുരാൻ, മഹാത്മാഗാന്ധി തുടങ്ങിയ മഹാന്മാർ ഇത്തരത്തിൽ പെട്ടവരാണ്. പണിക്കർ കപ്പിത്താൻ രണ്ടാമത്തെ തരത്തിൽ പെട്ടതാണ്. എന്തും പ്രവൃത്തിക്കാനുള്ള കഴിവ് പണിക്കൎക്കുണ്ടെന്നു ശക്തൻതമ്പുരാനും ഒരു പ്രത്യേക ആജ്ഞാശക്തി തമ്പുരാനുണ്ടെന്നു പണിക്കരും കണ്ടു. അങ്ങിനെ അവർ രണ്ടുപേരും ഒന്നായി.

പണിക്കൎക്കുള്ള ഗുണങ്ങൾ കണ്ടറിഞ്ഞുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്ന് പ്രത്യേകം ഉദ്യോഗമൊന്നും നല്കാതിരുന്നതു്. എന്നാൽ എല്ലാററിൻേറയും ഒരു മേൽനോട്ടം പണിക്കൎക്കുണ്ടായിരുന്നുതാനും. ഇഷ്ടംപോലെ തമ്പുരാൻെറ മുമ്പിൽ ചെന്ന് കാൎയ്യങ്ങൾ ആലോചിപ്പാൻ ഒരധികാരം പണിക്കൎക്കു കൂടുതലായിട്ടുണ്ടായിരുന്നു. ഏതു വിഷമമുള്ള കാൎയ്യമായാലും തമ്പുരാൻെറ കല്പന ലഭിക്കേണ്ട താമസം ഉടനടി ആ കല്പന കപ്പിത്താൻ നടത്തിപോന്നിരുന്നു. പണിക്കരുടെ ഈ ഒരു കഴിവും യോഗ്യതയുമാണ് പണിക്കരെ തമ്പുരാനോടു് ഇത്ര അടുപ്പിച്ചതു്. പട്ടാള "റജിമെൻററി"ലൊ "കമ്പനി കാൎയ്യ"ങ്ങളിലൊ ഒന്നിലും

പണിക്കർക്ക് ഒരു ജോലിയും ഉണ്ടായിരുന്നില്ല. എന്നാലും അദ്ദേഹം "കപ്പിത്താൻ" സ്ഥാനം അലങ്കരിച്ചിരുന്നു. ശക്തൻതമ്പുരാനോട്ട് കിടനില്ക്കത്തക്ക ബുദ്ധിയും, ധൈര്യവും, കായികാഭ്യാസവും പണിക്കർ കപ്പിത്താനിലും വിദ്യമാനമായിരുന്നു എന്നു വേണം ഊഹിക്കുവാൻ. ശക്തൻ തമ്പുരാനേയും പണിക്കർ കപ്പിത്താനേയും കണ്ടിട്ടാണോ "കൊല്ലുന്ന രാജാവിന്നു തിന്നുന്ന മന്ത്രി" എന്ന ചൊല്ലുണ്ടായത് എന്നു കൂടി സംശയിക്കേണ്ടിയിരിക്കുന്നു.

* * * *

പണിക്കർ കപ്പിത്താൻെറ മരണത്തിന്നു കാരണഭൂതന്മാരായ പാലിയത്തച്ചന്മാരെപ്പററിയും കൂട്ടത്തിൽ രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ശക്തൻതമ്പുരാന്നുമുമ്പും അദ്ദേഹത്തിൻെറ കാലശേഷവും കൊച്ചിയുടെ ചരിത്രത്തിൽ പാലിയത്തച്ചന്മാർക്ക് ഒരു വലിയ പങ്കുണ്ട്! കൊച്ചിയുടെ മന്ത്രിപദം പാലിയത്തച്ചന്മാരുടെ കുത്തകയായിട്ടാണ് അവർ കരുതിപ്പോന്നിരുന്നത്. എന്നാൽ അവരിൽ മിക്കവരും സ്വാൎത്ഥികളും കൊള്ളലാഭക്കാരുമായിരുന്നു. ശക്തൻ തമ്പുരാൻെറ കാലത്താണ് പാലിയത്തേയ്ക്കുള്ള ഈ മന്ത്രി പദസ്ഥാനം റദ്ദാക്കപ്പെട്ടത്. അദ്ദേഹം പാലിയത്തച്ചന്മാരെ വേണ്ടതുപോലെ മനസ്സിലാക്കിയിരുന്നു. അവർക്ക് ചോറൊരുദിക്കിലും കൂറ് മററൊരുദിക്കിലുമായിരുന്നു. ഈ വസ്തുത ശക്തൻതമ്പുരാന്നു നേരിട്ട് അനുഭവപ്പെട്ടപ്പോഴാണ് അദ്ദേഹം "പാലിയത്തച്ചന്മാരെ മന്ത്രിയാക്കരുതെ"

ന്നു കല്പിച്ചതു്. അതിന്നു പ്രത്യേകം ഒരു കാരണവും പറയുന്നുണ്ടു്.

തിരുവിതാംകൂർ രാജാവുമായുണ്ടായ ഒരുത്തിത്തക്കാതീക്കുവാൻ പാലിയത്തച്ചനേയും മാളിയക്കൽ ഗോവിന്ദമേനവനേയുംകൂട്ടി അയച്ചു. അക്കാര്യത്തിൽ പാലിയത്തച്ചൻ വേലുത്തമ്പിദളവായ്ക്കു് അരുനിന്നു കൊച്ചിയ്ക്കു ഗുണകരമല്ലാത്ത നിലയ്ക്കു കാര്യങ്ങൾ അവസാനിപ്പിച്ചുപോന്നു. ഇതു് ശക്തൻതമ്പുരാന്നു തീരെ രസിച്ചില്ല. മാത്രമല്ല പാലിയത്തച്ചൻെറ സ്വരാജ്യസ്നേഹത്തെ അദ്ദേഹം മനസ്സിലാക്കുകയുംചെയ്തു. ഈ സംഭവത്തിന്നു ശേഷമാണു് ശക്തൻ തമ്പുരാൻ പാലിയത്തച്ചനെ പിരിച്ചുവിട്ടതും മേലാൽ പാലിയത്തച്ചനെ മന്ത്രിയാക്കരുതെന്നു തൻെറ അനന്തരവന്മാരെ നിർദ്ദേശിച്ചതും. ഇതു 974 ധനുമാസത്തിലാണു് സംഭവിച്ചതു്. രാജ്യം വിറവുതിന്നുന്നാവരെ മന്ത്രിയാക്കിയാലത്തെ കഥ ശക്തൻതമ്പുരാന്നു ചിന്തിക്കുവാൻപോലും സാധിച്ചിരുന്നില്ല.

മന്ത്രിസ്ഥാനം ഒഴിഞ്ഞുപോന്ന പാലിയത്തച്ചൻ വീണ്ടും മന്ത്രിസ്ഥാനം കരഗതമാക്കുന്നതിന്നുള്ള അവസരം പാർത്തിരിക്കുമ്പോഴാണു് ശക്തൻതിരുമേനി തീപ്പെട്ടവിവരം അച്ചൻ അറിയുവാൻ ഇടയായതു്. അടുത്ത മഹാരാജാവിനെകണ്ടു കാര്യസാദ്ധ്യത്തിന്നുവേണ്ട കരുക്കൾ ഒരുക്കി അന്നത്തെ രസിഡണ്ടായ മക്കോളെസായ്പിനെ പിടികൂടി. മക്കോളയ്ക്കു് അച്ചനെ മന്ത്രിയാക്കണമെന്നു് ആദ്യമെ നിർബ്ബന്ധമുണ്ടായിരുന്നു. പക്ഷെ, ശക്തൻെറ അടുക്കെ മക്കോളയുടെ സൂത്രം ഫലിച്ചില്ലെന്നു മാത്രം.

ശക്തൻതമ്പുരാൻെറ മരണത്തിന്നുശേഷം മുറപ്രകാ

രം അടുത്ത അവകാശി മഹാരാജാവായി. ഇദ്ദേഹം രാജ്യ കാര്യങ്ങളിൽ വളരെ ദുർബ്ബലനായിരുന്നു. ഇദ്ദേഹത്തിൻെറ കാലത്താണ് പാലിയത്തച്ചന് വീണ്ടും മന്ത്രിപദം ലഭിച്ചതു്. മന്ത്രിയായ ഉടനെത്തന്നെ അച്ചൻ തൻെറ ശത്രുക്കളോട് പകവീട്ടുവാനാണ് ഉദ്യമിച്ചതു്. അച്ചൻെറ പ്രധാനശത്രു പണിക്കർ കപ്പിത്താനായിരുന്നു. പണിക്കർ കപ്പിത്താൻെറ കഥ കഴിപ്പാൻ അച്ചൻ ഒരു സൂത്രം പ്രയോഗിച്ചു. പണിക്കർ കപ്പിത്താനെ ചേന്ദമംഗലത്തേയ്ക്കു അയക്കണം, ചില പ്രത്യേക കാര്യങ്ങൾ ആലോചിപ്പാനുണ്ടെന്ന് കാണിച്ചു് മഹാരാജാവിന്നു് ഒരെഴുത്തു് എഴുതി. അക്കാലത്തു മന്ത്രി അച്ചൻെറ താമസം അധികവും ചേന്ദമംഗലത്തായിരുന്നു. ഇന്നും പാലിയത്തച്ചന്മാരുടെ കേന്ദ്രവും ചേന്ദമംഗലമാണല്ലോ. മന്ത്രിയുടെ എഴുത്തു കിട്ടിയപ്പോൾ പണിക്കരോട് വിവരം പറഞ്ഞു. ശുദ്ധനായ മഹാരാജാവിന്നു് അതിൻെറ ഉൾപ്പോര് ഓടിയില്ല. എന്നാൽ പണിക്കർക്ക് കാര്യം മനസ്സിലായി. പണിക്കർ മഹാരാജാവിൻെറ മുമ്പാകെ ഉണർത്തിച്ചു "അടിയൻ പോകുന്നില്ല, പോയാൽ തിരിച്ചുവരാൻ സാധിക്കയില്ലെന്ന് ഒരു ശങ്ക."

മഹാരാജാവ്—ഹേയ്! അതെന്താ പണിക്കരെ! ത്ര പേടി. ഒന്നും വരാനില്ല. പാലിയത്തെ മേനവന്ന് വല്ല അടിയന്തരകാര്യവും പറയാനുണ്ടാവും. എന്താത്ര പരിഭ്രമം. പോയി വരൂ.

പണിക്കർ—അച്ചൻ അടിയനെ നല്ലതിനല്ല വിളിക്കുന്നതു്. ഏതായാലും തിരുവായയ്ക്കു എതിർവായില്ലല്ലൊ. അടിയൻ ചെന്നുപോരാം. അച്ചന് അടിയനോട് പ

ലതിനും വൈരത്തിന്നു് കാരണമുണ്ടു്! തിപ്പെട്ട തിരു മനസ്സിലെ പല കല്പനകളും അടിയൻ നടത്തീട്ടുണ്ടു്. ഈ കല്പനയും അടിയൻ അനുസരിക്കാം. ഇതു് അവ സാനത്തെ യാത്രപറയലായിരിക്കും. അടിയന്നു് അങ്ങി നെയാ തോന്നുന്നതു്.

മഹാരാജാവു്—ഹേയ്. അങ്ങിനെ ഒന്നും വരാനില്ല. പോ യി വരണം.

പണിക്കർ "കല്പനപോലെ." എന്നു പറഞ്ഞു മഹാ രാജാവിനെ തൊഴുതു വന്ദിച്ചു് പിരിഞ്ഞു.

പണിക്കർ ചേന്ദമംഗലത്തു എത്തിയതിന്നു മാത്രം റിക്കാർഡുകൾ ഉണ്ടു്. അനന്തരസംഭവങ്ങളെപ്പററിയോ പണിക്കരെപ്പററിയൊ യാതോരു വിവരവുമില്ല.

അച്ചൻെറ ആൾക്കാർ പണിക്കരെ തല്ലിക്കൊന്നോ ജീവനോടുകൂടി പുഴയിൽകെട്ടി താഴ്ത്തുകയോയാണുണ്ടായ തെന്നാണു് ജനശ്രുതി. ഏതായാലും പണിക്കരെപ്പററി പി ന്നീടു് യാതൊരു വിവരവും ഇന്നുവരെ ലഭിച്ചിട്ടില്ല. അധി കാരദുർമ്മോഹികൾ എതിരാളികളെ നശിപ്പിക്കാൻ വേ ണ്ടി എന്തുതന്നെ ചെയ്യില്ല.

തൻെറ യജമാനൻെറ കല്പന നടത്താൻവേണ്ടി പ ണിക്കർ പലരേയും വെട്ടിക്കൊല്ലുകയും കിഴമനച്ചാലിൽ താ ഴ്ത്തുകയും ചെയ്തതിൻെറ തിരിച്ചടിയായിരിക്കാം പണിക്കരു ക്കു് ഈ അനുഭവം ഉണ്ടായതു്. അല്ലെങ്കിൽ, ധീരനും യോഗ്യനുമായ ഒരാൾക്കു് ഇങ്ങിനെ ഒരു ദുര്യോഗം വരേണ മെന്നില്ലല്ലൊ. അതു് അദ്ദേഹത്തിൻെറ ഒരു വിധിയായി രിക്കുമെന്നു നമുക്കു സമാധാനിക്കുക.

# വിളക്കണയുന്നു

981 കന്നി 13—ാംനു-

**അന്ന്** കൊച്ചിരാജ്യചരിത്രത്തിൽ ഒരത്യാഹിതം കുറിക്കുന്ന ദിവസമായിരുന്നു.

പകൽ കഴിഞ്ഞു. പ്രദോഷമാകാറായപ്പോഴയ്ക്കും പ്രഭാതസൂര്യന്റെ കനകാഭയാർന്നകിരണങ്ങൾ കനലാഭയാർന്നു കെട്ടണയാറായി. രാഗമോഹനമാർന്ന ആ ബാലഭാസ്കരന്റെ തിരുമുഖം വിദ്വേഷത്തിന്റെ തുടുപ്പാർന്ന ഒരു വൃദ്ധന്റെ മുഖംപോലെ ചരമാബ്ധിയിൽ ആണ്ടുതുടങ്ങി. ആപത്തിന്റെ മുന്നറിയിപ്പ് എന്നപോലെ അംബരം രക്താംബരധാരിയായി. ദുഃഖത്തിന്റെ കൊടിക്കൂറകളെന്നപോലെ അവിടവിടെ ചില കാർമേഘശകലങ്ങൾ അരിച്ചുകൊണ്ടിരുന്നു.

തൃശ്ശൂർ വടക്കേ കോവിലകത്ത് ശക്തൻതമ്പുരാൻ തിരുമേനി ശീലായ്മയിൽ കിടപ്പാണ്. ഇന്നേയ്ക്കു നാലഞ്ചു ദിവസമായി അദ്ദേഹം ഈ കിടപ്പിൽ കിടക്കുന്നു. രാജ്യമൊട്ടുക്ക് അദ്ദേഹത്തിന്റെ ശിലായ്മയുടെ വത്തമാനം അറിഞ്ഞുകഴിഞ്ഞിട്ടുണ്ട്. ഉദ്യോഗസ്ഥവൃന്ദങ്ങളും ആത്മമിത്രങ്ങളും കോവിലകത്തിന്ന് അകത്തും പുറത്തുമായി വിഷാദാത്മാക്കളായി അങ്ങിനെ നടക്കുകയാണ്. കോവിലകത്തെ പ്രധാനവൈദ്യനും മററു ചില ഭിഷഗ്വരന്മാരും തമ്പുരാന്റെ കിടപ്പുമുറിയിൽനിന്ന് പരിഭ്രാന്തചിത്തരായി

പുറത്തുവരികയും അകത്തു് കടക്കുകയും ചെയ്യുന്നുണ്ടു്. അക്ഷമരായി പുറത്തുനില്ക്കുന്ന പൌരാവലി അവരോടു് തമ്പുരാൻെറ ശീലായ്മയെപ്പററി കണ്ണുകൊണ്ടു് പലതും ചോദിക്കുന്നുണ്ടു്. വൈദ്യന്മാരുടെ മൌനമായ മറുപടി പ്രഷ്ടാക്കളെ നിരാശരാക്കുകയാണു്. ആകപ്പാടെ ദുഃഖത്തിൻെറ ഒരന്തരീക്ഷം അവിടെ ശ്വാസമടക്കി അങ്ങിനെ നടക്കുകയാണു്.

തമ്പുരാനു് ശീലായ്മതുടങ്ങിയ അന്നുമുതല്ക്കുതന്നെ അശോകപുരക്ഷേത്രത്തിലും, വടക്കുന്നാഥക്ഷേത്രത്തിലും പ്രത്യേകപൂജകളും സങ്കല്പങ്ങളും നടന്നുകൊണ്ടിരുന്നു. ഇന്നു പതിവുപോലെ സന്ധ്യയ്ക്കു അശോകപുരം ക്ഷേത്രത്തിൽ നിന്നു ശംഖനാദം മുഴങ്ങി. എന്നാൽ ഇന്നത്തെ ആ ശംഖനാദത്തിന്നു് ഒരു മധുരമുഴക്കമല്ല, അതിൽ നിന്നു് ക്രന്ദനത്തിൻെറ ഒരു പരപരത്വമാണു് പ്രതിദ്ധ്വനിച്ചിരുന്നതു്. ശ്രോതാക്കളിൽ അതൊരു ആശങ്കയുളവാക്കി. ഇന്നു മാളികമുകളിലേയ്ക്കുള്ള പ്രവേശനം നിയന്ത്രിച്ചിരിക്കയാണു്. ജാതിമതഭേദമെന്യേ ക്രിസ്ത്യാനികളും ഈഴവരുമടക്കമുള്ള ഒരു പൌരാവലി കോവിലകത്തിൻെറ മുററത്തു് അവിടവിടെയായി ചുററിപ്പററി നില്ക്കുകയാണു്. പള്ളിയറയിലേക്കു അത്യാവശ്യം വേണ്ടപ്പെട്ടവക്കും, വൈദ്യന്മാക്കും മാത്രമെ പ്രവേശനമുള്ളു. തറുടുത്തു്, ഭസ്മക്കുറികളും തൊട്ടു് ചില നമ്പൂതിരിദ്വിജന്മാർ പത്ഥ്യാനത്തിന്നുവേണ്ടി കോവണിച്ചുവട്ടിൽ കാത്തു് നില്ക്കുകയാണു്. ആകപ്പാടെ മൂകമായ ഒരന്തരീക്ഷത്തിൽക്കൂടെ നിശ്ശബ്ദതയുടെ നിമിഷങ്ങൾ ഞെങ്ങിഞെരുങ്ങി അങ്ങിനെ നീങ്ങുകയാണു്.

അശോകപുരം ക്ഷേത്രത്തിൽനിന്ന ശാന്തിക്കാരൻ വെള്ളിക്കിണ്ടിയിൽ തീൎത്ഥവും പ്രസാദവുമായി എത്തിക്കഴിഞ്ഞു. അദ്ദേഹമൊരുമിച്ചു മററു ചില ബ്രാഹ്മണശ്രേഷ്ഠന്മാരുമുണ്ടായിരുന്നു. തമ്പുരാനു തീൎത്ഥവും പ്രസാദവും നല്കി അവർ തിരിച്ചുപോന്നു. തമ്പുരാൻെറ തലയ്ക്കൽ എരിഞ്ഞുകൊണ്ടിരിക്കുന്ന ആ നിലവിളക്കിലെ നാളം ഇടയ്ക്ക് ഒന്ന് ആളിക്കത്തും. അതിൽനിന്ന് ഒന്നുരണ്ടു തീപ്പൊരികൾ താഴെവീണ് അണഞ്ഞുപോകും. വിളക്കിൻെറ ആളിച്ചയിൽ അഴലിൻെറ നീണ്ടുനീണ്ട നിഴലുകൾ പള്ളിയറയിലെ ഭിത്തികളിൽ നിഴലിയ്ക്കും. പണിക്കർ കപ്പിത്താനും, രാജ്യതന്ത്രവിശാരദനായ രാമ്രമേനവനും, ഇളയതമ്പുരാൻെറ കാൎയ്യസ്ഥൻ ചെറുപറമ്പിൽ കുഞ്ഞികൃഷ്ണമേനവനും, തെയ്യ്ക്കാട്ടു പഴയമൂസ്സും, മാത്തൂത്തരകനും, സൎവ്വാധികാൎയ്യക്കാരും മററും മാത്രമെ ഇപ്പോൾ പള്ളിയറയ്ക്കുള്ളിൽ നില്പുള്ളു. അവർ അക്ഷമരും പരിഭ്രാന്തരുമാണ്.

പള്ളിയറയുടെ പടിഞ്ഞാറെ ജനവാതിൽ തുറന്നുകിടന്നിരുന്നു. അതിൽക്കൂടെ ഒരു കുളിക്കാററ് അകത്തുപ്രവേശിച്ചു. മുറിയിൽ ഒന്നു പരുങ്ങി നടന്നു. നിലവിളക്കിലെ തീനാളത്തെ ഒന്നുമ്മവെച്ചു. ചുംബനത്തിൻെറ വികാരത്തിൽ അതൊന്നാളിക്കത്തി. അണഞ്ഞു—“അയ്യോ! വിളക്കണഞ്ഞുപോയല്ലൊ” കപ്പിത്താൻ അറിയാതെ പറഞ്ഞുപോയി. അതുവരെ ചെരിഞ്ഞുകിടന്നിരുന്ന തമ്പുരാൻ ഒന്നു മലൎന്നുനിവൎന്നു കിടന്നു. പെരുവിരൽ മുതൽ ശിരോരോമംവരെ ചലിക്കുമാറ് ഒരു ചലനം. നേരിയ

ഒരു ശ്വാസം!!......നയനങ്ങൾ അടഞ്ഞു—! അതെ, അക്രമിപ്പരിഷകൾക്കു ദുസ്സഹങ്ങളായിരുന്ന അവിടത്തെ നയനഗോളങ്ങൾ എന്നന്നേയ്ക്കുമായി അടഞ്ഞു. കൊച്ചിരാജ്യത്തിൻെറ ഭാഗ്യസൂർയ്യൻ അസ്തപർവ്വതഗഹ്വരത്തിൽ നിദ്രപ്രാപിച്ചു. മാടഭൂമിയിലെ മാലോകരുടെ മാർത്താണ്ഡവർമ്മൻ ചരമാബ്ധിയിൽ മറഞ്ഞിരിക്കയാണു്. ഒരു മുപ്പത്താറുകൊല്ലത്തോളം കൊച്ചിരാജ്യക്കാരുടെ പ്രത്യക്ഷദൈവമായി അവരുടെ യോഗക്ഷേമങ്ങളെ കാത്തു്, സംരക്ഷിച്ചു് നിലനിർത്തി പോന്നിരുന്ന ആ രാമവർമ്മത്തമ്പുരാൻ അപരനാമധേയത്താൽ അറിയപ്പെടുന്ന ശക്തൻതമ്പുരാൻ "തീപ്പെട്ടു."

കുറച്ചുനിമിഷങ്ങൾകൊണ്ടു് ഈ വാർത്ത തൃശ്ശൂർനഗരം മുഴുവനും കർണ്ണാകർണ്ണികയായി പരന്നു. കദനത്തിൻെറ കനംകൂടിയ ഈ വാർത്ത കേട്ടവരെല്ലാം കണ്ണീരു വാർത്തു സ്തബ്ധരായിനിന്നു. അമിതമായ ഈ അത്യാഹിതം ആളുകളെ അനങ്ങുവാൻ വയ്യാതെയാക്കി. കേട്ടവരെല്ലാം കോവിലകത്തേയ്ക്കു പാഞ്ഞുതുടങ്ങി. നമ്പൂതിരിയും നായരും ക്രിസ്ത്യാനിയും ഈഴവനും പട്ടാണികളും പട്ടന്മാരും തുടങ്ങി ജാതിമതവ്യത്യാസമെന്യേ ഒരു വമ്പിച്ച പുരുഷാരം കോവിലകത്തു് തടിച്ചുകൂടി. ഏതോ അവാച്യമായ ഒരു സ്നേഹബഹുമാനമാണു് അവരെ അങ്ങോട്ടു് ആകർഷിച്ചതു്. പൂഴിയിട്ടാൽ ചോരാത്ത ഒരു പുരുഷാരം അവിടെ കൂടിയിരിക്കുന്നു. എന്നാലും സൂചിവീണാൽക്കൂടി ഭയങ്കരമായ ശബ്ദം പുറപ്പെടുവിപ്പിക്കത്തക്ക ഒരു നിശ്ശബ്ദതയാണു് അ

വിടെ നിഴലിക്കുന്നതു്. അതെ, അഴലിൻെറ അന്തരീക്ഷ ത്തിൽ അടങ്ങാത്ത കദനത്തിൻെറ ആഴമേറിയ നിശ്വാ സങ്ങൾ അങ്ങിനെ ഉയൎന്നു.

വേണ്ടപ്പെട്ട ബന്ധുക്കളും മററുദ്യോഗസ്ഥന്മാരും എ ത്തിച്ചേൎന്നതിൽപ്പിന്നെ രാജകീയമായ ആഡംബരങ്ങളോ ടുകൂടി ആ മഹാൻെറ മൃതദേഹം കോവിലകത്തെ തെക്കേ പ്പുറമ്പിൽ സംസ്കരിക്കപ്പെട്ടു. സംസ്കാരത്തിന്നുവേണ്ടുന്ന ചന്ദനമുട്ടി, രാമച്ചം, കർപ്പൂരം തുടങ്ങിയ സുഗന്ധവസ്തു ക്കളെല്ലാം തൃശ്ശൂർ അങ്ങാടിയിലെ വൎത്തകപ്രമാണികളായ ക്രിസ്ത്യാനികളുടെ സംഭാവനയായിരുന്നു എന്നു് പ്രത്യേകം പ്രസ്താവ്യമാണു്.

ആചാരമുറപ്രകാരം ഇളയതമ്പുരാൻ ചിതയിൽ അ ഗ്നി നിക്ഷേപിച്ചു. തീ കുറേശ്ശക്കുറേശ്ശയായി പിടിച്ചു് ആ ളിക്കത്തുവാൻ തുടങ്ങി. നീണ്ടുനീണ്ടു് ആകാശത്തോളം ഉയൎന്നുപോകുന്ന ആ തീനാളം, മഹാനായ ഒരു രാജാ വിൻെറ പാവനമായ ഒരാത്മാവിന്നു് ഭൂമിയിൽനിന്നു് സ്വ ൎഗ്ഗത്തിലേക്കുള്ള ഒരു തീൎത്ഥയാത്രയിൽ വഴിയുകൂ വീരാളിപ്പ ട്ടു് വിരിച്ചിരിക്കയാണോ എന്നു് തോന്നിച്ചിരുന്നു! അങ്ങി നെ കുറച്ചുനേരം. പിന്നെ എല്ലാം കത്തി അണയാറായ പ്പോൾ, എല്ലാവരും അന്ത്യനമസ്കാരംചെയ്തു തിരിച്ചുപോ ന്നു. പണിക്കർകപ്പിത്താനും എളയതമ്പുരാനും സാഷ്ടാ ംഗനമസ്കാരം ചെയ്തു തിരിഞ്ഞുനടന്നു.

* * * *

തൃശ്ശൂർ കോവിലകത്തിൻെറ തെക്കേപ്പുറമ്പിൽ ഒരു ചെറിയ ശവകല്ലറകാണാം. ഇന്ന് അവിടെ സന്ധ്യക്കു നിത്യേന വിളക്കുവെപ്പുണ്ട്. ആ ശവകല്ലറയ്ക്കു ടാജ മഹൽപോലെ കലാപരമായ പ്രാധാന്യമൊന്നും ഇല്ലെങ്കിലും ഇതിനകത്ത് കൂടികിടക്കുന്ന ചാമ്പലിൽ പ്രജാവാത്സല്യത്തിൻെറ സ്ഫുലിംഗങ്ങൾ ഇന്നും കെട്ടണയാതെ കിടപ്പുണ്ട്. ശക്തൻതമ്പുരാൻെറ സ്മാരകമായി ഇന്ന് കൊച്ചിരാജ്യത്ത് ആ ശവകല്ലറയല്ലാതെ മറെറാന്നുമില്ല. എന്നാൽ മഹാന്മാക്കു സ്മാരകങ്ങൾ ഒന്നും ആവശ്യമില്ലല്ലൊ. അവരോടുള്ള സ്നേഹാദരവ് ഒന്നുമാത്രമാണ് അവരുടെ സ്മാരകങ്ങൾ. അത് ആചന്ദ്രതാരം നിലനില്ക്കുകയും ചെയ്യും. ശക്തൻ തമ്പുരാൻ മരിച്ചിട്ട് ഇന്നേക്കു 145 കൊല്ലം കഴിഞ്ഞു എങ്കിലും കൊച്ചിരാജ്യത്തിലെ പ്രജകളുടെ ഹൃദയങ്ങളിൽ അദ്ദേഹം ഇന്നും ജീവിച്ചിരിപ്പുണ്ട്.—അപ്പോൾ ശക്തൻ തമ്പുരാൻ മരിച്ചിട്ടില്ലല്ലൊ !!

സമാപ്തം

**KOTTAYAM PUBLIC LIBRARY**
KOTTAYAM.
Cl. No. MF2 Acc. No. 13610
This book should be returned on or before the date last stamped below.

21 APR 1987
15 JUL 1993
12 JUL 1998
20 JUL 1998
28 SEP 1998
17 SEP 2002
15 AUG 2017

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF2
Ram-5

13610

രാമവാരിയർ. പി. വി.

ശക്തൻ തമ്പുരാൻ